# ഞാറയ്ക്കൽ ശങ്കൂരിക്കൽ

## കുടുംബചരിത്രം

## St Thomas Christians and the Sankoorikal Family History 2020



*ഞാറയ്ക്കൽ ശങ്കൂരിക്കൽ കുടുംബത്തിന്റെ 230 വർഷം പഴക്കമുള്ള ഇന്നും കാത്തുസൂക്ഷിക്കുന്ന പുരാതന തറവാട്*

# Sankoorikal Kudumbacharitham
**(Sankoorikal Family History)**

Published by:- President, Sankoorikal Family Union
Narakal, Ernakulam.
Mob: 9947383973

**Compiled By:-** **1) Joy Paul**
**2) George Kuruvila**
**3) Dr. Jose Paul**

Printed at:- Aavishkar Media

Published on:- 05/01/2020

Copy Available:- President
Sankoorikal Family Union
Narakal, Ernakulam.
Ph: 9947383973
e-mail: sankoorikalfamily@gmail.com
web: www.sankoorikal.com

All rights to the content are reserved and no part of this publication may be reproduced in any manner without the written permission of the publisher. This book belongs to the members of the Sankoorikal Family, Narakal. Every possible effort has been made to ensure that the information contained in this book is accurate at the time of going to press. The Compiler/Editorial Board/Publisher cannot accept responsibility for any error or omissions.

Private circulation only. Not for Sale



ഏതൊരു സിദ്ധന്റെ സാത്വിക തേജസ്സാൽ പ്രചോദിതരായി
നാം സുവിശേഷ വെളിച്ചത്തിൽ പ്രശോഭിക്കുന്നുവോ,
ഏതൊരു ത്യാഗിവര്യന്റെ സ്വാർത്ഥപരിത്യാഗത്താൽ
നാം സ്വർഗ്ഗസ്ഥപിതാവിന്റെ വാത്സല്യമക്കൾ ആയിരിക്കുന്നുവോ,
ഏതൊരു മഹാത്മാവിന്റെ ഉപദേശത്താൽ
നാം ക്രിസ്തീയ അന്തരീക്ഷത്തിൽ വിഹരിക്കുന്നുവോ,
ഏതൊരു യോഗീശ്വരന്റെ രക്തം നമുക്ക് കാവൽനിൽക്കുന്നുവോ,
ആ മഹാത്മാവിനെ യേശുക്രിസ്തുവിന്റെ അപ്പസ്തോലനായ
വി. തോമാശ്ലീഹാ എന്ന് ഞങ്ങൾ വിളിക്കുന്നു.

ഞങ്ങളുടെ അമ്മയായ തിരുസഭയുടെ
പ്രബോധനമനുസരിച്ച് ഭാരത അപ്പസ്തോലനായ
വി. തോമാശ്ലീഹായിൽ ഞങ്ങൾ വിശ്വസിക്കുന്നു.



# His Holiness Pope Francis

**George Cardinal Alencherry**
**Major Archbishop**
**Syro-Malabar Church**



Prot. No. 1651/2019 5 November 2019

**MESSAGE**

I am delighted to know that a book is being published on the history of *Sankoorikal* family with the title *St. Thomas Christians and the Sankoorikal Family.* I appreciate the ardent interest in affirming the historical antecedents of this family which draws its Christian origin from the missionary work of St. Thomas the Apostle. Sankoorikal family is blessed with many fruitful vocations and many personalities who served the Church and the society. A deep and respectful awareness of the great ancestors, their achievements, the values and goals they upheld, the faith they lived and the legacy they left behind are of great significance to the present generation.

This book is more than a family history as it is evident from the title itself. The first part of the book contains informative and well studied articles on St. Thomas in the Bible, his arrival in Kerala, the cultural background of Kerala on the arrival of St. Thomas, the missionary works of St. Thomas and his martyrdom. The roots of the Sankoorikal family are carefully and accurately traced using the available historical analytical tools. I do appreciate the author Mr. Sijo Kalayanthani and the diligent efforts of Dr. Jose Paul Sankoorikal, the Chairman of the Committee for the preparation of the book of family history.

Since the Sankoorikal family members are spread in different continents, the publication of this book will help them to become more aware of their identity. Recorded history is a precious treasure to be preserved with utmost care. I hope that this book will be valuable source information of the past, inspiration for the future and a channel of blessing for many to consider their Christian faith as something precious to be well protected and nourished.

I convey my hearty felicitations to the Sankoorikal family. May the Lord bless all of you and all your undertakings for the Glory of God and for the good of the society!

+ George Alencherry
George Cardinal Alencherry
Major Archbishop of the Syro-Malabar Church

MAR GEORGE ALENCHERRY • MAJOR ARCHBISHOP OF THE SYRO-MALABAR CHURCH

# ARCHBISHOP ANTONY KARIYIL

**Vicar of the Major Archbishop for the Archeparchy of Ernakulam-Angamaly**

Major Archbishop's House, Ernakulam, P.B.No.2580, Kochi-682031, Kerala, INDIA.
Tel:+91-484-2352629, 2352906 & 2363664. Mob:+91-9388002800.
Email:antonykariyilcmi@gmail.com.Web: www.ernakulamarchdiocese.org


R3B/2019/2905

November 01, 2019

## MESSAGE

When I went through the book Sankoorikal *Family History*, written by Mr. Sijo Kalayanthani, I remembered the meaningful words of Madeleine L'Engle. She says: "If you don't recount your family history, it will be lost. Honor your own stories and tell them too. The tales may not seem very important, but they are what binds families and makes each of us who we are." I hope the Sankoorikal family history is also one among such inspired works that narrates the history of their ancient family stories in view of the future generations.

We all know that nobody is an Island and everybody lives in the shade of a family and it plays a definite role in molding one's personality. As basic unit of the society, family contributes to the development of the society as well. If we know the history of our family, we would with no doubt, salute our forefathers who have shed a lot of blood, sweat and tears for our well-being that we enjoy today.

I understand that all who have contributed to make this book a reality deserve our appreciation. At this juncture, I congratulate primarily, Dr. Jose Paul for his timely guidance and suggestion to the Sankoorikal family union members, for preparing a comprehensive history of their family. I wholeheartedly congratulate all Sankoorikal family union members, those who have well understood the priority of this fact and given their unanimous assent for promoting this work. The author of this book also merits outstanding appreciation to his credit as he had compiled, the family history based on the available sources at his end.

An unknown poet once wrote the following remarkable lines denoting those who dedicate to revive their own ancient family history. He writes: "we are the chosen one. In each family there is one who seems called to find the ancestors. To put flush on their bones and make them live again, to tell the family story and to feel that somehow they know and approve. Doing genealogy is not a cold gathering of facts, but instead, breathing life into all who have gone before…"

I pray and wish that all those who read this family history book may have appreciation for their own family and their ancestors. It may help them live a meaningful life today based on their true identity, being a member of an ancient family like Sankoorikal. The study of their family history may help them live an exemplary life after the model of their ancestors. In this sense, this book is really remarkable to show the power of family history. I invoke God's abundant blessings to all members of Sankorikal family union.



**Archbishop Mar Antony Kariyil**
Vicar of the Major Archbishop for the
Archeparchy of Ernakulam-Angamaly

## SACRED HEART MINOR SEMINARY

THRIKKAKARA, KOCHI - 682 021
KERALA, INDIA
Website:www. shminorseminary.com

### ആശംസ

1976-ൽ Alex Haley പ്രസിദ്ധീകരിച്ച "Roots: The Saga of an American Family" കുടുംബചരിത്രം രചിക്കുന്നവർക്ക് ഒരു പാഠപുസ്തകമാണ്. 18-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന Kunta Kinte എന്ന ഒരു ആഫ്രിക്കക്കാരന്റെ ജീവിതകഥ മുതൽ ഗ്രന്ഥകർത്താവായ Alex വരെയുള്ള ഏഴു തലമുറകളുടെ ചരിത്രമാണ് അതിൽ അനാവരണം ചെയ്തിരിക്കുന്നത്. വാമൊഴിയായി ലഭിച്ച വിവരങ്ങളെ ചരിത്രരേഖകളുമായി ഒത്തുനോക്കുന്നതിന് Alex അശ്രാന്ത പരിശ്രമം നടത്തുകയുണ്ടായി. മൂന്നു ഭൂഖണ്ഡങ്ങളിലെ അമ്പതോളം ലൈബ്രറികളും പുരാരേഖാലയങ്ങളും പരിശോധിച്ചതിനുശേഷമാണ് "Roots" പ്രസിദ്ധീകരിച്ചത്.

ഇതുവരെ ലഭിച്ച അറിവുകളുടെ വെളിച്ചത്തിൽ, സമാനമായ ശ്രമമാണ് ഡോ. ജോസ് പോൾ, ശ്രീ സിജോ കലയന്താനിയുടെ സഹായത്തോടെ "ശങ്കൂരിക്കൽ കുടുംബചരിത്രം" പ്രസിദ്ധീകരിക്കുന്നതിൽ പ്രദർശിപ്പിച്ചിരിക്കുന്നത്. വാമൊഴിയായി ലഭിച്ച വിവരങ്ങളുടെയും ലഭ്യമായ രേഖകളുടെയും അടിസ്ഥാനത്തിൽ ചരിത്രമെഴുതുമ്പോൾ ചില കുറവുകൾ ഉണ്ടാകുക സ്വാഭാവികമാണ്. അവ ഏവയെന്നു തിട്ടപ്പെടുത്തുക എളുപ്പവുമല്ല.

ചരിത്രപഠനം എപ്പോഴും പ്രബോധനപരമാണ്. കുടുംബചരിത്രത്തിൽ, മുൻതലമുറകളിൽനിന്ന് പിൻതലമുറകൾ പഠിക്കേണ്ട പലതും കണ്ടെത്താനാകും. അവ മൂല്യങ്ങളാകാം, സമൂഹത്തിനും രാജ്യത്തിനും നല്കിയ സംഭാവനകളാകാം. ക്രൈസ്തവകുടുംബങ്ങളുടെ ചരിത്രമാകുമ്പോൾ, അവ ഇടവകയ്ക്കും സഭയ്ക്കും നല്കിയ സേവനങ്ങളുമാകാം. മല്പാൻ ഗീവർഗീസ് ശങ്കൂരിക്കൽ ഗോവർണദോറായി സഭാശുശ്രൂഷ നിർവ്വഹിച്ചത് ഒരുദാഹരണമാണ്. 'നീ ആരാണ്?', 'നീ എവിടെ നിന്നു വരുന്നു?' എന്നറിയാൻ സഹായിക്കുന്നു കുടുംബചരിത്രരചനകൾ. ശങ്കൂരിക്കൽ കുടുംബാംഗങ്ങളുടെ ക്രൈസ്തവവിശ്വാസയാത്ര കൂടുതൽ അർത്ഥപൂർണ്ണവും ഫലദായകവുമാക്കാൻ ഈ ഗ്രന്ഥം സഹായിക്കട്ടെ എന്നാശംസിക്കുന്നു. ഇതിന്റെ പിന്നിൽ പ്രവർത്തിച്ച എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ.

01 നവംബർ 2019



റവ. ഡോ. ആന്റണി നരികുളം
റെക്ടർ, മൈനർ സെമിനാരി
തൃക്കാക്കര

SACRED HEART MINOR SEMINARY, ARCHDIOCESE OF ERNAKULAM - ANGAMALY
Email: rector.shms@gmail.com Phone: 0484 - 2985532

# St. Joseph Pontifical Seminary

Mangalapuzha, P.B.No. 1, Aluva-683 102, Kerala, India
Tel: +91(0)484 2606745, 260 6746 Fax: +91(0)484 2604729
E-mail: mangalapuzhaseminary@gmail.com
www.mangalapuzha.org


08 November 2019

## Message

It is indeed gladdening to see that Sankoorikal Family Union brings out a succinct but revealing family history. It is unique of its sort for the fact that the first part of this work details the Apostolate of St Thomas in India with historical accuracy and cultural sensitivity. Sijo Kalayanthani, the author of this work and Dr. Jose Paul, Convener, History Committee, deserve our appreciation and acclaim. This work shows how earnestly the Sankoorikal Family Union has undertaken a laudable exercise of self-reflection in terms of its past, present and future.

Tracing the history of any Christian family equally means tracing the footsteps of faith-history. This volume illustrates this fact very well. The genealogy of Jesus Christ in the gospel of St Matthew and St Luke, though in two different orders, connects Jesus of Nazareth with God and his ancestors, both the bright figures and shady characters. As people living in a network of various relationships, also aided by fast bourgeoning communication media, it is important to place ourselves in good stead with our lineage which involves not only a genetic bond but also family affinity and friendships.

Attested by the faith-approach taken in this work, I can reasonably assume that by relishing the letter and spirit of this volume, Sankoorikal Family Union will tend to thrive on three theological virtues, namely, faith, hope and charity. This work will enable you to review the past which will be an exercise in enhancing your faith; it will help you to look forward which will heighten your hope; it will prompt you to look around which will motivate you to practice charity more heartily.

I wish that this work help you to cherish your prestigious past, bind you together in love in the present and move ahead serving the Church and the society better. Let us anchor ourselves on the one who remains the same and whose years never end (Ps 102: 27). All glory to Him for ever and ever Amen!



Fr. Mathew Illathuparampil

Rector



Our Patron

**Rev.Fr.Sebastian Sankoorikal**



## Rev. Fr. George Sankoorikal



Rev. Sr. Paschasia CHF



Rev. Sr. Dominus CHF



Rev. Sr. Annie Jose SABS



Rev. Sr. Rosily Sankoorikal FMM

*ഇപ്പോൾ സേവനരംഗത്തുള്ള നമ്മുടെ ബഹു. കന്യാസ്ത്രീകൾ*

# ഉള്ളടക്കം

Preface.......................................................................................Dr Jose Paul Sankoorikal

Foreword....................................................................................... Prof Dr K S Mathew

ആശംസ .......................................................................ശങ്കരപുരി മഹാകുടുംബയോഗം

ഈ ഗ്രന്ഥത്തെക്കുറിച്ച് ...................................................ഫാ. സെബാസ്റ്റ്യൻ ശങ്കൂരിക്കൽ

സന്ദേശം.......................................................................ജോയി പോൾ ശങ്കൂരിക്കൽ

എഴുത്തുപുരയിൽ നിന്ന് ..........................................................സിജോ കലയന്താനി

പേജ്

1. വിശ്വാസത്തിന്റെ പിതാവ് വിശുദ്ധ ബൈബിളിൽ.......................................................... 30

2. ഹൈന്ദവ സംസ്കാരം മാർ തോമാശ്ലീഹായെ കൈനീട്ടി സ്വീകരിക്കുന്നു................ 33

3. കേരള ചരിത്ര പശ്ചാത്തലം - ആദ്യ നൂറ്റാണ്ടുകളിൽ.................................................. 40

4. തോമാശ്ലീഹാ പാലയൂരിൽ-ശങ്കൂരിക്കൽ കുടുംബത്തിന്റെ ആരംഭം......................... 48

5. തോമാശ്ലീഹാ സ്ഥാപിച്ച ആദ്യ ഏഴ് ക്രിസ്തീയ സമൂഹങ്ങൾ.................................... 54

6. തോമാശ്ലീഹായുടെ രക്തസാക്ഷിത്വം.................................................................... 58

7. ശങ്കൂരിക്കൽ കുടുംബത്തിലെ ആദ്യ അംഗങ്ങൾ കുറവിലങ്ങാട്ടേയ്ക്ക്..................... 59

8. കുറവിലങ്ങാട് മർത്തമറിയം പള്ളി മേജർ ആർക്കിഎപ്പിസ്കോപ്പൽ
ആർച്ച്ഡീക്കൻ ദേവാലയം........................................................................................ 64

9. ശങ്കരപുരി കുടുംബശാഖകൾ........................................................................... 65

10. ഫ്രാൻസീസ് ബുക്കാനൻ കേരളത്തിലെ ക്രിസ്ത്യാനികളെക്കുറിച്ച്........................... 69

11. ശങ്കൂരിക്കൽ കുടുംബം കുറവിലങ്ങാട് നിന്നും ഞാറയ്ക്കലേയ്ക്ക്.......................... 72

12. ശങ്കൂരിക്കൽ കുടുംബം ചരിത്രവഴികളിൽ.............................................................. 73

13. ശങ്കൂരിക്കൽ കുടുംബത്തിലെ ആദ്യ പിതാവ് വറീത് എന്ന വർഗീസ്....................... 76

14. കുടുംബമഹത്വത്തിന്റെ കാരണഭൂതർ................................................................. 77

## ശങ്കൂരിക്കൽ കുടുംബത്തിലെ പൂർവ്വീകരുടെ വിശ്വാസ സങ്കേതം

*ഞാറയ്ക്കൽ സെന്റ് മേരീസ് പള്ളി സ്ഥാപിതം എ.ഡി.1451*



# ഞാറയ്ക്കൽ
# ശങ്കൂരിക്കൽ
## കുടുംബചരിത്രം

St Thomas Christians and
the Sankoorikal
Family History 2020

## ഭാഗം–1

കുടുംബവേരുകൾക്കായി നടത്തിയ അന്വേഷണങ്ങളുടെ നൈരന്തര്യവും ഗവേഷണ-നിരീക്ഷണങ്ങളുടെ അവധാനതയുമാണ് ഈ കുടുംബചരിത്ര ഗ്രന്ഥത്തെ അനന്യമാക്കുന്നത്.

ക്രൈസ്തവ ധർമ്മത്തെ ദേശാന്തരങ്ങളിലേക്ക് നടത്തിച്ച മാർത്തോമാ ശ്ലീഹായുടെ അസ്ഥിത്വവും ദിവ്യസാന്നിദ്ധ്യവും തൊട്ടറിഞ്ഞ ശങ്കൂരിക്കലിന്റെ പ്രപിതാമഹാന്മാരുടെ വിരൽപാടുകളും കാൽപാടുകളും ഈ ചരിത്ര താളുകളിലൂടെ ഓരോ വായനക്കാരനും അനുഭവിച്ചറിയാം

# ശങ്കൂരിക്കൽ കുടുംബത്തിലെ പൂർവ്വസൂരികളുടെ വിശ്വാസവഴിയിലെ പുണ്യസങ്കേതങ്ങൾ



*പാലയൂർ സെന്റ് തോമസ് ഫൊറോന പള്ളി (സ്ഥാപിതം എ.ഡി.52)*



*എ. ഡി. 105-ൽ സ്ഥാപിതമായ കുറവിലങ്ങാട് ദേവമാതാ ഫൊറോന പള്ളി*

# SANKOORIKAL KUDUMBACHARITHRAM
# EXECUTIVE COMMITTEE



**Rev. Fr. Sebastian Sankoorikal**
**Patron**



**Dr Jose Paul**
**Convenor**



**Mary Jose**
**Executive Commitee**



**Joseph (Jose) S.S.**
**Executive Commitee**



**Saju S.J.**
**Executive Commitee**

# EXECUTIVE COMMITTEE
# SANKOORIKAL FAMILY UNION NARAKAL 2019-20



**Joy Paul**
President



**Davis S.J.**
Vice President



**Mary Jose**
Secretary



**Saju S.J.**
Treasurer



**George Kuruvila**
Executive Committee



**Ittoop Kuruvila**
Executive Committee



**Joy Jacob**
Auditor



**Antony S.P.**
Executive Committee



**Antony S.S.**
Executive Committee



**Paul George**
Executive Committee



**Sunny Kuruvila**
Executive Committee



**Liza Antony**
Executive Committee



**Tinsy Antony**
Executive Committee

## PRINCIPAL OFFICE BEARERS OF SANKOORIKAL FAMILY UNION FROM 1985

| Year | President | Secretary | Treasurer |
|---|---|---|---|
| 1986 | Late Mr. S.K.Sanslavos | Late Mr. S.P. Jose | S.V.Joseph |
| 1987 | Late Mr. S.K.Sanslavos | Late Mr. S.P. Jose | S.V.Joseph |
| 1988 | S.V.Joseph (S.A) | S.V.joseph | Late Mr. S.P.Jose |
| 1989 | S.V.joseph | Late Mrs. Annie Ittoop | S.S.Jose |
| 1990 | S.V.Joseph | Late Mrs. Annie Ittoop | S.S.Jose |
| 1991 | S.S.jose | Late Mrs. Annie Ittoop | S.V.Joseph |
| 1992 | S.S.jose | Late Mrs. Annie Ittoop | S.V.Joseph |
| 1993 | Late Mr. S.P.Jose | Late Mrs. Annie Ittoop | S.V.Joseph |
| 1994 | Late Mr. S.S.Antony | Late Mrs. Annie Ittoop | S.V.Joseph |
| 1995 | S.V.joseph | Late Mrs. Annie Ittoop | Late Mr. S.I.Sebastian |
| 1996 | S.V.joseph | Margret Antony | S.S.Jose |
| 1997 | S.V.Joseph | S.J.Davis | S.S.Jose |
| 1998 | S.V.Joseph | S.J.Davis | S.S.Jose |
| 1999 | S.VJoseph | S.J.Davis | S.S.Jose |
| 2000 | S.V.Joseph | S.J.Davis | S.S.Jose |
| 2001 | S.V.Joseph | S.J.Davis | S.S.Jose |
| 2002 | S.V.Joseph | S.J.Davis | S.S.Jose |
| 2003 | S.V.Joseph | S.J.Davis | S.S.Jose |
| 2004 | S.V.Joseph | S.J.Davis | S.S.Jose |
| 2005 | S.V.Joseph | S.J.Davis | S.S.Jose |
| 2006 | S.V.Joseph | S.J.Davis | S.S.Jose |
| 2007 | S.V.Joseph | S.J.davis | S.S.Jose |
| 2008 | S.V.Joseph | Mary Jose | S.S.Jose |
| 2009 | S.V.Joseph | Mary Jose | S.S.Jose |
| 2010 | S.V.Joseph | Mary Jose | S.S.Jose |
| 2011 | S.V.Joseph | Mary Jose | S.S.Jose |
| 2012 | S.V.Joseph | Mary Jose | S.S.Jose |
| 2013 | S.V.Joseph | Mary Jose | S.S.Jose |
| 2014 | S.S.Jose | Mary Jose | Saju Joseph |
| 2015 | S.S.Jose | Mary Jose | Saju Joseph |
| 2016 | S.S.Jose | Mary Jose | Saju Joseph |
| 2017 | S.S.Jose | Mary Jose | Saju Joseph |
| 2018 | Joy Paul | Mary Jose | Saju Joseph |
| 2019 | Joy Paul | Mary Jose | Saju Joseph |






## HISTOIRE de l'archiconfrérie

La Confrérie de l'Immaculée Conception, canoniquement établie au Sanctuaire de Notre-Dame de Lourdes par l'évêque de Tarbes, le 8 décembre 1872, a été érigée en Archiconfrérie par les Papes Pie IX, puis Léon XIII, d'abord pour la France, puis pour le monde entier. Saint Pie X lui a donné son titre, et l'a enrichie de faveurs spirituelles.

En l'Année sainte de la Miséricorde 2015-2016, Mgr Nicolas Brouwet, évêque de Tarbes et Lourdes, a voulu en faire un signe d'un plus grand engagement de tous (personnes, familles, communautés, sanctuaires, institutions) au service de la mission confiée par Marie à Bernadette de Lourdes, pour que l'Eglise se manifeste toujours plus comme « une oasis de miséricorde », offrant aux corps et aux cœurs blessés la source de la guérison et du pardon. Il s'agit de rendre toujours plus actuelle, en tous les milieux de vie, la grâce de l'apparition à la Grotte de Massabielle. Quatre ans après la proclamation du dogme de sa conception sans tache, la Mère de Dieu a ici révélé son nom à Bernadette, quand elle lui a dit, le 25 mars 1858 : « Je suis l'Immaculée Conception. »

Unies par les liens de la prière et de la charité, les personnes et institutions concernées permettront au « bruit comme un coup de vent » qui s'est fait entendre à Lourdes, le 11 février 1858, et à la lumière qui s'est alors manifestée, d'être perçues encore par le cœur de beaucoup.

## CERTIFICAT D'ADMISSION

à l'archiconfrérie de la Famile Notre-Dame de Lourdes

Nom / Prénom (de la personne ou de l'institution)
**SANKOORIKAL FAMILY MEMBERS**

Date et lieu du baptême (pour une personne)
**2019**

Ville / Pays ______________________

est admis, pour trois ans, comme membre de l'archiconfrérie, «Famille Notre-Dame de Lourdes», et a reçu le scapulaire bleu de Marie et Bernadette

À Lourdes, le ______________________

P. André Cabes

## LES MEMBRES de la famille auront à cœur :

- de bien faire le signe de la Croix et de prier chaque jour tout ou partie du Rosaire, spécialement pour les fêtes mariales et pour l'anniversaire des apparitions à la Grotte, en disant tous les jours leur « acte de confiance à Marie » ;
- d'offrir chaque jour un geste de pénitence et de joyeuse humilité pour les pécheurs ;
- de vivre, au moins une fois par mois si possible, le sacrement de la Réconciliation, et au moins chaque dimanche l'Eucharistie, en aimant adorer Jésus dans l'Hostie ;
- de participer à un groupe, une petite fraternité de vie chrétienne, au service de la mission de l'Eglise pour l'annonce de la Bonne Nouvelle, et de prier aux intentions du Pape ;
- de travailler au service des frères en pratiquant les œuvres de miséricorde, et en s'engageant, chacun suivant l'appel de l'Esprit, pour que ce monde soit transformé par la grâce de l'Evangile.

*ലൂർദ്ദിലെ പരിശുദ്ധകന്യകാമറിയത്തിന്റെ ദർശനസമൂഹത്തിൽ ഞാറയ്ക്കൽ ശങ്കൂരിക്കൽ കുടുംബാംഗങ്ങൾക്ക് ലഭിച്ച അംഗത്വ രേഖ*

# ശങ്കൂരിക്കലിൻ അരുണോദയം ...

കാലത്തിൻ ഗർഭഗൃഹത്തിൽ
കനിവി,ന്നാഴമൊളിപ്പിച്ചവൻ
അതിരുകൾ മായ്ച്ചും, പിന്നെ
ദിങ്ങ്മുഖങ്ങൾക്ക് വചനം പകർന്നും
ഗിരിനിരകളെ പാദത്താലളന്നും
സുവിശേഷത്തിൻ 'ഗലീലിയ'യെ
വരിച്ചവൻ വരിഷ്ഠൻ.

'മാർത്തോമാശ്ലീഹ' തൻ തൃക്കരങ്ങളാൽ
ജ്ഞാനസ്നാനത്തിൽ അഭിഷിക്തരായവർ
നക്ഷത്രം വഴികാട്ടിയ നൂറ്റാണ്ടിൻ
വെളിച്ചത്തിൽ വഴിനടപ്പവർ ഇവർ
ശങ്കൂരിക്കലിന്നുറ്റവർ....

തലമുറകൾക്കിപ്പുറം ശങ്കരപുരി
ശംഖൂരിയാ,യതു വിശ്വാസനഭസ്സിൽ
പുതുയുഗഗാഥ രചിക്കും ഇന്നിൻ
ശങ്കൂരിക്കലിന്നരുണോദയമായ്....

നല്ലിടയരും കുഞ്ഞാടുകളും
ഭ്രമണപഥത്തിൽ കോടി പ്രതിഭകളും
വംശവൃക്ഷത്തിൻ ചില്ലകൾ പൂക്കുന്നു ചിരം
പ്രൗഢം കുലീനം സൗമ്യോദാരം....

കുറവിലങ്ങാടിനും ഞാറക്കലിന്നുമിടയിൽ
ദൂരം കുറയുന്നു
ക്രിസ്തുവാമാകാശവിതാനത്തിൽ
പ്രേഷിതധർമ്മത്തിൻ പാദമുദ്രയുമായി
അങ്ങുദൂരെ ഗോവർണ്ണദോർ ഗീവർഗീസ്
ശങ്കൂരിക്കലിന്നജയ്യനാം തേരാളി....

*ജോയ് പോൾ*
*പ്രസിഡന്റ്, ശങ്കൂരിക്കൽ ഫാമിലി യൂണിയൻ, ഞാറക്കൽ*






*ശങ്കരപുരി മഹാകുടുംബയോഗം മെയ് 2018, കുറവിലങ്ങാട്*

Dr Jose Paul MA, PhD (Wales)
FBIM, FCIT (London)
Former Acting Chairman, J N Port, Mumbai, Former Chairman, Mormugao Port Trust, Goa
& Adjunct Professor of Maritime Studies, AMET University, Chennai

Res: Sankoorikal House, Madathil Lane, Thottakkattukara P.O., Aluva - 683 108. Kerala State, INDIA.
Tel: 0484 2603200, Cell: 944 650 1730 Email: drjospaul@rediffmail.com

# Preface



**O**n the occasion of the 30th Anniversary of the Sankoorikal Family Union which was held on 27 December 2015 at the Manjooran Centre in Narakkal I had made a suggestion to prepare a comprehensive history of the Sankoorikal family. The members of the family union unanimously agreed to accept this suggestion and formed a committee entrusting me with the responsibility as Convenor for preparing a family history on priority. Accordingly, I made an extensive search and selected Sri Sijo Kalayanthany, Thodupuzha for preparing the history of the Sankoorikal (or Sankarapuri) Family. Sri Kalayanthany has distinguished himself by writing and publishing 12 family history books and has thus proved his worth and credibility as an experienced person for preparing family history books. The work of preparing the family history was entrusted to him on 1st July 2016 in the presence of Fr Sebastian Sankoorikal, Patron, Mr S S Jose, former President of Sankoorikal family Union, Mrs. Mary Jose, Secretary and Mr Saju Joseph, Treasurer.

St Thomas Christians popularly known as Syrian Christians of Kerala believe that their forefathers got converted to Christianity by Apostle St Thomas who is believed to have visited the Malabar coast sometime in 52 AD Considering the flourishing sea borne trade that existed between the west coast of India and the Roman Empire, Francis Day, a Britisher in his book "*The land of the Perumals of Cochin- its past and present*" published in Madras in the year 1863 concluded that it was not improbable that in the company of some Roman merchants St Thomas, the Apostle visited India and the date generally given is 52 AD and spread the Christian faith in Kerala and Tamil Nadu. Francis Day further writes that St Jerome in the year 420 AD speaks of the mission of the St Thomas to India as a universally acknowledged fact. In the ninth century AD, Alfred the Great of England sent an emissary to the tomb of St. Thomas in Hindustan and Marco Polo, the Venetian traveller writing in 1292 AD makes mention of this tomb as then in existence.

Since its introduction in Kerala, the Christian faith though alien in its origin, came to be accepted as an indigenous faith and it made steady progress. The Ecumenical council held in Nicea in 325 AD at the instance of Emperor Constantine, was attended among others by Johannes who is

described as the Metropolitan of Persia and Great India. The number of Christians on the Kerala coast was reinforced in 345 AD by an influx of Syrian immigrants consisting of 400 Christians from 72 families belonging to seven tribes in Baghdad, Nineveh and Jerusalem under the leadership of the Merchant Kanai Thomma (Thomas of Kana). Cosmos Indicopleustus, (a merchant traveller who later became a Byzantine monk) wrote a Greek work on his Indian travels during the first half of sixth century AD and has testified to the existence of a Christian community in Kerala. K P Padmanabha Menon, in his authoritative book "*Cochin State History*" (in its second edition published in 1996, chapter 1, page 7) has stated that Christianity was brought to Kerala for the first time by the Apostle St Thomas who is reported to have reached Cranganore by a merchant ship in 52 AD.

Among the chief local sources are a few songs of which the *Thomas Rabban Pattu* (or *Rabban Pattu*) and *Margam Kali Pattu* are the best known. Many other songs associated with important churches and often used at wedding feasts and other ceremonies are still preserved in Kerala and some of them are being rendered by Hindu singers as well, for example the "*Veerandian Pattu*". It is likely that a few of these songs were taken from manuscripts handed down from family to family. (A M Mundadan-*History of Christianity in India* - Vol-1- page-36).

All the above mentioned vehicles of tradition were made available in the 16th Century to the inquisitive Portuguese who made ample use of these sources and wrote down their accounts in the form of letters, reports, depositions and well composed histories. Such accounts went on accumulating during the whole of the 16th century and well into the 17th century. They are today the richest, and perhaps, the earliest written sources of the Indian tradition on the apostolate and the tomb of St. Thomas (A M Mundadan-*History of Christianity in India* - Vol-1- page 36). Diogo Fernandes, who seems to be the main witness of the inquiry conducted by the Portuguese in 1533 into the existence of the tomb of St. Thomas in Mylapore and who spent many years in Mylapore from 1517 and had heard and seen many things concerning the Apostle and his tomb, stated that his testimony was based on the information he had gathered all those years from the old inhabitants of the locality: Brahmins as well as other learned people. They, on their part, got their information from their oral and written traditions, which they have in their ancient writings.

In a very recent International Seminar on "*St Thomas Christians through the Ages*" held in Mannanam, Kottayam District in Kerala from 30th January to 1st February 2018, Zachariah Mani Thattunkal (Former Chief Commissioner of Income Tax, Government of India) presented an important research paper on a first century AD Greek drama known after its heroine 'Charition', interpreting all the Indian words in that drama, including 79 Sanskrit words and 25 Malayalam words. He has discovered that the Indian location of the drama is a Kerala town called 'Malaalankara' (line 12 of the broken first column of Charition drama) near the ancient port of Muziris. He has most convincingly proved

that all the 32 Indian dialogues of the drama written in Greek script pertained only to a first century AD Christian worship in Kerala and that the only Apostle remembered during that worship is Apostle Thomas (Ref Dialogue No 66 of Charition Drama). This is an important study on a Greek papyrus document (listed as No 413 and preserved in the Bodleian Library at Oxford) and it lends complete credibility to the Apostolate of St Thomas in India. Many writers in support of the St. Thomas tradition had lamented that it would be impossible to get a first century record of St Thomas connection with the Christian Church of Kerala. But 'the impossible' document has arrived! Charition drama in Papyrus No.413 has most miraculously emerged from the ruins of an Egyptian city on the Nile to silence the voices of dissent on St. Thomas legacy of the Christians of Kerala. A University in Paris has already acclaimed T.Z. Mani's research on Charition drama as a revelation of new reliable information on St. Thomas Christian Church of Kerala of first century AD and on the religion, maritime activity, language and the urban culture of the people of Kerala of that period.

Family history books are indeed good sources of information because each family history book has been written after collecting locally relevant information on the origin and life of early St Thomas Christians. Such family history books are believed to have been supervised by educated persons in their respective families who would have taken pains to collect relevant information from various Indian and foreign sources. The fact that Mr Kalayanthany has quoted historical details from 135 family history books is in itself an eloquent testimony to the widespread coverage of the subject in the Kerala region.

This family history book is unique in the sense that its first part deals with the historical background of the apostolate of St Thomas, the facts and evidences collected in this regard which will serve as a source of important information to the present and future generation not only in India but also the world over. Part Two of the family history book deals with the personal details of family members living in India and abroad. If Syrian Christians of Kerala belonging to different Christian denominations can establish a Centre for Research in or around Cranganore (Maalyankara)-the place where St Thomas, the Apostle is believed to have landed, perhaps, it would be a fitting tribute to the memory of that great Apostle who is still revered and respected as one who brought the Christian faith and charity to millions of Christians living in India.

Let me now conclude my preface with a quotation from St Augustine.

**"Faith is to believe what you do not see; The reward for this faith is to see what you believe"**

St Augustine, Sermons (5th C. 43)

Dr Jose Paul



**IRISH**
**Institute for Research in Social Sciences and Humanities Recognized by Kannur University,& Indira Gandhi National Open University, New Delhi)**
Nirmalagiri P.O, Kannur Dt. Kerala. 670701.
www.irish-meshar.org

**Prof Dr K S Mathew**
Hon.Director
& Formerly Professor and
Head of the Department of History
Pondicherry Central University

## Foreword

It gives me great pleasure to pen a couple of sentences about the Sankoorikal (Narakal) Family History prepared by Mr Sijo Kalayanthany under the distinguished direction of Dr Jose Paul former Acting Chairman, Jawaharlal Nehru Port Trust, New Mumbai and former Chairman, Mormugao Port Trust and brought out by the Sankoorikal Kudumbayogam.

A number of such publications have been brought to the limelight in the recent past, large number of which tries to emphasize their links with the apostolate of St Thomas without any scientific and efficient attempt to buttress their claim. The author, in the first part of the work, has exhausted almost all the outputs of recent researches on the Indian apostolate of St Thomas including the discussions made in the International Seminar on St Thomas Christians through the Ages: A Historiographical Approach held in January 2018 at Mannanam. If history is to be understood as a 'continuous process of interaction between the historian and his facts, an unending dialogue between the present and the past' as defined by E H Carr, the work at hand can definitely claim to be a serious attempt to reconstruct the history of a group of families,- micro-history- contributing to macro-history based on historical facts.

As a result of strenuous efforts on the part of the author a host of details have been collected from various sources and brought out rather scientifically in this publication failing which important and rare pieces of information would have been lost for the posterity. Based on the facts presented in this work, further history of diverse aspects of social and economic life of the people of Kerala can be re-constructed with new interpretations. I take this opportunity to congratulate Mr Sijo Kalayanthany, Dr Jose Paul and the Sankoorikal Kudumbayogam as a whole for the laudable attempt.

K S Mathew

# ശങ്കരപുരി മഹാകുടുംബയോഗം
## കുറവിലങ്ങാട്, കോട്ടയം ജില്ല

**രക്ഷാധികാരി:**
പത്മഭൂഷൻ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ
വലിയ മെത്രാപ്പോലീത്ത





**പ്രസിഡന്റ്:**
പി എം ജോസഫ് പട്ടരുമഠം
ഫോൺ: 0482 22231751

**സെക്രട്ടറി:**
തോമസ് കണ്ണന്തറ
ഫോൺ: 9447208306

### ആശംസ

**ശ**ങ്കരപുരി മഹാകുടുംബയോഗത്തിന്റെ പ്രമുഖ കുടുംബശാഖകളിൽ പെടുന്ന ഞാറയ്ക്കൽ ശങ്കൂരിക്കൽ കുടുംബം കുടുംബചരിത്രഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ മഹാകുടുംബയോഗത്തിന്റെ അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു.

ദീർഘകാലത്തെ അന്വേഷണങ്ങൾക്കും പരിശ്രമങ്ങൾക്കും ശേഷം മാത്രമേ തെറ്റു കൂടാതെ കുടുംബചരിത്രം പ്രസിദ്ധീകരിക്കുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട്. കുടുംബചരിത്ര പ്രകാശനം മഹത്വമുള്ളതും ചരിത്ര സത്യത്തിലൂടെ സമൂഹത്തിന് നന്മ നല്കുന്നതുമാണ്.

കുടുംബം ദൈവിക ദാനവും ദൈവീക പദ്ധതിയുമാണ്. കുടുംബ ബന്ധങ്ങളും കുടുംബ മൂല്യങ്ങളും വെല്ലുവിളികൾ നേരിടുന്ന ഈ കാലഘട്ടത്തിൽ പരസ്പര സ്നേഹവും ഐക്യവും ആദരവും വിശ്വാസവും നിലനിർത്തി പ്രവർത്തിക്കുന്ന മാതൃകാ കുടുംബങ്ങൾ സമൂഹത്തിന്റെയും നാടിന്റെയും സമ്പത്താണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രശസ്തരും പ്രമുഖരും ഉൾപ്പെടുന്ന ശങ്കരപുരി മഹാകുടുംബയോഗത്തിന്റെ തുടർപ്രവർത്തനങ്ങൾക്ക് ഈ കുടുംബചരിത്രം കൂടുതൽ കരുത്തും ആർജ്ജവവും ദിശാബോധവും നല്കുമെന്ന് പ്രതീക്ഷിക്കുന്നു. ശങ്കൂരിക്കൽ കുടുംബയോഗത്തിന്റെ ഈ മാതൃകാ പ്രവർത്തനത്തിന് മഹാകുടുംബയോഗത്തിന്റെ ആശംസകളും അനുമോദനങ്ങളും നേരുന്നു.

മഹാകുടുംബയോഗത്തിനുവേണ്ടി
പി എം ജോസഫ് പട്ടരുമഠം
തോമസ് കണ്ണന്തറ



# ഈ ഗ്രന്ഥത്തെക്കുറിച്ച്...

**ഫാ. സെബാസ്റ്റ്യൻ ശങ്കൂരിക്കൽ**
(രക്ഷാധികാരി, ശങ്കൂരിക്കൽ കുടുംബയോഗം)
വിജോ ഭവൻ, തൃക്കാക്കര

ജനതകളുടെ പിതാവായ അബ്രാഹം തന്റെ മകൻ ഇസഹാക്കിനെ ബലി അർപ്പിക്കുന്നതിനായി മൊറിയാ മലയിലേയ്ക്ക് കൊണ്ടുപോകും വഴി തന്റെ വംശാവലി വിശദീകരിച്ച് കൊടുക്കുന്നത് വളരെ ഭംഗിയായി **'THE BIBLE'** എന്ന ചലചിത്രത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. പിതാവായ ദൈവം തന്റെ തെരഞ്ഞെടുക്കപ്പെട്ട ഇസ്രയേൽ ജനത്തെ ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് സ്വതന്ത്രരാക്കി വാഗ്ദാനം ചെയ്യപ്പെട്ട കാനാൻ ദേശത്തേയ്ക്ക് നയിക്കുന്നതിനിടയിൽ പ്രവർത്തിച്ച അത്ഭുതകൃത്യങ്ങളുടെ വിവരണമാണ് 78-ാം സങ്കീർത്തനത്തിലെ മുഖ്യ പ്രതിപാദ്യം. സങ്കീർത്തകൻ പറയുന്നു. 'പുരാതന ചരിത്രത്തിന്റെ പൊരുൾ ഞാൻ വ്യക്തമാക്കാം. നാം അത് കേൾക്കുകയും അറിയുകയും ചെയ്തിട്ടുണ്ട്. പിതാക്കന്മാർ നമ്മോട് പറഞ്ഞിട്ടുമുണ്ട്. അവരുടെ മക്കളിൽ നിന്ന് നാം അത് മറച്ചു വയ്ക്കരുത്. കർത്താവ് പ്രവർത്തിച്ച മഹത്തായ കാര്യങ്ങളും അവിടുത്തെ ശക്തിപ്രഭാവവും അത്ഭുതകൃത്യങ്ങളും വരും തലമുറയ്ക്ക് വിവരിച്ച് കൊടുക്കണം. വരാനിരിക്കുന്ന തലമുറ, ഇനിയും ജനിച്ചിട്ടില്ലാത്ത മക്കൾ, അവ അറിയുകയും തങ്ങളുടെ മക്കൾക്ക് പറഞ്ഞ് കൊടുക്കുകയും ചെയ്യും. (സങ്കീ. 78/ 2-7).

പൂർവ്വികരെ നന്ദിയോടെ അനുസ്മരിക്കുന്നതിനും, ഇനിയും ശേഷിച്ചിരിക്കുന്ന വിശ്വാസ പൈതൃകങ്ങൾ കൈമോശം വരാതെ കാത്തുസൂക്ഷിക്കുന്നതിനും വരും തലമുറയ്ക്ക് കൈമാറുന്നതിനും നാം ബാദ്ധ്യസ്ഥരാണ്. സഭ എന്ന പദത്തിന്റെ ഗ്രീക്ക് മൂലത്തിന് കർത്താവിന്റെ കുടുംബം എന്നാണർത്ഥം. അതുകൊണ്ട് പൂർവ്വികർ പണിതുയർത്തിയ സൗധത്തെ ശക്തിപ്പെടുത്താനും കാലോചിതമായി പരിഷ്കരിക്കുവാനും മോടിപിടിപ്പിക്കുവാനും ഇന്നത്തെ തലമുറയ്ക്ക് കടമയുണ്ട്.

ഭാരതത്തിന്റെ പ്രഥമ അപ്പസ്തോലനായ മാർ തോമാശ്ലീഹയിൽ നിന്ന് ക്രിസ്തീയ വിശ്വാസവെളിച്ചം സ്വീകരിച്ച കുടുംബങ്ങളാണ് ശങ്കരപുരി, പകലോമറ്റം, കള്ളി, കാളികാവ് എന്നിവ. ആദ്യ നൂറ്റാണ്ടുകളിൽതന്നെ ഈ കുടുംബങ്ങൾ പാലയൂരിൽ നിന്നും കുറവിലങ്ങാട്ടേയ്ക്ക് മതപീഢനംമൂലം പലായനം ചെയ്യുകയുണ്ടായി. ഇതിൽ ശങ്കരപുരി കുടുംബത്തിൽപെട്ട ചിലർ കുറവിലങ്ങാട്ട് നിന്നും ഞാറയ്ക്കൽ വന്ന് താമസമാക്കി എന്ന് ചരിത്രത്തിൽ കാണുന്നു. അവരാണ് ഇപ്പോഴത്തെ 'ശങ്കരപുരിക്കൽ അഥവ ശങ്കൂരിക്കൽ' കുടുംബക്കാർ എന്ന് പാരമ്പര്യ വിശ്വാസവും എഴുതപ്പെട്ട രേഖകളും സാക്ഷ്യം നല്കുന്നു.

വൈദികകർമ്മാദികൾ ചെയ്യാൻ പ്രത്യേക അവകാശമുണ്ടായിരുന്ന, പാരമ്പര്യ വിശ്വാസ പ്രകാരം, തോമാശ്ലീഹ അനുഗ്രഹിച്ച് ആശീർവ്വദിച്ച ശങ്കരപുരി കുടുംബത്തിന്റെ നൂറ്റ് അമ്പതിൽപരം ശാഖകളിലും വൈദികർ ഉണ്ടായിരുന്നു. സഭയ്ക്കുവേണ്ടി വീരോചിതമായ സേവനം അനുഷ്ഠിച്ചിട്ടുള്ള വൈദിക ശ്രേഷ്ഠർ നമ്മുടെ കുടുംബത്തിൽ നിന്നും ഉണ്ടായിട്ടുണ്ട്. അവരിൽ പ്രമുഖർ കൊടുങ്ങല്ലൂർ അതിരൂപത ഭരിച്ചിരുന്ന ശങ്കൂരിക്കൽ ഗോവർണ്ണദോർ ഗീവർഗ്ഗീസ് മല്പാൻ, കർമ്മലീത്താ നിഷ്പാദുക സഭാംഗമായ പൗലോസ് അച്ചൻ എന്നിവരാണ്.

ആധുനിക യുഗത്തിൽ മനുഷ്യർ തമ്മിൽ തമ്മിലും കുടുംബങ്ങൾ പരസ്പരവുമുള്ള ബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുകയാണ്. കൂടപ്പിറപ്പ് സ്നേഹം വളരെ പ്രധാനപ്പെട്ടതാണ്. കുടുംബ ജീവിതത്തിന്റെ പരിപാവനതയ്ക്കും വിവാഹത്തിന്റെ അവിഭാജ്യതയ്ക്കും മങ്ങലേറ്റുകഴിഞ്ഞു. സമർപ്പിത ജീവിതത്തിലേയ്ക്കുള്ള ദൈവവിളി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ദൈവാശ്രയ ബോധവും പരസ്പര ബഹുമാനവും നിസ്വാർത്ഥ ശുശ്രൂഷാ മനോഭാവവും നാം പുലർത്തണം. നമ്മുടെ കുടുംബയോഗം അതിനുള്ള പഠനവേദിയാകട്ടെ.

നമുക്ക് ശങ്കൂരിക്കൽ കുടുംബത്തിന്റെ സമഗ്രമായ ഒരു ചരിത്രഗ്രന്ഥം ആവശ്യമായിരുന്നു. കുടുംബചരിത്ര കമ്മിറ്റി കൺവീനറും ഗോവ പോർട്ട് ട്രസ്റ്റ് മുൻ ചെയർമാനുമായ ഡോ. ജോസ്പോൾ ശങ്കൂരിക്കലിന്റെ നേതൃത്വത്തിൽ കുടുംബയോഗം പ്രസിഡന്റ് ജോയി പോൾ ശങ്കൂരിക്കൽ, സെക്രട്ടറി മേരി ജോസ്, ട്രഷറർ സാജു ജോസഫ്, കമ്മിറ്റി അംഗമായ സണ്ണി കുരുവിള തുടങ്ങിയവർ ശങ്കൂരിക്കൽ കുടുംബത്തിന്റെ ഉത്ഭവത്തെക്കുറിച്ചും വളർച്ചയെക്കുറിച്ചും, പാലയൂരും കുറവിലങ്ങാടും പല പ്രാവശ്യം പോയി, രേഖകൾ പരിശോധിച്ച്, ചർച്ചകൾ നടത്തി വളരെ വിശദമായി പഠിക്കുകയും ചെയ്തു. മൂന്നര വർഷം നീണ്ടുനിന്ന ഇതിന്റെ രചന കുടുബചരിത്രകാരനായ സിജോ കലയന്താനിയെ ഏൽപിച്ചിരിക്കുകയായിരുന്നു. ആ ഉത്തരവാദിത്വം ഏറ്റവും ഭംഗിയായിത്തന്നെ സിജോ നിർവ്വഹിച്ചിട്ടുണ്ട്, നന്ദി പറയുന്നു.

ഈ കുടുംബ ചരിത്രഗ്രന്ഥം നമ്മുടെ പൂർവ്വികരെക്കുറിച്ച് അറിയുന്നതിനും അവർ വന്ന വഴികളെക്കുറിച്ച് മനസിലാക്കുന്നതിനും കുടുംബാംഗങ്ങളെ കൂടുതൽ അടുത്ത് അറിയുന്നതിനും സഹായകമാകട്ടെയെന്ന് ആശംസിക്കുന്നു.

നമ്മൾ തയ്യാറാക്കിയ നമ്മുടെ കുടുംബ ചരിത്രം, സങ്കീർത്തകൻ പറയുന്നതുപോലെ വരാനിരിക്കുന്ന തലമുറ, ഇനിയും ജനിച്ചിട്ടില്ലാത്ത മക്കൾ, അവർ അറിയുകയും തങ്ങളുടെ മക്കൾക്ക് പറഞ്ഞ് കൊടുക്കുകയും ചെയ്യട്ടെ!'

**റവ ഫാ സെബാസ്റ്റ്യൻ ശങ്കൂരിക്കൽ**



# സന്ദേശം

**ജോയി പോൾ ശങ്കൂരിക്കൽ,**
എറണാകുളം
(പ്രസിഡന്റ്, ശങ്കൂരിക്കൽ കുടുംബയോഗം)

**സ**ത്യമായ ചരിത്രം തെളിനീർ ജലാശയംപോലെ, കാലത്തിന്റെ ധമനികളിലൂടെ എന്നും ഒഴുകിക്കൊണ്ടേയിരിക്കും. ചരിത്രം കെട്ടുകഥകളുടെ സമുച്ചയമാണ് എന്നുപറയുന്നവർ നമുക്കിടയിലുണ്ടെങ്കിലും രക്തബന്ധങ്ങളുടെ കടൽ തീരത്ത് ഇരുൾ വീഴുമ്പോൾ വഴികാട്ടുന്ന വിളക്കുമാടങ്ങളാണ് കുടുംബ ചരിത്രങ്ങൾ.

എ ഡി ഒന്നാം നൂറ്റാണ്ടിന് മുമ്പുതന്നെ യഹൂദർ ഭാരതവുമായി വ്യാപാര ബന്ധങ്ങളിൽ ഏർപ്പെട്ടിരുന്നതായി പ്രശസ്ത ചരിത്രകാരന്മാരായ ഇളംകുളം കുഞ്ഞൻപിള്ളയും പി. കെ. ഗോപാലകൃഷ്ണനും രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തുശിഷ്യനായ വി. തോമാശ്ലീഹ ദക്ഷിണേന്ത്യയിലെ പ്രധാനപ്പെട്ട തുറമുഖമായിരുന്ന മുസ്സിരീസിൽ (കൊടുങ്ങല്ലൂർ) എ. ഡി. 52-ൽ എത്തിച്ചേരുന്നതിന് മുമ്പ് പാലസ്തീന, മെസപ്പൊട്ടോമിയ, പേർഷ്യ, എത്യോപ്യ, സിറിയ തുടങ്ങിയ ദേശങ്ങളിൽ ക്രിസ്തു ദർശനം പകർന്നു കൊടുത്തിരുന്നതായി ചരിത്രരേഖകൾ ഉണ്ട്.

കൊടുങ്ങല്ലൂരിൽ എത്തിച്ചേർന്ന വി. തോമാശ്ലീഹയുടെ സുവിശേഷ പ്രവർത്തനങ്ങളുടെ ഭാഗമായി യഹൂദരോടൊപ്പം, പാലയൂരിൽ വസിച്ചിരുന്ന ശങ്കരപുരി, പകലോമറ്റം, കള്ളി, കാളികാവ് തുടങ്ങിയ ഇല്ലങ്ങളിൽ നിന്നുള്ളവരും ക്രിസ്തുമതം സ്വീകരിച്ചതായി പഴയ രേഖകളിൽ നിന്നും മനസിലാക്കാവുന്നതാണ്. അവർ പിൻതലമുറയ്ക്കായി പകർന്നു നല്കിയ വിശ്വാസ ചൈതന്യത്തിലും ആചാരാനുഷ്ഠാനങ്ങളിലും തോമാശ്ലീഹയുടെ പാദമുദ്ര വ്യക്തമായി പതിഞ്ഞുകിടക്കുന്നത് ഇപ്പോഴും കാണാവുന്നതാണ്.

നമ്മുടെ വിശ്വാസത്തിന്റെ പിതാവായ വി തോമാശ്ലീഹാ ഭാരതത്തിൽ വന്നുവോ എന്ന് സംശയിക്കുകയും, ആ ചോദ്യം കാലങ്ങളായി ആവർത്തിക്കുകയും ചെയ്യുന്ന ഒരു തലമുറ ഉണ്ടെന്നുള്ളതാണ് അദ്ദേഹം ഇവിടെ വന്നു എന്നുള്ളതിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തം. കാരണം സംശയാലുവായിരുന്നു നമ്മുടെ പിതാവ്. 'ഉത്ഥിതനായ കർത്താവിനെ ഞങ്ങൾ കണ്ടു' എന്ന് മറ്റ് ശിഷ്യർ പറഞ്ഞപ്പോൾ 'അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാ ർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല' എന്ന് പറഞ്ഞ ആ പാരമ്പര്യം നാം ഇപ്പോഴും കൊണ്ടുനടക്കുന്നു.

മൂന്നരവർഷം നീണ്ട പഠനങ്ങളുടേയും ഗവേഷണങ്ങളുടേയും ഫലമായി ഡോ. ജോസ്പോൾ ശങ്കൂരിക്കലിന്റെ നേതൃത്വത്തിലുള്ള ചരിത്രകമ്മിറ്റി പ്രസിദ്ധീകരിക്കുന്ന ഈ ചരിത്രഗ്രന്ഥത്തിൽ മറ്റ് പല ഗ്രന്ഥങ്ങളിലും കാണാത്ത ചരിത്രങ്ങൾ നിരവധി കണ്ടെത്താൻ സാധിക്കും. ചരിത്ര വിദ്യാർത്ഥികൾക്കും, ഗവേഷകർക്കും പ്രത്യേകിച്ച് നമ്മുടെ കുടുംബാംഗങ്ങൾക്ക് ഏറെ പ്രയോജനപ്പെടുന്ന ഈ ഗ്രന്ഥം ചരിത്രഗ്രന്ഥങ്ങളുടെയിടയിൽ വ്യത്യസ്തമായ ഒരു അനുഭവമായി മാറട്ടെ എന്ന് ആശംസിക്കുന്നു.

ജോയി പോൾ ശങ്കൂരിക്കൽ
എറണാകുളം



**സിജോ കലയന്താനി,**
തൊടുപുഴ
(കുടുംബചരിത്ര
രചയിതാവ്)

# എഴുത്തുപുരയിൽ നിന്ന്

**വി**ജ്ഞാനത്തിന്റെ രേഖകൾ നിരത്തി ജ്ഞാനത്തിന്റെ മാറ്റ് അളക്കുവാൻ സാധ്യമല്ല, എഴുതപ്പെട്ട സത്യങ്ങൾക്കും അർദ്ധസ ത്യങ്ങൾക്കുമപ്പുറം എഴുതപ്പെടാത്ത ധാരാളം സത്യങ്ങളും ഉണ്ട്, രേഖകളും ശാസ്ത്രീയ കണ്ടെത്തലുകളും മാത്രം അവലംബ മാക്കി ചരിത്രത്തെ വ്യാഖ്യാനിക്കുന്നത് അപൂർണ്ണതയാണ്, എത്ര തേടിയാലും എക്കാലവും ചരിത്രം അപൂർണ്ണമാണ്.

നൂറുകണക്കിന് ചരിത്രഗ്രന്ഥങ്ങളും നിരവധി കുടുംബ ചരിത്രങ്ങളും മൂന്നര വർഷം കൊണ്ട് പരിശോധിക്കുകയും പഠിക്കുകയും ചെയ്ത ശേ ഷമാണ് ഈ ഗ്രന്ഥം എഴുതി തയ്യാറാക്കിയത്. കൊടുങ്ങല്ലൂർ, പാലയൂർ, ഏറ്റുമാനൂർ, കുറവിലങ്ങാട്, ഞാറയ്ക്കൽ എന്നീ സ്ഥലങ്ങൾ പലപ്രാവശ്യം സന്ദർശിക്കുകയുണ്ടായി. കേരള ചരിത്രഗവേഷണ കൗൺസിലിന് കീഴിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ലൈബ്രറി, ഭരണങ്ങാനം ഇടമറ്റത്തുള്ള ഓശാനാ മൗണ്ട് ലൈബ്രറി, മാന്നാനത്തുള്ള ചാവറ മ്യൂസിയം എന്നിവിടങ്ങളിലെ പുസ്തകങ്ങളും പുരാതന ചരിത്രരേഖകളും ഈ ഗ്രന്ഥ നിർമ്മിതിയ്ക്ക് സഹായകമായി. കൂടാതെ പോണ്ടിച്ചേരി യൂണിവേഴ്സിറ്റി ചരിത്ര പ്രൊഫസറും മുൻ മേധാവിയുമായിരുന്ന പ്രൊഫ  കെ എസ് മാത്യു, റവ ഫാ ജെ തച്ചിൽ, ജോൺ കച്ചിറമറ്റം, പ്രൊഫ ജോൺ നിധീരി, ലിജോ മുക്കത്ത്, ജോൺ നിധീരി (ദേവമാതാ കോളജ് മുൻ ലൈബ്രേറിയൻ), ജോർജ്കുട്ടി കരിയാനപ്പിള്ളി, ഫാ ഇഗ്നേഷ്യസ് പയ്യപ്പിള്ളി തുടങ്ങി നിരവധി ആളുകളുടെ നിർദ്ദേശങ്ങളും സഹകരണ വും ഈ ഗ്രന്ഥത്തിന്റെ പിന്നിലുണ്ട്. ശങ്കരപുരി മഹാകുടുംബയോഗം ഭാരവാഹികളായ പി. എം. ജോസഫ് പട്ടരുമഠം, അഡ്വ. ടി. എം. ജോർജ് തെക്കേടം, തോമസ് കണ്ണന്തറ, ജോയി ആവിയിൽ എന്നിവരും ഈ ഗ്രന്ഥത്തിന് ആവശ്യമായ വിവരങ്ങൾ നല്കി സഹായി ച്ചവരാണ്.

ശങ്കൂരിക്കൽ കുടുംബചരിത്രം ഇത്ര മനോഹരമായി തയ്യാറാക്കുവാൻ സാധിച്ചത് ചരിത്ര കമ്മിറ്റി കൺവീനറായ ഡോ. ജോസ് പോൾ ശങ്കൂരിക്കലിന്റെ നിർദ്ദേശങ്ങൾക്കും പഠനങ്ങൾക്കും അനുസരിച്ച് മുമ്പോട്ട് പോയതിനാലാണ്.

ശങ്കൂരിക്കൽ കുടുംബയോഗം രക്ഷാധികാരി ഫാ. സെബാസ്റ്റ്യൻ ശങ്കൂരിക്കൽ, മുൻ പ്രസിഡന്റ് ജോസ് ശങ്കൂരിക്കൽ, സെക്രട്ടറി മേരി ജോസ്, ട്രഷറർ സാജു ജോസഫ്, വൈസ് പ്രസിഡന്റ് എസ്. ജെ. ഡേവിസ്, കമ്മിറ്റി അംഗങ്ങളായ ഇട്ടൂപ്പ് കുരുവിള, എസ്. പി. ആന്റണി, എസ്. എസ്. ആന്റണി,  പോൾ ജോർജ്, സണ്ണി കുരുവിള, ലിസ ആന്റണി, ടിൻസി ആന്റണി എന്നിവരുടെ സഹകരണവും പ്രോത്സാഹനവും നിർദ്ദേശങ്ങളും ഈ ചരിത്രഗ്രന്ഥം മിഴിവുറ്റതാക്കുന്നതിന് സഹായകമായി. ഭാഗം 2-ൽ ഉൾപ്പെടുത്തിയിരിക്കുന്ന കുടുംബാംഗങ്ങളുടെ വിവരങ്ങൾ മുഴുവൻ ശേഖരിച്ച് എഴുതി തയ്യാറാക്കുകയും ചാർട്ടും ട്രീയും വരയ്ക്കുകയും ചെയ്ത കുടുംബയോഗം പ്രസിഡന്റ് ജോയിപോൾ ശങ്കൂരിക്കലിനെ പ്രത്യേകം സ്മരിക്കുന്നു. ശങ്കൂരിക്കൽ കുടുംബചരിത്രം എഴുതി തയ്യാറാക്കുവാൻ എന്നെ ക്ഷണിച്ച കുടുംബചരിത്ര കമ്മിറ്റിയ്ക്ക് നന്ദി പറയുന്നു. ഈ ചരിത്രഗ്രന്ഥത്തിൽ തെറ്റുകൾ വരാതിരിക്കുവാൻ പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. ഇനിയും കണ്ടേക്കാവുന്ന തെറ്റുകൾ വായ നക്കാർ സദയം ക്ഷമിക്കണമെന്ന് അപേക്ഷിക്കുന്നു.

സിജോ കലയന്താനി

# 1. വിശ്വാസത്തിന്റെ പിതാവ് വിശുദ്ധ ബൈബിളിൽ




**വി**ശുദ്ധ ബൈബിളിൽ ദൈവപുത്രനായ യേശുക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യരിൽ വളരെക്കുറച്ച് പരാമർശിക്കപ്പെട്ടിട്ടുള്ള വ്യക്തികളിൽ ഒരാളാണ് ഭാരത അപ്പസ്തോലനായ മാർ തോമാശ്ലീഹ. ഇരട്ടപിറന്നവനിൽ ഒരുവൻ' എന്ന് അർത്ഥമുള്ള ദിദിമോസ്' എന്ന് വിളിച്ചിരുന്ന തോമസ് പാലസ്തീനിലെ ഗലീലി എന്ന ഗ്രാമത്തിൽ ജനിച്ചു, മാതാപിതാക്കൾ നല്കിയ പേര് യൂദാസ് തോമസ് എന്നാണ്.

വിശുദ്ധ ബൈബിളിൽ മത്തായി, മർക്കോസ്, ലൂക്കാ, യോഹന്നാൻ എന്നിവർ എഴുതിയ നാല് സുവിശേഷങ്ങളിലും യേശു തെരഞ്ഞെടുത്ത പന്ത്രണ്ട് ശിഷ്യരിൽ ഒരാൾ തോമസ് ആണെന്ന് പറയുന്നു. വി. യോഹന്നാന്റെ സുവിശേഷം 11, 14, 20 അദ്ധ്യായങ്ങളിൽ മൂന്നിടത്താണ് വി. തോമാശ്ലീഹായെക്കുറിച്ച് പരാമർശിക്കുന്നത്.

വി. യോഹന്നാന്റെ സുവിശേഷം പതിനൊന്നാം അദ്ധ്യായത്തിൽ വിവരിക്കുന്ന പ്രകാരം, യേശുവിന്റെ പ്രബോധനങ്ങൾ കേട്ട് ജനങ്ങൾ അവനിൽ വിശ്വസിക്കുന്നത് കണ്ട് അസൂയാലുക്കളായ യഹൂദർ യേശുവിനെ കല്ലെറിയുവാൻ അവസരം പാർത്തിരുന്ന അവസരത്തിലാണ്, മരിച്ച ലാസറിനെ ഉയർപ്പിക്കാൻ യേശു യഹൂദ കേന്ദ്രമായ ബഥാനിയായിലേയ്ക്ക് പോകുവാൻ ഒരുങ്ങുന്നത്. ഇത് കണ്ട ശിഷ്യർ, പതിയിരിക്കുന്ന അപകടത്തെപ്രതി ഗുരുവിനെ വിലക്കുന്നു. അപ്പോൾ തോമസ് അപ്പസ്തോലൻ പറയുന്നു 'അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം എന്ന്.

പെസഹാ തിരുനാളിന് ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിയതിനുശേഷമുള്ള യേശുവിന്റെ അന്ത്യ നിമിഷങ്ങളെക്കുറിച്ച് വി. യോഹന്നാന്റെ സുവിശേഷം പതിനാലാം അദ്ധ്യായത്തിൽ പറയുന്നു, നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ. എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ഇല്ലായിരുന്നെങ്കിൽ നിങ്ങൾക്കു സ്ഥലമൊരുക്കാൻ പോകുന്നുവെന്ന് ഞാൻ നിങ്ങളോട് പറയുമായിരുന്നോ? ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളേയും കൂട്ടിക്കൊണ്ട് പോകും. ഞാൻ പോകുന്നിടത്തേയ്ക്കുള്ള വഴി നിങ്ങൾക്ക് അറിയാം.' അപ്പോൾ തോമസ് പറഞ്ഞു: 'കർത്താവേ, നീ എവിടേയ്ക്ക് പോകുന്നുവെന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങൾ എങ്ങനെ അറിയും.' യേശു പറഞ്ഞു:

'വഴിയും സത്യവും ജീവനും ഞാനാണ്. എന്നിലൂടെയല്ലാതെ ആരും പിതാവിന്റെ അടുക്കലേയ്ക്ക് വരുന്നില്ല.'

യേശു മനുഷ്യപുത്രനായി അവതരിച്ചതിന്റെ മുഴുവൻ ലക്ഷ്യവും തോമാശ്ലീഹായുടെ ചോദ്യത്തിലൂടെ ലോകത്തിനാകെയും ദൈവം വ്യക്തമാക്കിത്തരുന്നു.

യോഹന്നാൻ സുവിശേഷകൻ ഇരുപതാം അദ്ധ്യായത്തിൽ വീണ്ടും തോമാശ്ലീഹായെക്കുറിച്ച് പറയുന്നുണ്ട്. യേശുവിന്റെ മരണത്തിനും പുനരുത്ഥാനത്തിനും ശേഷം ശിഷ്യന്മാർ യഹൂദരെ ഭയന്ന് കതകടച്ച് ഇരിക്കവേ ആഴ്ചയുടെ ആദ്യദിവസമായ അന്ന് വൈകിട്ട് യേശു അവരുടെ മദ്ധ്യേ പ്രത്യക്ഷപ്പെട്ടു. നിങ്ങൾക്ക് സമാധാനം! ഇപ്രകാരം പറഞ്ഞുകൊണ്ട് അവൻ തന്റെ കൈകളും പാർശ്വവും അവരെ കാണിച്ചു. കർത്താവിനെ കണ്ട് ശിഷ്യന്മാർ സന്തോഷിച്ചു. യേശു വീണ്ടും അവരോട് പറഞ്ഞു: നിങ്ങൾക്ക് സമാധാനം! പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇത് പറഞ്ഞിട്ട് അവരുടേമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു: നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും.

പന്ത്രണ്ട് പേരിൽ ഒരുവനും ദിദിമോസ് എന്ന് വിളിക്കപ്പെടുന്നവനുമായ തോമസ് യേശു വന്നപ്പോൾ അവരോടുകൂടെ ഉണ്ടായിരുന്നില്ല. അതുകൊണ്ട് മറ്റ് ശിഷ്യന്മാർ അവനോട് പറഞ്ഞു: ഞങ്ങൾ കർത്താവിനെ കണ്ടു. എന്നാൽ അവൻ പറഞ്ഞു: അവന്റെ കൈകളിൽ ആണികളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല.' എട്ട് ദിവസങ്ങൾക്ക്ശേഷം വീണ്ടും അവന്റെ ശിഷ്യന്മാർ വീട്ടിൽ ആയിരുന്നപ്പോൾ തോമസും അവരോടുകൂടെ ഉണ്ടായിരുന്നു. വാതിലുകൾ അടച്ചിരുന്നു. യേശു വന്ന് അവരുടെ മധ്യത്തിൽ നിന്നുകൊണ്ട് പറഞ്ഞു: നിങ്ങൾക്ക് സമാധാനം! അവൻ തോമസിനോട് പറഞ്ഞു: നി ന്റെ വിരൽ ഇവിടെ കൊണ്ടുവരിക; എന്റെ കൈകൾ കാണുക; നിന്റെ കൈ നീട്ടി എന്റെ പാർശ്വത്തിൽ വയ്ക്കുക. അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക.' തോമസ് പറഞ്ഞു: 'എന്റെ കർത്താവേ, എന്റെ ദൈവമേ! യേശുവിന്റെ മനുഷ്യത്വവും ദൈവത്വവും ഏറ്റുപറഞ്ഞ വ്യക്തിയാണ് തോമാശ്ലീഹ. യേശു അവനോട് പറഞ്ഞു: നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു; കാണാതെതന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ.

ഇതിലൂടെ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായോട്, ഉത്ഥിതനായ യേശു പറഞ്ഞിരിക്കുന്നത് ഈ ലോകത്തിൽ ജീവിച്ച് മരിച്ചവരും ഇന്ന് ലോകത്തിൽ ജീവിച്ചിരിക്കുന്നരും ഇനി വരാനിരിക്കുന്നവരുമായ സകല മനുഷ്യർക്കുമുള്ള ഉപദേശമാണ്.

മാർ തോമാശ്ലീഹായെ സംബന്ധിച്ച് വിശുദ്ധ ബൈബിളിൽ പരാമർശിച്ചിരിക്കുന്ന ഈ മൂന്ന് സംഭവങ്ങളും തോമാശ്ലീഹായ്ക്ക് യേശുവിലുള്ള വിശ്വാസത്തിന്റെ ആഴവും വ്യാപ്തിയും വ്യക്തമാക്കുന്നവയാണ്. നമ്മുടെ പൂർവ്വികർ, മാർ തോമാശ്ലീഹായിൽ നിന്നും നേരിട്ട് ജ്ഞാനസ്നാനം സ്വീകരിക്കുവാനുള്ള ഭാഗ്യം ലഭിച്ചവരാണ്.

യേശു മൂന്നാം പ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടത് കടൽതീരത്ത് വച്ചാണ്, അപ്പോൾ തോമാശ്ലീഹ അവരോടൊപ്പം ഉണ്ടായിരുന്നതായി യോഹന്നാൻ സുവിശേഷകൻ 21-ാം അദ്ധ്യായത്തിൽ പറയുന്നു. ശിമയോൻ പത്രോസ്, ദിദിമോസ് എന്നുവിളിക്കപ്പെടുന്ന തോമസ്, ഗലീലിയിലെ കാനായിൽ നിന്നുള്ള നഥാനിയേൽ, സെബതിയുടെ പുത്രന്മാർ എന്നിവരും വേറെ രണ്ട് ശിഷ്യന്മാരും മീൻപിടിക്കാൻ പോയി. രാത്രി മുഴുവൻ വലവീശിയിട്ടും

ഒന്നും കിട്ടാതെ നിരാശരായി കരയ്ക്ക് അടുത്തപ്പോൾ യേശു കടൽക്കരയിൽ നില്പ്പുണ്ടായിരുന്നു. യേശുപറഞ്ഞു: വള്ളത്തിന്റെ വലതുവശത്ത് വലയിടുക. അപ്പോൾ അവർക്ക് വല വലിച്ചു കയറ്റാൻ ആവാത്തവിധം മത്സ്യങ്ങൾ ലഭിച്ചു. കരയ്ക്കിറങ്ങിയപ്പോൾ തീ കൂട്ടിയിരിക്കുന്നതും അതിൽ മീൻ വച്ചിരിക്കുന്നതും അപ്പവും അവർ കണ്ടു. യേശു വന്ന് അവർക്ക് അപ്പമെടുത്ത് കൊടുത്തു. അതുപോലെതന്നെ മീനും. അത് കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു.

അശുദ്ധാത്മാക്കളെ ബഹിഷ്കരിക്കാനും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തുവാനും യേശു അവർക്ക് അധികാരം നല്കി. അവൻ അവരോട് പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ. ഇസ്രയേൽ വംശത്തിലെ നഷ്ടപ്പെട്ടുപോയ ആടുകളുടെ അടുത്തേയ്ക്ക് പോകുവിൻ. യേശുവിന്റെ കല്പന ശിരസാവഹിച്ച് നമ്മുടെ പിതാവായ തോമാശ്ലീഹാ സുവിശേഷ പ്രഘോഷണത്തിനായി പുറപ്പെട്ടു.



*ഞാറക്കൽ ശങ്കൂരിക്കൽ കുടുംബത്തിന്റെ നിലവിൽ സ്ഥിതി ചെയ്യുന്ന 250 വർഷത്തിനുമേൽ പഴക്കമുള്ള പുരാതന തറവാട്. (60 വർഷത്തിനു മുമ്പെടുത്ത ചിത്രം.)*

# 2. ഹൈന്ദവ സംസ്കാരം മാർ തോമാശ്ലീഹായെ കൈനീട്ടി സ്വീകരിക്കുന്നു



ഉത്ഥിതനായ യേശുവിന്റെ ഉത്ബോധനം അനുസരിച്ച് ഇസ്രയേൽ വംശത്തിലെ നഷ്ടപ്പെട്ട ജനതയെ തേടി പതിനൊന്ന് ശിഷ്യന്മാരും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് സുവിശേഷ പ്രഘോഷണത്തിനായി പുറപ്പെട്ടു.

യേശുവിന്റെ സ്വർഗ്ഗാരോഹണത്തിന് ശേഷം എ. ഡി. 35-ൽ തോമാശ്ലീഹ സുവിശേഷ പ്രവർത്തനത്തിന് പുറപ്പെട്ടതായി ചരിത്രത്തിൽ കാണാം. തോമാശ്ലീഹായുടെ പ്രവർത്തന മേഖലയായി വേർതിരിക്കപ്പെട്ട പാർത്ഥ്യ, മേദ്യ, എലാമിയ തുടങ്ങിയ പൗരസ്ത്യ ദേശങ്ങളിലേയ്ക്ക് യാത്ര തിരിച്ചു. എ. ഡി. 52-ൽ വി. തോമാശ്ലീഹാ ഇന്ത്യയിൽ എത്തുന്നതിന് മുമ്പ് പലസ്തീന, മെസപ്പെട്ടോമിയ, മേദിയ, പേർഷ്യ, ഫിർക്കാനിയ, ബാക്ട്രിയ, എത്യോപ്യ, സൊക്കോട്ര, സിറിയ, ആര്യാന (അഫ്ഗാനിസ്ഥാൻ), സുമാട്ര എന്നിവിടങ്ങളിൽ സുവിശേഷം പ്രസംഗിച്ച് അനേകരെ സ്നാനപ്പെടുത്തിയതിന് രേഖകളുള്ളതായി 1958 -ൽ പ്രസിദ്ധീകരിച്ച മാരാമൺ പകലോമറ്റം-ചക്കാലയിൽ കുടുംബചരിത്രത്തിൽ പറയുന്നു. എല്ലാ സഭകളുടേയും മാതാവായി പരിഗണിക്കപ്പെടുന്ന ജറുസലേം സഭയിലേയ്ക്ക് ഈ പ്രദേശങ്ങളിൽ നിന്നും പ്രതിനിധികൾ ഉണ്ടായിരുന്നതായി രേഖകൾ ഉണ്ട്. ബാക്ട്രിയായിൽ നി ന്നും തോമാശ്ലീഹാ വടക്കെ ഇന്ത്യയിലേയ്ക്ക് ഗൊണ്ടഫറസ് രാജാവിന്റെ കാലത്ത് ഹബ്ബാൻ എന്ന യഹൂദ വ്യാപാരിയോടൊപ്പം വന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. അഫ്ഗാനിസ്ഥാൻ മുതൽ പഞ്ചാബ് വരെയുള്ള പ്രദേശം ഭരിച്ചിരുന്ന രാജാവാണ് ഗൊണ്ടഫറസ്. അദ്ദേഹം രാജകൊട്ടാരം പണിയാൻ തോമാശ്ലീഹായെ ഏൽപിച്ച കഥയും പ്രസിദ്ധമാണ്. വടക്കെ ഇന്ത്യയിലെ എന്നപോലെ തെക്കേ ഇന്ത്യയിലും യഹൂദ കോളനികൾ ഉണ്ടെന്ന് തോമാശ്ലീഹാ നേരത്തെതന്നെ മനസിലാക്കിയിരുന്നു. കരമാർഗ്ഗം വടക്കെ ഇന്ത്യയിൽ നിന്നും തെ ക്കേ ഇന്ത്യയിലേയ്ക്ക് എത്തുവാനുള്ള വഴിയുണ്ടായിരുന്നെങ്കിലും അദ്ദേഹം എത്യോപ്യ യിലേയ്ക്ക് പോയതായി വിശ്വസിക്കുന്നു.

'കേരളത്തിലെ സിറിയൻ ക്രിസ്ത്യാനികളുടെ ചരിത്രം' എന്ന ഗ്രന്ഥത്തിൽ വി. ബാലകൃഷ്ണൻ പേജ് നമ്പർ 19, 20 കളിൽ യഹൂദ സമുദായത്തിന്റെ ആദ്യകാല ചരിത്രം വിവരിക്കുന്നു്. 'The Jews, who were initially a Bedouin tribe in Mesopotamia, came up and settled in and around Jerusalem, in the land of Palestine. The Old Testament describes in detail their exodus to Egypt and their return and resettlement in Jerusalem after a few centuries. Their leader during their return journey from Egypt was Moses whom they consider as their founder prophet....... When the jews originally settled in Palestine they had to fight innumerable battles with so many other tribes like the Caananites, Phonecians, Philistines.' ഇപ്രകാരം വിവിധ ഗോത്രങ്ങളുമായുണ്ടായ യുദ്ധങ്ങളിൽ യഹൂദർ പാലായനം ചെയ്യുകയുണ്ടായി. അക്കാലത്ത് അവർ ഇന്ത്യയിലും കേരളത്തിലും എത്തിയിരുന്നു.




പാർത്ഥിയൻ രാജാവായിരുന്ന ഗൊണ്ടഫറസിന്റെ ഭരണകാലത്ത് തോമാശ്ലീഹാ ഉത്തരേന്ത്യയിൽ വന്നത് ചരിത്രപരമായ വസ്തുതയാണ്. കാബൂൾ, കണ്ഡഹാർ എന്നിവിടങ്ങളിൽ നി ന്നും പഞ്ചാബിന്റെ തെക്ക്-പടിഞ്ഞാറ് ഭാഗങ്ങളിൽ നിന്നും കണ്ടെത്തിയിട്ടുള്ള നാണയങ്ങളിൽ ഈ രാജാവിന്റെയും കുടുംബാംഗങ്ങളുടേയും പേരുകൾ കാണാൻ കഴിഞ്ഞത്, അങ്ങനെയൊരു രാജാവ് ഇല്ലായിരുന്നു എന്ന് വിമർശിക്കുന്നവർക്കുള്ള മറുപടിയാണ്. പ്രസ്തുത നാണയങ്ങൾ കൽക്കട്ടയിലെയും ലോഹോറിലെയും പാരീസിലെയും ബ്രിട്ടനിലെയും ഇന്റർനാഷണൽ മ്യൂസിയങ്ങളിൽ സൂക്ഷിച്ചിട്ടുണ്ട്.




ഗൊണ്ടഫറസ് രാജാവിന്റെ പേര് കൊത്തിയ നാണയം ആദ്യം ലഭിച്ചത് 1834-ൽ അഫ്ഗാനിസ്ഥാനിലെ മാസൺ എന്ന സ്ഥലത്ത് നിന്നായിരുന്നെന്ന് എ. ഇ. മെഡിലികോട്ട് എഴുതിയ 'India and the Apostle Thomas' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാബൂളും കണ്ടഹാറും പഞ്ചാബിന്റെ ഏതാനും പ്രവിശ്യകളും ഉൾപ്പെട്ട ഒരു വലിയ പ്രദേശത്തിന്റെ ഭരണാധിപനായിരുന്നു ഗൊണ്ടഫറസ് രാജാവ്. ഈ പ്രദേശങ്ങളിൽ നിന്നെല്ലാം അദ്ദേഹത്തിന്റെ പേര് കൊത്തിയ നാണയങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്.




പേർഷ്യൻ സാമ്രാജ്യത്തിൽ ഉൾപ്പെട്ടിരുന്ന പാർ ത്ഥിയൻ രാജ്യം ക്രിസ്തുവിന് മുമ്പ് ബി. സി. 246-ൽ സ്ഥാപിതമായെന്ന് കണക്കുകൾ സൂചിപ്പിക്കുന്നതായി ഫാ.

ബർണാർദ് തോമാ എഴുതിയ മാർത്തോമാ ക്രിസ്ത്യാനികൾ' എന്ന ഗ്രന്ഥത്തിൽ പേജ് നമ്പർ 201-ൽ പരാമർശിച്ചുകാണുന്നു. അർസാസെസ് പ്രഥമന്റെ നേതൃത്വത്തിൽ പാർത്ഥ്യൻ രാജ്യം പേർഷ്യൻ ശക്തിയോട് മത്സരിക്കുകയും തദ്വാരാ അർസാസെസ് രാജവംശം സ്ഥാപിതമാകുകയും ചെയ്തു. അദ്ദേഹം പേർഷ്യയുടെ ഭൂരിഭാഗവും സെലേവുസിദർ എന്ന ഗ്രീക്ക് രാജവംശജരിൽ നിന്നും പിടിച്ചെടുത്തു. ഒടുവിൽ ഗ്രീക്കുകാരുടെ ഭരണത്തിൻ കീഴിലിരുന്ന ഉത്തരേന്ത്യയും ബാക്ട്രിയ രാജ്യവും പാർത്ഥ്യൻ രാജാവിന് കീഴിലായി. ഇപ്രകാരം സ്ഥാപിതമായ പാർത്ഥിയൻ സാമ്രാജ്യത്തിലെ ഗൊണ്ടഫറസ് രാജാവിന്റെ കാലത്താണ് തോമാശ്ലീഹ പാർത്ഥിയ രാജ്യത്ത് എത്തിച്ചേർന്നത്. 472 വർഷം നീണ്ടുനിന്ന പാർത്ഥ്യൻ സാമ്രാജ്യം പേർഷ്യാ സാമ്രാജ്യത്തിൽ വീണ്ടും ലയിച്ചതായി ഈ ഗ്രന്ഥത്തിൽ കാണാവുന്നതാണ്.




ബനഡിക്ട് വടക്കേക്കര എഴുതിയ ഒറിജിൻ ഓഫ് ക്രിസ്റ്റ്യാനിറ്റി ഇൻ ഇന്ത്യ എ ഹിസ്റ്റോറിയോഗ്രാഫിക്കൽ ക്രിട്ടിക് എന്ന ഗ്രന്ഥത്തിൽ തോമാശ്ലീഹായെക്കുറിച്ച് പറഞ്ഞിരിക്കുന്നത് നോക്കുക. In the tradition of the Indian Christians the name Thomas is an especially endearing one, and there were exclusive titles reserved to Apostle Thomas. Sliha (Apostle) and Muttappan (Great Ancestor) were used solely to designate Apostle Thomas. The feast on the octave of Easter was in honour of the proclamation of faith made by Apostle Thomas before the Risen Lord. The feast of the third of July was in memory of their Mar Thoma Sliha, their Muthappan, who suffered Martyrdom at Mylapore

The image of their Mar Thoma Sliha was so in cisively ingrained in their mind and heart that it could not have got mixed up with any other person, however great such might have been. The towering image of Apostle Thomas overshadowed all the leaders that the community has had in its centuried history.

പാക്കിസ്ഥാനും ഉത്തരേന്ത്യയും വി. തോമാശ്ലീഹാ സന്ദർശിക്കുകയും സുവിശേഷ പ്രഘോഷണം നടത്തുകയും ചെയ്തിരുന്നതായി ചരിത്രരേഖകളും ആചാരാനുഷ്ഠാനങ്ങളും സാക്ഷ്യം നല്കുന്നു. പാക്കിസ്ഥാൻ സഭാചരിത്രത്തിന്റെ ആദ്യഭാഗത്തിന് നല്കിയിരിക്കുന്ന പേര് സെന്റ് തോമസ് ആന്റ് ടാക്സില എന്നാണ്. വിശുദ്ധ തോമശ്ലീഹായെ ഭാരത അപ്പസ്തോലൻ' എന്നപോലെ പാക്കിസ്ഥാന്റെ അപ്പസ്തോലൻ എന്നും പാക്കിസ്ഥാൻ സഭ വിശേഷിപ്പിക്കുന്നു്. അദ്ദേഹത്തിന്റെ പാക്കിസ്ഥാൻ സന്ദർശനത്തിന്റെ ഓർമ്മയ്ക്കായി എല്ലാ വർഷവും ഒക്ടോബർ 24-ന് റാവൽപിണ്ടി ജില്ലയിലെ ചരിത്രഭൂമികയായ ടാക്സിലയിൽ ക്രൈസ്തവർ ഒത്തുകൂടി ആഘോഷങ്ങൾ നടത്താറുണ്ട്. എന്ന് Quest For The Historical Thomas Apostle Of India' എന്ന ഗ്രന്ഥത്തിൽ ഫാ. ജോർജ് നെടുങ്ങാട്ട് എസ്. ജെ. സമർത്ഥിക്കുന്നു.

വടക്ക്-പടിഞ്ഞാറ് ഇന്ത്യയിൽ തോമാശ്ലീഹയുടെ സ്വാധീനത്തെക്കുറിച്ച് ഇതേ ഗ്രന്ഥത്തിൽ പേജ് നമ്പർ 277, 278 എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്നത് കാണുക. There are scattered Communities of people in north-west India claiming a historical link with the

Apostle Thomas. For example, there is a living tradition in a village called Gar-Thoma close to Sirkap in the District of Islamabad regarding the Apostle Thomas. While he was lodging there, it is related, a violent earthquake devastated everything around, but thanks to him the village itself suffered no harm. The village tradition maintains:

*'There was a great disaster which fell on the whole of the Northern Punjab and the only village which suffered no harm in this disaster was the village where St. Thomas had stayed. To commemorate their deliverance the villagers named the village Karm Toma (the benevolence of Thomas). This name has become corrupted through the ages into Gartoma or Garthoma'*




Another example is Tatta in Sind, at the mouth of the River Indus, where a community of fakirs call themselves Bnai-Thoma, an Aramic word meaning "Sons of Thomas", a synonym of Christians of St. Thomas". They claim to have descended from the Christians who were baptized by the Apostle Thomas, called by them Thum Bhagat (Saint Thomas). After having had some contact with them, the Rev. R. A. Trotter wrote:

*'To support the contention that the apostle St. Thomas came to sind, there is a Fakir community living in Tatta, which... to all appearance Hindu, calls its small community by an Aramic name, something like Barthomai, the sons of Thomas, and claims that it is descended from Christians baptized by St. Thomas himself and that in their secret society they own books and relics to support their position. Unfortunately no outsider, either Indian or European, has had access to the archives of this society.'*

ഗോവ തുറമുഖത്തിന്റെ (Mormugao Port Trust, Goa) ചെയർമാനായിരുന്ന ഡോ. ജോസ് പോൾ ശങ്കൂരിക്കൽ 2007-ൽ ആലപ്പുഴയിൽ നടന്ന ചമ്പക്കുളം ശങ്കരപുരി വടക്കുംമുറി കുടുംബയോഗ വാർഷികത്തിൽ അവതരിപ്പിച്ച പഠന റിപ്പോർട്ടിൽ ക്രിസ്തീയ സമുദായത്തിന് ഭാരതത്തിലുള്ള സ്വാധീനത്തെക്കുറിച്ചും തോമാശ്ലീഹ കേരളത്തിൽ വന്നതിന്റെ സാധ്യതകളെക്കുറിച്ചും സാഹചര്യങ്ങളെക്കുറിച്ചും വിശദമായി പരാമർശിക്കുന്നുണ്ട്.

'ബി. സി. 973-ൽ ശാലോമോന്റെ കാലത്ത് ഒരു ചെറിയ കൂട്ടം യഹൂദർ കേരളത്തിൽ ഉണ്ടായിരുന്നെന്ന് തെളിവ്. മലബാർ തീരത്ത് മുസ്സിരീസ്, പറവൂർ, പാലയൂർ, കൊല്ലം എന്നീ നഗരങ്ങളിൽ ഈ യഹൂദർ കോളനികൾ സ്ഥാപിച്ചിരുന്നു.




പാക്കിസ്ഥാനിലെ പഞ്ചാബ് പ്രൊവിൻസിൽ റാവൽപിണ്ടി ജില്ലയിലെ ടാക്സിലയിൽ സംരക്ഷിച്ചു

പോരുന്ന ചരിത്ര ഭൂമികയിൽ മാർ തോമാശ്ലീഹായുടെ പിൻതുടർച്ച അവകാശപ്പെടുന്ന ക്രിസ്തീയ സമൂഹം ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

'ഒന്നാം ശതാബ്ദത്തിൽ കേരളത്തിൽ യൂദന്മാർ ഉണ്ടായിരുന്നെന്നും തോമാശ്ലീഹാ അവരിൽ ചിലരെ മാനസാന്തരപ്പെടുത്തിയെന്നും നമുക്ക് പാരമ്പര്യമുണ്ട്. ശ്ലീഹന്മാർ എല്ലായിടത്തും ചെയ്തിരുന്നതുപോലെ തോമാശ്ലീഹാ ഒന്നാമതായി യൂദന്മാരെ ആയിരിക്കണം സമീപിച്ചത്. മാനസാന്തരപ്പെട്ട യൂദന്മാർക്കായി അദ്ദേഹം ദിവ്യകർമ്മങ്ങൾ അനുഷ്ഠിച്ചിരിക്കുകയും വേണം. യൂദന്മാരുടേയും തോമാശ്ലീഹായുടേയും സംസാരഭാഷ സുറിയാനിയായിരുന്നു. തോമായുടെ ആദിമ റീത്ത് നാട്ടുഭാഷയിലാണ് കേരളത്തിൽ പ്രചരിച്ചിരുന്നത്' എന്ന് ഡോ പ്ലാസിഡ് സി. എം. ഐ. എഴുതിയ 'നമ്മുടെ റീത്ത്' എന്ന ഗ്രന്ഥത്തിൽ 22-23 പേജുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത് കാണാം. തോമാശ്ലീഹ എത്യോപ്യയിൽ നിന്ന് കേരളത്തിലെ പ്രധാന തുറമുഖമായിരുന്ന മുസ്സിരീസ് എന്ന് അറിയപ്പെട്ടിരുന്ന കൊടുങ്ങല്ലൂരിൽ കടൽമാർഗ്ഗം എ. ഡി. 52-ൽ പായ്ക്കപ്പലിൽ എത്തിച്ചേർന്നതായി വിശ്വസിക്കുന്നു.

ക്രിസ്തുവിന് മുമ്പ് ആറാം നൂറ്റാണ്ടിൽ സൈറസിന്റെ ഭരണകാലത്ത് യഹൂദ മർദ്ദനത്തിൽ നിന്ന് മോചനം പ്രാപിച്ച് ഒരു സംഘം യഹൂദർ കേരളത്തിൽ കുടിയേറിപ്പാർത്തതായി കേരളചരിത്രം വാല്യം 1-ൽ 1052-ാം പുറത്തിൽ പറയുന്നുണ്ട്.

തോമാശ്ലീഹ കേരള തീരത്ത് കപ്പൽ ഇറങ്ങിയതിന്റെ ഉദ്ദേശം യഹൂദ സമുദായത്തിൽ നിന്നും വേറിട്ടുപോയ അഥവാ ചിതറിക്കപ്പെട്ട സ്വന്തം സഹോദരങ്ങൾക്ക് യേശുക്രിസ്തുവിന്റെ രക്ഷാകര സുവിശേഷം എത്തിക്കുക എന്നതായിരുന്നു.

കേരളത്തിലെ കടൽ തീരങ്ങളിലെ മുക്കുവരുടെ സാന്നിധ്യവും അവരുടെ ജീവിതരീതികളും ഗലീലി കടലിന് സമാനമായിരുന്നതിനാൽ തോമാശ്ലീഹായ്ക്ക് നല്ല പരിചിതമായിരുന്നു, ഒപ്പം യഹൂദരായ സ്വസമുദായ സഹോദരരും കൂടിയായപ്പോൾ ദൗത്യം എളുപ്പമായി. അതിനാൽ സുവിശേഷം അവരിലേയ്ക്ക് എത്തിക്കുവാനും ആശയങ്ങൾ പകരാനും സ്വന്തം നാടായ ഗലീലിയ്ക്ക് സമാനമായ കേരളത്തിലെ കടലോര പശ്ചാത്തലം തോമാശ്ലീഹായ്ക്ക് ഏറെ സഹായകമായെന്ന് രത്നച്ചുരുക്കം. തോമാശ്ലീഹാ കുരിശ് സ്ഥാപിച്ച് ആരംഭമിട്ട എല്ലാ പ്രാർത്ഥനാ സമൂഹങ്ങളും കടൽക്കരകളിലും അതിന് സമാനമായ പ്രദേശങ്ങളിലുമാണെന്നത് ശ്രദ്ധേയമാണ്.



*കുറവിലങ്ങാട് ശങ്കരപുരി*
*കുടുംബമഹാസമ്മേളനത്തിൽ ഒരു ദൃശ്യം*



*പാലയൂരിലുള്ള ബോട്ടുകുളം ഇവിടെയാണ് തോമാശ്ലീഹായുടെ*
*ഏറ്റവും വലിയ പ്രതിമ സ്ഥാപിച്ചിരിക്കുന്നത്.*



*പാലയൂരിൽ തോമാശ്ലീഹ സ്ഥാപിച്ചതായി വിശ്വസിക്കുന്ന പുരാതന കൽകുരിശ്*

***വി.തോമാശ്ലീഹ കൊടുങ്ങല്ലൂർ തുറമുഖത്ത് എഡി. 52–ൽ വന്നിറങ്ങിയതിന്റെ സ്മരണയ്ക്കായി 1953–ൽ സ്ഥാപിച്ച സ്മാരകത്തിൽ നിന്നുള്ള ചിത്രങ്ങൾ***











# 3. കേരള ചരിത്ര പശ്ചാത്തലം ആദ്യ നൂറ്റാണ്ടുകളിൽ

**ബി.** സി. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കാർത്യായനനും ബി. സി. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പതഞ്ജലിയും ഈജിപ്തും കേരളവുമായി വ്യാപാര ബന്ധം ഉണ്ടായിരുന്നതായി പറയുന്നുണ്ട്. ബി. സി. മൂവായിരത്തിന് മുമ്പ് തന്നെ കേരളവും ബാബിലോണും തമ്മിൽ വ്യാപാരം ഉണ്ടായിരുന്നതായി ചരിത്രകാരനായ വില്യം ലോഗനും പ്രൊഫസർ സെയിൻഡുവും രേഖപ്പെടുത്തിയിരിക്കുന്നു. കേരളം സമുദ്രത്തോട് ചേർന്നു കിടക്കുന്നതുകൊണ്ട് മുസ്സിരീസ്, തിണ്ടിസ്സ്, ബറേക്ക, നെൽക്കിണ്ട എന്നിവിടങ്ങളിൽ ആദിമകാലത്ത് തന്നെ തുറമുഖങ്ങൾ രൂപപ്പെട്ടു. പ്രസിദ്ധ ചരിത്രകാരനായിരുന്ന പ്ലീനിയും തമിഴ് കവികളും പ്രാചീന ഭാരതത്തിന്റെ കവാടമായി മുസ്സിരിസ് ' എന്ന കൊടുങ്ങല്ലൂരിനെ വർണ്ണിച്ചിട്ടുണ്ട്.

മാർക്കോപോളോ എന്ന ചരിത്രകാരനും ബുക്കാനൻ എന്ന പ്രൊട്ടസ്റ്റന്റ് മിഷനറിയും പാലയൂരിനെ അന്നത്തെ ബ്രാഹ്മണ ഗ്രാമമായും സാമ്പത്തികമായും സാമൂഹികമായും ഉയർന്ന നിലവാരമുള്ളവർ വസിച്ചിരുന്ന പ്രദേശമായും രേഖപ്പെടുത്തിയിട്ടുള്ളതാണ്.

ബി. സി. 1015–973 കാലഘട്ടത്തിൽ ജീവിച്ചിരുന്ന ശാലോമോൻ രാജാവിന് ആവശ്യമായിരുന്ന പൊന്ന്, വെള്ളി, ചന്ദനം, രത്നം, ആനക്കൊമ്പ്, കുരങ്ങുകൾ, മയിലുകൾ എന്നിവ കൊണ്ടുപോയിരുന്നത് കൊടുങ്ങല്ലൂരിൽ നിന്നാണ്.

മക്കൻസി കയ്യെഴുത്തുപ്രതി അനുസരിച്ചും മൂഷിക രാജവംശ കാവ്യം അനുസരിച്ചും കൊടുങ്ങല്ലൂർ ഭരിച്ചിരുന്ന ചേര രാജാക്കന്മാരുടെ കാലം ബി. സി. രണ്ടാം ശതകത്തിൽ തുടങ്ങുന്നു. പതിനാലാം ചേരരാജാവായ മാർത്താണ്ഡൻ അഥവാ ഉൽപലാക്ഷൻ എ. ഡി. 50 മുതൽ 68 വരെ കൊടുങ്ങല്ലൂർ രാജധാനിയായി ചേരരാജ്യം ഭരിച്ചിരുന്ന കാലത്താണ് തോമാശ്ലീഹ കൊടുങ്ങല്ലൂർ കപ്പലിറങ്ങിയത്. ചേരരാജാക്കന്മാരുടെ രാജധാനിക്ക് അക്കാലത്ത് 'മുശരശ്ശ്' എന്നാണ് പറഞ്ഞിരുന്നത്. അതിനാലാണ് വിദേശിയ ചരിത്രകാരന്മാർ കൊടുങ്ങല്ലൂരിനെ 'മുസ്സിരീസ്' എന്ന് രേഖപ്പെടുത്തിയത്.

എ.ഡി. രണ്ടാം ശതകത്തിൽ എഡേസ്സാക്കാരൻ ബർദൈസാൻ സുറിയാനിയിൽ എഴുതിയ 'തോമസിന്റെ നടപടികൾ' എന്ന ഏറ്റവും പ്രാചീനമായ രേഖയിൽ കാണുന്ന ഗൊണ്ടഫറസ് രാജാവ് ചേരരാജാവായ രാജാ മാർത്താണ്ഡൻ ആണെന്ന് ചരിത്രകാരനായ ആദി ബാലകൃഷ്ണപിള്ള സ്ഥിരീകരിക്കുന്നുതായി 'പറയത്തുകാട്ടിൽ കുടുംബചരിത്രത്തിൽ' കാണുന്നു.

'മലങ്കര സഭയുടെ സമ്പൂർണ്ണ ചരിത്രം' എന്ന ഗ്രന്ഥത്തിൽ രചയിതാക്കളായ ഫാ. ഡോ. ജോസഫ് ചീരനും കെ. വി. മാമ്മനും പേജ് നമ്പർ 11-ൽ രേഖപ്പെടുത്തി കാണുന്നത് ഇപ്രകാരമാണ്, 'മാർത്തോമാശ്ലീഹായെ ഇന്ത്യൻ ക്രൈസ്തവ സഭയുടെ സ്ഥാപകനായി അഭിമാനപൂർവ്വം അവകാശപ്പെടുന്നു എന്നതുതന്നെ തോമാശ്ലീഹാ ഭാരതത്തിൽ എത്തി എന്നതിന് അടിസ്ഥാന തെളിവാണ്. ലോകത്തിൽ മറ്റൊരിടത്തും ഇപ്രകാരം സഭാ സ്ഥാപകനായി മാർത്തോമ്മായെ അവകാശപ്പെടുന്നില്ല. അദ്ദേഹം കേരളക്കരയിൽ ഏഴര പള്ളികൾ സ്ഥാപിച്ചു എന്നത് അതിപുരാതനമായ പാരമ്പര്യമാണ്.'

ക്രിസ്തുവിന് മുമ്പ് ആറാം നൂറ്റാണ്ടിൽ ജൂതന്മാർ കേരളത്തിൽ അധിവസിച്ചിരുന്നു. മേദോ-പേർഷ്യൻ രാജാവായിരുന്ന സൈറസിന്റെ ജൂതമർദ്ദനത്തിൽ നിന്നും രക്ഷപ്പെടുവാനായി കുടിയേറിപ്പാർത്തവരാണിവർ. അതിനാൽ തോമാശ്ലീഹാ കേരളത്തിൽ എത്തിച്ചേരുന്ന കാലത്ത് ധാരാളം യഹൂദ കോളനികൾ ഇവിടെ നിലനിന്നിരുന്നു. അതിൽ ഒന്നാണ് പാല

യൂരിലെ ജൂതൻകുന്ന്. അവരുടെ ഒരു സിനഗോഗും അവിടെ ഉണ്ടായിരുന്നു. 'ജൂതൻ ബസാർ' എന്നപേരിൽ ഒരു അങ്ങാടി ഇന്നും അവിടെ ഉണ്ട്. കേരള സമൂഹത്തിൽ ഇന്ന് യഹൂദർ നാമമാത്രമായിരിക്കുന്നു. പാലയൂർ മഹാതീർത്ഥാടനകേന്ദ്രം സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ച ജോസ് ചിറ്റിലപ്പിള്ളി രചിച്ച 'സപ്ത ദേവാലയങ്ങൾ' എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്ന വിവരങ്ങളാണ് ഇത്.

പാലയൂരിനടുത്ത് കുന്നംകുളം മേഖലയിൽ ഇയ്യാൽ, പോർക്കളം, കാട്ടക്കമ്പാൽ, അരിയന്നൂർ, കാണശ്ശേരി എന്നിവിടങ്ങളിൽ കാണപ്പെടുന്ന കല്ലറകളും കുടക്കല്ലുകളും, തൊപ്പിക്കല്ലുകളും ഹൈന്ദവരീതിയിൽ നിന്നും വ്യത്യസ്തമായ ശവസംസ്കാരരീതിയുടെ ശേഷിപ്പുകളാണ്. ബി. സി. ഒന്നാം നൂറ്റാിൽ പശ്ചിമേഷ്യയിൽ നിന്നും അലക്സാൺഡ്രിയയിൽ നിന്നും എത്തിയ, തിരിച്ചുപോകാൻ സാധിക്കാതെവന്ന ജൂതവ്യാപാരികളുടെ കല്ലറകൾ കൊടുങ്ങല്ലൂരിന് സമീപമുള്ള പ്രദേശങ്ങളിൽ നിർമ്മിച്ചിരുന്നു. ബൈബിളിൽ പറയുന്ന നഷ്ടപ്പെട്ട യഹൂദഗോത്ര ജനത ഈ സ്ഥലങ്ങളിൽ അധിവസിച്ചിരുന്നതിന് തെളിവാണിത്. കോയമ്പത്തൂരിലും മറയൂരിലും വയനാട് ചിത്രദുർഗയിലെ ബ്രഹ്മഗിരിയിലും പാക്കിസ്ഥാനിലെയും അഫ്ഗാനിസ്ഥാനിലെയും മലയടിവാരങ്ങളിലും കണ്ടെത്തിയ കല്ലറകൾ യഹൂദ സംസ്കാരത്തോട് സാമ്യമുള്ളവയാണ്. ഈ പ്രദേശങ്ങളിൽ ചില കല്ലറകളിൽ നിന്നും റോമൻ ചക്രവർത്തി അഗസ്റ്റസ് സീസറിന്റെ ചിത്രമുള്ള ദിനാർ നാണയവും മൗര്യകാലത്തെ കാർഷാ പണവും ലഭിച്ചിട്ടുണ്ട്.

എ. ഡി. 52-ൽ കർക്കിടക സംക്രാന്തി ദിവസം തോമാശ്ലീഹാ പാലയൂരിൽ എത്തി എന്ന് കരുതപ്പെടുന്നു. അവിടെ യഹൂദ ജനതയുടെ ആതിഥ്യം സ്വീകരിച്ച് അദ്ദേഹം ക്രിസ്തുമതം പ്രഘോഷിച്ചു. ഈ പ്രദേശം ഇപ്പോഴും'യൂദൻകുന്ന്' എന്നാണ് അറിയപ്പെടുന്നത്. യഹൂദർ ആരും ഇപ്പോൾ അവിടെ അധിവസിക്കുന്നില്ല.' എന്ന് ശങ്കരപുരി കുടുംബചരിത്ര ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കൊടുങ്ങല്ലൂർ ചേരസാമ്രാജ്യത്തിന്റെ തലസ്ഥാനവും ലോകപ്രശസ്തിയാർജിച്ച വൻകിട വാണിജ്യ കേന്ദ്രവും ഒരു തുറമുഖ പട്ടണവുമായിരുന്നു. തിരുവഞ്ചിക്കുളം, മുശ്ശിരി പട്ടണം, മാല്യങ്കര എന്നും ഈ പ്രദേശം അറിയപ്പെട്ടിരുന്നു.

യൂദയായിൽ നിന്നും 40 ദിവസത്തെ പായ്കപ്പൽ യാത്രയ്ക്ക് ശേഷം തോമാശ്ലീഹ കൊടുങ്ങല്ലൂരിൽ എത്തിച്ചേർന്നതായി പറയപ്പെടുന്നു. കേരളത്തിൽ ചുറ്റി സഞ്ചരിച്ച തോമാശ്ലീഹ നിരവധി പേരെ ക്രിസ്തുമതത്തിൽ ചേർക്കുകയും ഏഴര പള്ളികൾ സ്ഥാപിക്കുകയും ചെയ്തു. ശങ്കരപുരി, പകലോമറ്റം, കള്ളി, കാളികാവ് എന്നീ നാല് ശ്രേഷ്ഠ കുടുംബങ്ങളിൽ നിന്ന് പട്ടക്കാരെ വാഴിക്കുകയും ചെയ്തു. ഒന്നാം നൂറ്റാണ്ടിൽ തന്നെ ക്രിസ്തുമതം സ്വീകരിച്ചവരും ഇതരരും തമ്മിൽ തർക്കങ്ങളും ശത്രുതയും ഉണ്ടായിക്കൊണ്ടിരുന്നു. എന്ന് 'പുള്ളിപ്പടവിൽ കുടുംബചരിത്രത്തിൽ' രേഖപ്പെടുത്തിയിരിക്കുന്നു.

എ. ഡി. രണ്ടാം നൂറ്റാണ്ടിൽ സുറിയാനിയിൽ എഴുതപ്പെട്ട 'സെന്റ് തോമസ് ആക്ട്' എന്ന ഗ്രന്ഥത്തിൽ നിന്നാണ് തോമാശ്ലീഹായുടെ സുവിശേഷ പ്രവർത്തനങ്ങളെക്കുറിച്ച് ഏറ്റവും പഴക്കമുള്ള അറിവ് ലഭിക്കുന്നത്. 1601-ൽ നിരണം പള്ളിയിൽ ഉപയോഗിക്കുന്നതിനായി തോമസ് റമ്പാൻ രചിച്ച തോമാപർവ്വം മാർഗ്ഗംകളിപ്പാട്ടിലും വിവിധ കല്യാണപ്പാട്ടിലും തോമാശ്ലീഹായുടെ അത്ഭുതപ്രവൃത്തികളെ വർണ്ണിക്കുന്നത് കാണാം.

മാർത്തോമാ ചരിതം കല്ല്യാണപാട്ടിൽ ഒരു സംഭവം പറയുന്നുണ്ട്. കൊടുങ്ങല്ലൂരിൽ കേരള പെരുമാളിന്റെ രാജകൊട്ടാരത്തിൽ നടന്ന വിവാഹ ചടങ്ങിൽ പങ്കെടുക്കവേ രാജാവിന്റെ ഭൃത്യൻ മാർത്തോമാശ്ലീഹായെ അടിച്ചു. ഉടനെ ആ കരം ഒരു പട്ടി കടിച്ചു മുറിയ്ക്കുക

യുണ്ടായി. ഇത് കണ്ട് ഭയന്ന് രാജാവ് തോമാശ്ലീഹയോട് മാപ്പ് ചോദിച്ച് ക്രിസ്തുമതം സ്വീകരിച്ചു. അവിടെ കൂടിയിരുന്ന നിരവധി ആളുകളും ക്രിസ്തുമതം സ്വീകരിച്ചു. തോമാശ്ലീഹാ 6850 ബ്രാഹ്മണരേയും 2790 ക്ഷത്രിയരേയും 3780 വൈശ്യരേയും 4280 ശൂദ്രരേയും ക്രിസ്തുമതത്തിൽ ചേർത്തതായി 'The Indian Christian of St. Thomas എന്ന ഗ്രന്ഥത്തിൽ പറയുന്നു.

വി. തോമാശ്ലീഹാ വന്നുചേർന്ന കൊടുങ്ങല്ലൂരിൽ നിന്നും ഏതാനും കിലോമീറ്റർ വടക്ക് മാറിയുള്ള പാലയൂർ ബ്രാഹ്മണരുടെ കേന്ദ്രവും യഹൂദരുടെ കമ്പോളവുമായിരുന്നു. അറുപത്തിനാല് നമ്പൂതിരി കുടുംബങ്ങളും അവരുടെ ആശ്രിതരായ വിവിധ ജാതിക്കാരും ഈ പ്രദേശത്ത് താമസിച്ചിരുന്നു. തോമാശ്ലീഹായുടെ സുവിശേഷപ്രവർത്തനങ്ങളുടെ ഭാഗമായി ക്രിസ്തുമതം സ്വീകരിച്ചവർ തങ്ങളുടെ ആരാധനാലയമായ ഭദ്രകാളി ക്ഷേത്രം പള്ളിയാക്കി രൂപാന്തരപ്പെടുത്തി. കള്ളി, കാളികാവ്, ശംഖൂരി, പകലോമറ്റം കുടുംബങ്ങൾ കടുത്തുരുത്തി വഴി കുറവിലങ്ങാട്ട് എത്തി. വടക്കുംകൂർ രാജാവ് എല്ലാ സഹായ സഹകരണങ്ങളും ചെയ്തു കൊടുത്തതിനാൽ, കൃഷിസ്ഥലം തേടി കൂടുതൽ ആളുകൾ കടുത്തുരുത്തിയിലും കുറവിലങ്ങാടും കുടിയേറി. കാലാന്തരത്തിൽ കുടിയേറ്റക്കാരുടെ കുടുംബങ്ങളുടെ എണ്ണം വർദ്ധിച്ചപ്പോൾ ശംഖുരി കുടുംബത്തിൽ നിന്നും ദേവസ്യ എന്ന കാരണവർ പതിനെട്ടാം നൂറ്റാിൽ മണ്ണയ്ക്കനാടിന് താമസം മാറി. ഇദ്ദേഹത്തിന്റെ പിൻമുറക്കാരിൽ പെട്ടവരാണ് കദളിക്കാട്ടിൽ കുടുംബക്കാർ എന്ന് റവ. ഫാ. മാത്യു കദളിക്കാട്ടിൽ എന്ന ഗ്രന്ഥത്തിൽ പേജ് നമ്പർ 5, 6 എന്നിവയിൽ കാണുന്നു.

ദക്ഷിണേന്ത്യയിൽ ക്രിസ്തുമതം ആദ്യം പ്രചരിച്ചത് കേരളത്തിലെ കൊടുങ്ങല്ലൂർ ഉണ്ടായിരുന്ന യഹൂദ കോളനിയിലാണ്. മാർത്തോമാശ്ലീഹാ ഒരു കച്ചവട സംഘത്തോടൊപ്പം എ. ഡി. 52-ൽ അന്താരാഷ്ട്ര വ്യാപാര കേന്ദ്രമായ കൊടുങ്ങല്ലൂരിൽ (മാല്യങ്കര) കപ്പലിറങ്ങി. വലിയ തുറമുഖം എന്ന അർത്ഥത്തിലാണ് കൊടുങ്ങല്ലൂർ (കൊടും+ഗല്ല്+ഊർ) എന്ന പേര് വന്നത്. ഒറ്റയ്ക്കായിരുന്നില്ല അദ്ദേഹം വന്നത് മറ്റ് ശ്ലീഹന്മാർ ചെയ്തതുപോലെ സഹപ്രവർത്തകരേയും കൊണ്ടുവന്നിരുന്നു. യഹൂദ ബാലികമാർ കിന്നരംവായിച്ച് പാട്ടുപാടി അദ്ദേഹത്തെ സ്വീകരിച്ചു എന്നാണ് കേരളത്തിലെ യഹൂദരുടെ ഇടയിലുള്ള വിശ്വാസം.'

സിനഗോഗുകളിൽ പ്രാർത്ഥനാ സമയത്ത് വേദഗ്രന്ഥം വായിച്ചുകഴിയുമ്പോൾ വ്യാഖ്യാന പ്രസംഗം നടത്തുന്നതിന് അതിഥികളെ ക്ഷണിക്കണം എന്നത് യഹൂദ സമുദായത്തിന്റെ നിയമമാണ്. ഇപ്രകാരം തോമാശ്ലീഹായെ പാലയൂരിലെ യഹൂദ സിനഗോഗിൽ വേദഗ്രന്ഥ വ്യാഖ്യാന പ്രസംഗത്തിന് ക്ഷണിച്ചു. യഹൂദ ജനത പ്രതീക്ഷിച്ചിരുന്ന രക്ഷകൻ യേശുവാണെന്ന് തോമാശ്ലീഹ പ്രസ്താവിച്ചപ്പോൾ കോപാക്രാന്തരായ യഹൂദ ജനം സിനഗോഗിൽ നിന്നും അദ്ദേഹത്തെ പുറത്താക്കുകയും ബന്ധനസ്ഥനാക്കുകയും ചെയ്തു. അന്ന് അദ്ദേഹത്തിന് എച്ചിലിലയിൽ ഉച്ഛിഷ്ടം ഭക്ഷിക്കാൻ കൊടുത്തതിന്റെ ഓർമ്മയ്ക്കായി കൊടുങ്ങല്ലൂരിന് അടുത്തുള്ള പഴയ യഹൂദ കേന്ദ്രമായ തുരുത്തൂർ ഇടവകയിൽ ഇന്നും എച്ചിലില നേർച്ച നടത്തിവരുന്നു. അവിടെ ഇപ്പോഴത്തെ പള്ളി സ്ഥിതി ചെയ്യുന്നിടത്ത് ഹാർസീനാ യി (സീനായ് മല) എന്ന് യഹൂദർ വിളിച്ചിരുന്ന ഒരു കുന്ന് ഉണ്ടായിരുന്നു. ഒരു യഹൂദ സിനഗോഗും അവിടെ ഉണ്ടായിരുന്നു.'

അന്ന് അവിടെയുണ്ടായിരുന്ന നാല്പതോളം യഹൂദർ തോമാശ്ലീഹായുടെ പ്രബോധനത്തിൽ വിശ്വസിച്ചു എന്നാണ് യഹൂദ പാരമ്പര്യം. ആ നാല്പത് കുടുംബങ്ങളിലെയും സന്തതിപരമ്പരയിൽ പെട്ടവരുടെ പിന്മുറക്കാരെ ഇപ്പോഴും കണ്ടെത്താനാകും. ഇപ്രകാരം കേരളത്തിൽ ആദ്യം ക്രിസ്തുമതത്തിലേയ്ക്ക് കടന്നുവന്നത് യഹൂദരാണ്. ക്രമേണ ഇവരുടെ സഹകരണത്തോടെ വേദ-ജൈന-ബുദ്ധ മതത്തിലുള്ളവരും ക്രിസ്തുമതത്തിലേയ്ക്ക്

ആകൃഷ്ടരായി. ബൈബിളിലെ അപ്പസ്തോലന്മാരുടെ നടപടി പുസ്തകവും പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളും വായിച്ചാൽ ഇതിന് സമാനമായ രീതിയിലുള്ള മറ്റ് ശ്ലീഹന്മാരുടെ ആദ്യകാല പ്രേഷിതവേലയുടെ സ്വഭാവം മനസ്സിലാക്കുവാൻ സാധിക്കും.'

എ.ഡി. ഒന്നാം നൂറ്റാണ്ടിൽ കൊടുങ്ങല്ലൂർ പ്രദേശം പ്രധാന തുറമുഖമായിരുന്നതിനാൽ കുരുമുളക്, ചുക്ക്, ഏലം, എലവറങ്ങം തുടങ്ങിയ സുഗന്ധദ്രവ്യങ്ങളുടെയും തേക്ക്, ഈട്ടി, ചന്ദനം, ചപ്പങ്ങം, മയിൽപ്പിലീ, കാട്ടുതേൻ തുടങ്ങിയ വനവിഭവങ്ങളുടേയും പ്രധാന വ്യാപാരകേന്ദ്രമായിരുന്നു. ഇവയുടെ വ്യാപാരത്തിനായി എത്തിയ യഹൂദരും ഗ്രീക്കുകാരും റോമാക്കാരും, മതപ്രചരണത്തിനായി വടക്കെ ഇന്ത്യയിൽ നിന്നും എത്തിയ ആര്യ വംശജരായ ബുദ്ധ-ജൈന മതക്കാരും, ബ്രാഹ്മണർ, മറയോർ തുടങ്ങിയ വേദമതക്കാരും അവിടെ ഉണ്ടായിരുന്നു. അറമായ ഭാഷയാണ് അന്നത്തെ പ്രധാന അന്താരാഷ്ട്ര വ്യാപാരഭാഷ. ക്രിസ്തുവും ശിഷ്യന്മാരും യഹൂദരും അറമായ ഭാഷയാണ് ഉപയോഗിച്ചിരുന്നത്. സുറിയാനി ഇതിന്റെ ഒരു ശാഖയാണ്. പേർഷ്യൻ സാമ്രാജ്യത്തിന്റെ ഔദ്യോഗിക ഭാഷ ബി. സി. 550 മുതൽ എ. ഡി. 650 വരെ അറമായ ഭാഷയാണ്. അന്ന് വടക്ക്-പടിഞ്ഞാറൻ ഇന്ത്യയും പേർഷ്യൻ സാമ്രാജ്യത്തിൽ ഉൾക്കൊണ്ടിരുന്നു. ഈ ഭാഷ സംസാരിച്ചിരുന്ന, യഹൂദ കോളനികൾ നിലനിരുന്ന കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ, കോക്കമംഗലം, നിരണം, കൊല്ലം, ചായൽ (നിലയ്ക്കൽ) എന്നീ വ്യാപാരകേന്ദ്രങ്ങളോട് അനുബന്ധിച്ചാണ് തോമാശ്ലീഹ സുവിശേഷം പ്രഘോഷണം നടത്തിയതും ആദ്യ ക്രൈസ്തവ സമൂഹങ്ങൾ രൂപപ്പെട്ടതും. ഇതിന് സമാനമായ രീതിയിൽ തന്നെ മറ്റ് ശിഷ്യരും വിവിധ രാജ്യങ്ങളിലെ വലിയ വാണിജ്യ കേന്ദ്രങ്ങളോട് അനുബന്ധിച്ചാണ് സുവിശേഷ പ്രഘോഷണം നടത്തിയത്.

ഈ വിവരങ്ങൾ പ്രസിദ്ധ ചരിത്രകാരനായ റവ. ഫാ. ഡോ. ജോർജ്ജ് കുരുക്കൂർ എഴുതിയ ഒരു വംശവും പല നാടുകളും' എന്ന ഗ്രന്ഥത്തിൽ നിന്നും ലഭിച്ചവയാണ്.

ഇന്ത്യയെ ലോകത്തിന്റെ അതിർത്തി രാജ്യം' എന്നാണ് ബി. സി. 484-425 കാലഘട്ടത്തിൽ ജീവിച്ചിരുന്ന ഹെറോഡോട്ടസ് എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നത്. ചരിത്രത്തിന്റെ പിതാവ് എന്ന് അറിയപ്പെടുന്ന ഇദ്ദേഹം ദ ഹിസ്റ്ററീസ് എന്ന ഗ്രന്ഥത്തിലാണ് ഇപ്രകാരം വിശേഷിപ്പിച്ചിട്ടുള്ളത്. മദ്ധ്യധരണ്യാഴി പ്രദേശം ലോകത്തിന്റെ മധ്യഭാഗത്തും ഇന്ത്യ ലോകത്തിന്റെ അതിർത്തി പ്രദേശത്തുമാണ് എന്ന വിലയിരുത്തലിലായിരുന്നു അക്കാലത്തെ പഠനങ്ങളെല്ലാം നടന്നിരുന്നത്. ഈ പഠനത്തിന്റെ അടിത്തറയിൽ നിന്ന്, മറ്റുള്ളവർക്ക് മനസിലാക്കുവാനാണ് ലോകത്തിന്റെ അതിർത്തികൾ വരെയും നിങ്ങൾ എനിക്ക് സാക്ഷികളാകണം എന്ന് യേശു ശിഷ്യരെ ഉദ്ബോധിപ്പിച്ചത്. ആ ഉദ്ബോധനം ശിരസാ വഹിച്ച് പത്രോസ് അന്ത്യോക്ക്യയിലിലേയ്ക്കും റോമിലേയ്ക്കും യോഹന്നാൻ എഫേസൂസിലേയ്ക്കും ഫിലിപ്പോസ് സമറിയായിലേയ്ക്കും യാക്കോബ് സ്പെയിനിലേയ്ക്കും പോയപ്പോൾ നമ്മുടെ പിതാവായ വി. തോമാശ്ലീഹ ലോകത്തിന്റെ അതിർത്തി രാജ്യമായ' ഭാരതത്തിൽ എത്തിച്ചേർന്നു.

വിദേശ ചരിത്രകാരന്മാരായ ഫർക്കാർ (The Apostel Thomas in India), കണ്ണിംഗ്ഹാം (Ancient Geography of India) തുടങ്ങിയവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ എ. ഡി. 42 നും 49 നും ഇടയിലാണ് തോമാശ്ലീഹാ വടക്കുപടിഞ്ഞാറെ ഇന്ത്യയിൽ പ്രേഷിതവേല ചെയ്തത്. അക്കാലത്ത് വടക്കേ ഇന്ത്യ ഉൾപ്പെടുന്ന പാർഥിയ രാജ്യം ഭരിച്ചിരുന്നത് ഗൊണ്ടഫറസ് എന്ന രാജാവായിരുന്നു എന്ന് അന്നത്തെ നാണയങ്ങളിൽ നിന്നും മനസിലാക്കാം, മാത്രമല്ല രേഖപ്പെടുത്തപ്പെട്ടിട്ടുള്ള മറ്റ് ചരിത്രങ്ങളിലും ഈ രാജാവിന്റെ പേര് കാണാം. രാജപ്രതിനിധിയായ ഹാബ്ബാനൊപ്പമാണ് തോമാശ്ലീഹായുടെ ആദ്യ ഭാരത സന്ദർശനമെന്ന് അനുമാനിക്ക

പ്പെടുന്നു. 49-ൽ കുഷാനൻമാരുടെ ആക്രമണത്തിൽ ഗൊണ്ടഫറസ് രാജാവിന് സ്ഥാനനഷ്ടം ഉണ്ടായപ്പോൾ തോമാശ്ലീഹാ ജറുസലേമിലേയ്ക്ക് തിരികെപോയി. ജറുസലേം കൗൺസിലിൽ പങ്കെടുത്തശേഷം തോമാശ്ലീഹാ രണ്ടാം പ്രാവശ്യം ഭാരതത്തിലേയ്ക്ക് വന്നത് എ. ഡി. 52-ലാണ്, അക്കാലത്തെ ഭാരതത്തിലെ ഏറ്റവും വലിയ തുറമുഖ പട്ടണമായ 'മാല്യങ്കര' എന്ന് അറിയപ്പെട്ടിരുന്ന കൊടുങ്ങല്ലൂരിൽ അദ്ദേഹം എത്തിച്ചേർന്നു. ആദ്യകാലത്ത് 'മുസ്സിരീസ്' എന്നും ഈ പ്രദേശത്തെക്കുറിച്ച് രേഖകളിൽ കാണുന്നുണ്ട്. എ. ഡി. 23-79 കാലഘട്ടത്തിൽ ജീവിച്ചിരുന്ന പ്രസിദ്ധ റോമൻ ചരിത്രകാരനായ പ്ലീനി 'നാച്വറൽ ഹിസ്റ്ററി' എന്ന ഗ്രന്ഥത്തിൽ ഈ പട്ടണത്തെ 'ഇന്ത്യയിലെ ഏറ്റവും പ്രധാന പട്ടണം' (Primum Emporium Indiae) എന്നാണ് വിശേഷിപ്പിച്ചുകാണുന്നത്. മെഡിറ്ററേനിയൻ ലോകത്തെ പ്രധാന പട്ടണമായ അലക്സാണ്ട്രിയായുമായി മുസ്സിരീസിനെ ബന്ധിപ്പിച്ചിരുന്ന വ്യാപാര മാർഗ്ഗത്തെപ്പറ്റി റോമൻ ചരിത്രകാരന്മാരായ സ്ട്രോബോ (ജിയോഗ്രഫി), അരിയാൻ (ഇൻഡിക്ക), ടോളമി (ജിയോഗ്രഫി) തുടങ്ങിയ ചരിത്രകാരന്മാരെല്ലാം എഴുതിയിട്ടുണ്ട്. 'പെരിപ്ലസ് ഓഫ് ദ എരിത്രിയൻ സീ' എന്ന ഗ്രന്ഥത്തിൽ മുസ്സിരീസിന്റെയും സമീപ പ്രദേശങ്ങളുടേയും പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ബി. സി. 73-ൽ റോമൻ ചക്രവർത്തിയായ പോംപെയ് ജറുസലം അക്രമിച്ച് യൂദയാ സാമ്രാജ്യത്തിന്റെ ഭാഗമാക്കിയപ്പോൾ ധാരാളം യഹൂദർ റോമൻ വാണ്യബന്ധത്തിന്റെ ഭാഗമായ മുസ്സിരീസിലും മറ്റ് പ്രധാന വ്യാപാരകേന്ദ്രങ്ങളിലും എത്തിച്ചേർന്നിരുന്നു. കൊടുങ്ങല്ലൂർ, കൊല്ലം, നിരണം, പാലയൂർ, കോക്കമംഗലം, പറവൂർ, നിലയ്ക്കൽ എന്നിവിടങ്ങളിലെ യഹൂദ സാന്നിധ്യം തോമാശ്ലീഹാ കേരളത്തിൽ എത്തിച്ചേരുന്നതിന് കാരണമായി. ആദ്യകാലത്ത് സഭാസമൂഹങ്ങൾ രൂപപ്പെട്ട പ്രദേശങ്ങളെല്ലാം ജലമാർഗ്ഗം എത്തിച്ചേരാവുന്ന പട്ടണങ്ങളായിരുന്നു. ഈ പ്രദേശങ്ങളിലെല്ലാം യഹൂദ സാന്നിദ്ധ്യം ഉണ്ടായിരുന്നതായി ചരിത്രത്തിൽ കാണാവുന്നതാണ്.

ക്രിസ്തുവർഷം ആദ്യ നൂറ്റാണ്ടുകളിലെ ഗ്രന്ഥകാരന്മാരായ ക്ലെമന്റ് (140-215), ഒരിജൻ (186-255), അപ്രേം (306-373), നാസിയാൻസെൻ (329-390), അംബ്രോസ് (333-397), ജെറോം (340-420), ക്രിസോസ്റ്റോം (347-407), ഗ്രിഗറി (538-590), ഇസിഡോർ (560-636) എന്നിവരുടെ ഗ്രന്ഥങ്ങളായ യഥാക്രമം Stromata, Commentary on Genesis, Carmina Nisibena, Contro Arianos, De Moribus Brahmanorum, De Viris Illustribus and Epistola ad Dardanum, Homily 26, Miraculum Liber, De Ortu et Obitu Patrem എന്നിവയിൽ തോമാശ്ലീഹയുടെ ഭാരത സന്ദർശനത്തെക്കുറിച്ച് വിശദമായി വിവരിക്കുന്നുണ്ട്.

*(കടപ്പാട്:-പ്രസിദ്ധ സഭാചരിത്രകാരനായ ഡോ. ജെയിംസ് പുലിയുറിമ്പിൽ 2018 ജൂലൈ 3-ന് ദീപിക ദിനപത്രത്തിൽ എഴുതിയ 'മാർ തോമാശ്ലീഹ കേരളത്തിൽ' എന്ന ലേഖനം)*

'എ. ഡി. 52 നവംബർ 21-ന് തോമാശ്ലീഹ കൊടുങ്ങല്ലൂർ എത്തി. 20 വർഷത്തെ ദൈവവേലയ്ക്ക്ശേഷം എ. ഡി. 72 ജൂലൈ 3-ന് മദ്രാസിലെ ചിന്ന മലയിൽ വച്ച് രക്തസാക്ഷിത്വം വരിച്ചു. അസുഖം വരുമ്പോൾ തോമാശ്ലീഹായുടെ കബറിടത്തിൽ നിന്നും കൊണ്ടുവന്ന മണ്ണ് വെള്ളത്തിൽ ലയിപ്പിച്ച് കൊടുക്കുന്ന പതിവും പ്രസവാനന്തരം അമ്മയും കുഞ്ഞും ആദ്യമായി പള്ളിയിൽ വരുമ്പോൾ മൈലാപ്പൂരിൽ നിന്നോ, തോമാശ്ലീഹ കടന്നുപോയ സ്ഥലങ്ങളിൽ നിന്നോ ശേഖരിച്ച മണ്ണ് അവരുടെമേൽ വിതറിയും ദേവാലയത്തിലേയ്ക്ക് സ്വീകരിക്കുന്ന പതിവും 17-ാം നൂറ്റാണ്ടിന്റെ ആരംഭം വരെ ഭാരത സഭയിൽ നിലനിന്നിരുന്നതായി 'പള്ളിവാതുക്കൽ കുടുംബചരിത്ര ഗ്രന്ഥ' ത്തിൽ കാണുന്നു.

കേരള ചരിത്ര ഡയറക്ടറിയിൽ തോമാശ്ലീഹായെക്കുറിച്ച് പരാമർശിച്ചിരിക്കുന്ന ഭാഗങ്ങൾ ഏറെ പ്രാധാന്യം അർഹിക്കുന്നതാണ്:

യഹൂദർ, ക്രിസ്ത്യാനികൾ, മുഹമ്മദീയർ മുതലായ വിദേശികൾ വാണിജ്യാദി വ്യവസായങ്ങൾക്കായി ആദ്യം കേരളത്തിൽ പ്രവേശിച്ചത് പെരുമാക്കന്മാരുടെ കാലത്തായിരുന്നു. ഭാഷാചരിത്ര കർത്താവായ പി. ഗോവിന്ദപ്പിള്ള, 'ക്രിസ്തു വർഷം ഒന്നാം ശതകത്തിൽ ക്രിസ്തുദേവന്റെ പ്രധാന ശിഷ്യന്മാരിൽ ഒരുവനായ സെന്റ് തോമസ് കേരളത്തിലെത്തി കൊടുങ്ങല്ലൂർ, പാലയൂർ തുടങ്ങിയ പല സ്ഥലങ്ങളിലായി ഏഴ് കുരിശുകൾ സ്ഥാപിക്കുകയും കള്ളി, കാളികാവ്, ശങ്കരപുരി, പകലോമറ്റം തുടങ്ങി അനവധി ബ്രാഹ്മണ കുടുംബങ്ങളെ ക്രിസ്തുമതാനുസാരികളാക്കിത്തീർത്തു.' എന്ന് പ്രസ്താവിച്ചിരിക്കുന്നു. ഈ പ്രസ്താവനയെ വിശ്വസിക്കത്തക്ക പല ലക്ഷണങ്ങളും ഇന്നും ഇവിടെ കാണ്മാനുണ്ട്.

കേരള ചരിത്ര ഡയറക്ടിയിൽ പേജ് നമ്പർ 56, 57 എന്നിവയിൽ വിവരിച്ചിരിക്കുന്ന ഭാഗം താഴെ കൊടുത്തിരിക്കുന്നു.




'അനവധി ബ്രാഹ്മണ കുടുംബങ്ങളെ ക്രൈസ്തവ മതാനുയായികളാക്കിയതും പല ക്ഷേത്രങ്ങളെ ക്രിസ്തീയ ദേവാലയമാക്കി ചമച്ചതും മലയാളക്കരയിൽ ക്രിസ്തീയവേദം പ്രസംഗിച്ച് ക്രിസ്തീയ വെളിച്ചം ഉണ്ടാക്കിത്തീർത്തതും ഈ പുണ്യപുരുഷനാണ്. എ.ഡി. അമ്പതാം ആണ്ടോടുകൂടി കപ്പൽ മാർഗ്ഗം കൊടുങ്ങല്ലൂർ പട്ടണത്തിൽ എത്തിച്ചേരുകയും ഈ നാട്ടിൽ സുവിശേഷ പ്രസംഗം ചെയ്യുന്നതിനുള്ള അനുവാദം അന്നത്തെ ഭരണാധികാരിയായിരുന്ന ചോഴപ്പെരുമാളോട് വാങ്ങി പല സ്ഥലങ്ങളിലും തന്റെ വേദത്തെ പ്രസംഗിച്ചു. പാലയൂർ, കോട്ടയ്ക്കാവ്, കോക്കമംഗലം, നിരണം, ചായൽ ആദിയായ ഏഴ് സ്ഥലങ്ങളിൽ ഓരോ കുരിശുകൾ സ്ഥാപിക്കുകയും പല അത്ഭുത പ്രവർത്തികൾ നടത്തുകയും ചെയ്തു. ആ കാലത്ത് ചോഴപ്പെരുമാൾ മാർത്തോമാ ശ്ലീഹായുടെ കൈയ്യിൽ വിദേശരീതിയിൽ ഒരു മനോഹര ഹർമ്യം പണിയിക്കുവാൻ ഒരു വലിയ സംഖ്യ ഏൽപ്പിച്ചിരുന്നതിനെ അദ്ദേഹം ആതുരജനോദ്ധാരണാർത്ഥം ചെലവാക്കിയതിനാൽ ക്രോധാവിഷ്ടനായ പെരുമാൾ അദ്ദേഹത്തെ കാരാഗൃഹത്തിൽ അടയ്ക്കുന്നതിന് കല്പന കൊടുത്തു. യദൃശ്ച്യാ പെരുമാളുടെ സഹോദരൻ മരണമടയുകയുായി. മൃതശരീരം എഴുന്നേറ്റ് നിന്ന് ജ്യേഷ്ഠനോട് 'താൻ ഒരു പുതിയ പള്ളിയും അതിൽ മാർത്തോമ പ്രാർത്ഥിച്ചുകൊണ്ട് നിൽക്കുന്നതും കണ്ടു.' എന്ന് പറയുകയുണ്ടായി. ഇതുകേട്ട് സന്തുഷ്ടനായ രാജാവ് കാരാഗൃഹത്തിൽ ചെന്ന് ശ്ലീഹായെ തുറന്ന് വിടുകയും രഥത്തിൽ കയറ്റി കൊട്ടാരത്തിൽ കൊണ്ടുവരികയും ക്രിസ്തുമാർഗ്ഗത്തിൽ വിശ്വസിക്കുകയും ചെയ്തു.'

കേരള ചരിത്ര ഡയറക്ടറി തുടരുന്നു, 'തോമാശ്ലീഹാ പറവൂരിലെത്തി വേദം പ്രസംഗിച്ച് തുടങ്ങിയപ്പോൾ അവിടെയുണ്ടായിരുന്ന നമ്പൂതിരിയുൾപ്പെടെയുള്ള സവർണ്ണർക്ക്

രസിച്ചില്ല. അവർ സിദ്ധനെ ഉപദ്രവിക്കാൻ ആരംഭിച്ചു. അപ്പോൾ അവിടുത്തെ ക്ഷേത്രത്തിൽ നടന്നിരുന്ന ഒരു ഉത്സവത്തിൽ എഴുന്നെള്ളിച്ചുകൊണ്ടുനിന്ന ഗജവീരന്മാരെയും ജനസമൂഹത്തെയും ഒരു കൊടുങ്കാറ്റ് വീഴ്ത്തി. ഭയചകിതരായ ക്ഷേത്രാധികാരികൾ ദുരന്തങ്ങൾക്ക് കാരണം ക്രിസ്തുഭക്തന്റെ ശാപമാണെന്ന് അറിയുകയും തോമാശ്ലീഹയെ വരുത്തി മോഹാലസ്യപ്പെട്ട് വീണവരെ വെള്ളം തളിച്ച് ഉണർത്തി. ആ ജലബിന്ദുക്കൾ സുരഭിലകുസുമങ്ങളായി അന്തരീക്ഷത്തിൽ നിന്നും നിപതിക്കുന്നത് കണ്ട് അത്ഭുതപരവശരായ ആ ജനസമൂഹത്തിൽ അധികംപേരും ക്രിസ്തുമതം സ്വീകരിക്കുകയും ആ അമ്പലം ക്രിസ്തീയ ദേവാലയമായി രൂപപ്പെടുത്തുകയും ചെയ്തു. വടക്കൻ പറവൂരിൽ കത്തോലിക്കരുടെ കൈവശമിരിക്കുന്ന ബ്രഹ്മാണ്ഡമായ കൊട്ടേക്കാവ് പള്ളി ഈ അമ്പലമിരുന്ന സ്ഥലത്താണ് പണികഴിപ്പിച്ചിരിക്കുന്നത്.'


Late 18th Century Malayalam Manuscript (Catechism)

എറണാകുളം-അങ്കമാലി അതിരൂപതയുടെ ആധുനിക ആർക്കൈവ്സിന്റെയും കാത്തലിക് ആർട്ട് മ്യൂസിയത്തിന്റെയും സ്ഥാപക ഡയറക്ടറും ആർക്കിവിസ്റ്റും ക്യുറേറ്ററുമായ റവ. ഫാ. ഡോ. ഇഗ്നേഷ്യസ് പയ്യപ്പിള്ളി എഴുതിയ 'DUX AD HISTORIAM' എന്ന പ്രസിദ്ധ ചരിത്രഗ്രന്ഥത്തിൽ കേരളത്തിലെ ക്രിസ്ത്യാനികളെക്കുറിച്ചും തോമാശ്ലീഹയെക്കുറിച്ചും പേജ് 29-30 പുറങ്ങളിൽ എഴുതിയിരിക്കുന്നത് ഇപ്രകാരമാണ്. Kerala State has largest Christian population among all the Indian states. The spread of Christianity in India can be traced from oral traditions and from later historical writings. The origin and development of Christianity in Kerala is unique and quite different from the other parts of the country. One has to rely on certain living traditions handed down through generations, which have crystallized into the collective memory of this community, to understand the origin of the St. Thomas Christians (or Syrian Christians). This tradition was retained and handed over to the future generations orally and through performing arts including songs and stories. These traditions probably hold a key to the understanding of the Syrian Christian communities in Kerala. According to these traditions, St. Thomas, one of the twelve Apostles of Jesus Christ, came to Malabar Coast and landed at Cranganore (Maliankara) in the year 52 AD, preached the gospel and laid the foundation of the Christian faith in India. The Apostle is said to have built seven churches, that is, Christian congregations, at Kodungalloor, Quilon, Chayal, Niranam, Kokkamangalam, Parur-Kottakkavu, and Palayur. Thus, the native St. Thomas Christians in India trace their origin to the first century AD and to St.



Thomas. This is expressed by their being called “St.Thomas Christains” (*Marthoma Kristyanikal/ Marthoma Nazranikal*).

One must admit that there is no hard evidence to support the claim that St. Thomas had come to India and preached in Kerala. The strongest evidence remains their tradition and identity, which enables them to distinguish themselves from other indigenous communities in India. There is no Christian community called “St. Thomas Christians” in the world other than the Syrian Christians of Kerala. According to tradition, the descendants of the first converts of the Apostle St. Thomas who, in due time, mingled with later Syrian immigrants, constitute the majority of the Syrian Christians in India, called “St. Thomas Christians”. The Tomb of St. Thomas at Mylapore is another important evidence of the apostolate of St. Thomas.




***ഞാറക്കൽ പള്ളിയ്ക്ക് സമീപമുള്ള പുരാതന ശങ്കൂരിക്കൽ തറവാട്ടിലെ പൂർവികരുടെ പ്രാർത്ഥനാ മുറിയിലെ 230 വർഷം പഴക്കമുള്ള രൂപക്കൂട് ഇവിടെ നിന്നും 1731 ൽ അച്ചടിച്ച റോമൻ നാണയവും വി.കുരിശിന്റെയും മറ്റു ആറ് വിശുദ്ധരുടേയും തിരുശേഷിപ്പുകൾ കണ്ടെത്തി. ഇവ കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിലിന്റെ നിർദ്ദേശാനുസരണം എറണാകുളം അതിരൂപതയിലേക്ക് കൈമാറി***

# 4. തോമാശ്ലീഹ പാലയൂരിൽ-
# ശങ്കൂരിക്കൽ കുടുംബത്തിന്റെ ആരംഭം



*പാലയൂർ തളിയക്കുളത്തിൽ സൂര്യനമസ്ക്കാരം ചെയ്തിരുന്ന ബ്രാഹ്മണർക്ക് തോമാശ്ലീഹ ജ്ഞാനസ്നാനം നല്കുന്നതിന്റെ ചിത്രം*

**എ.** ഡി. 52-ൽ, കർക്കിടകവാവ് ബലിയോട് അനുബന്ധിച്ച് പിതൃക്കൾക്കുള്ള ബലി തർപ്പണ ദിവസം തളിയക്കുളങ്ങര വച്ച് ശങ്കരപുരി, കള്ളി, കാളിയാങ്കൽ, പകലോമറ്റം കുടുംബാംഗങ്ങൾ തോമാശ്ലീഹായിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ചതായി 'ശങ്കരപുരി കുടുംബചരിത്രത്തിൽ' പറയുന്നു. ഇവർ നമ്പൂതിരിമാരുടെ ജീവിതചര്യകൾ അനുഷ്ഠിച്ചിരുന്നവരും പാലയൂർ ക്ഷേത്രത്തിലെ പൂജാരിമാരും ആയിരുന്നു. ഇവരെ കൂടാതെ നെടുമ്പുള്ളി, തലക്കൂർ, എടപ്പുള്ളി, മുല്ലശ്ശേരി, മടവൂർ തുടങ്ങിയ മുപ്പതിലധികം മനകളിൽ നിന്നുള്ള നമ്പൂതിരിമാരും പിന്നീട് ചില യഹൂദ കുടുംബങ്ങളും ക്രിസ്തുമതം സ്വീകരിക്കുകയുായി. പ്രസിദ്ധ ചരിത്രകാരനായ ഫാ. സി. കെ. മറ്റം വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് 1949 ഡിസംബർ 21-ന് പ്രസിദ്ധീകരിച്ച 'ചരിത്ര ചർച്ച' എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത് നോക്കുക:

'അന്ന് പാലയൂർ പട്ടണത്തിൽ 42-ൽ പരം ഗോത്രക്കാരായി അയ്യായിരത്തിന്മേൽ ആളുകൾ ബ്രാഹ്മണരുടേതുപോൽ ഔന്നത്യജീവിതം നയിച്ചിരുന്നവർ ഉണ്ടായിരുന്നു. ഒട്ടനവധി ക്ഷേത്രങ്ങളും ഓത്തുശാലകളും കാണാമായിരുന്നു. ഭരണധുരന്ധരന്മാരായ ദേശവാഴികളും നാടുവാഴികളും, ബഹുദേവാരാധന സർവ്വത്രയും. ബ്രാഹ്മണരുടെ പരിചാരകവൃന്ദവും ചെട്ടികളും ചെട്ടിത്തെരുവുകളും ചെട്ടിക്ഷേത്രങ്ങളും ഒട്ടുവളരെ. യഹൂദന്മാരുടെ തെരുവും പള്ളിയും അങ്ങനെ:

ആ ദേശത്തുവസിക്കും യൂദന്മാരോടും ശ്ലീഹാ
മേദിനീ രക്ഷകന്റെ വേദമുപദേശിച്ചു.
യൂദന്മാരിൽ ചിലരും മിശിഹായെ
മോദേന വിശ്വസിച്ചു മാമ്മോദീസായും മുങ്ങി
യൂദജനങ്ങളന്നു പാർത്തുവന്ന സ്ഥലത്തെ
യൂദന്മാരുടെ കുന്ന് എന്നും പറഞ്ഞീടുന്നു. (കല്യാണപ്പാട്ട്)

കൊച്ചി ഗവൺമെന്റിന്റെ ആർക്കിയോളജിക്കൽ ഡിപ്പാർട്ടുമെന്റുകാർ കുന്നംകുളത്തിന്റെ പരിസരങ്ങളിൽ കുഴിച്ചപ്പോൾ റോമൻ ചക്രവർത്തിമാരുടെ ഛായയും മുദ്രയും കൊത്തിയിട്ടുള്ള നാണയങ്ങൾ കണ്ടെത്തുകയുണ്ടായി. അഗസ്റ്റസ് കൈസർ, തിബേർയ്യസ് കൈസർ, ജൂലിയസ് കൈസർ, എന്നിവരുടെ കാലത്ത് നടപ്പിലിരുന്ന പന്ത്രണ്ട് സ്വർണ്ണ നാണയങ്ങളും 120 വെള്ളി നാണയങ്ങളും പൊട്ടിത്തകർന്ന ഒരു മൺപാത്രത്തിൽ നിന്നും കണ്ടെടുത്തു. ഇതിനു പുറമേ, ക്രിസ്ത്വബ്ദം 37-നും 68-നും മദ്ധ്യേ റോമാ സാമ്രാജ്യം ഭരിച്ചിരുന്ന കലിഗുള പ്രഭൃതികൾ, ക്ലോഡിയസ്, നീറോ തുടങ്ങിയുള്ള ചക്രവർത്തിമാരുടെ കാലത്തെ നാണയങ്ങളും അന്ന് ചേരരാജ്യത്തിലുൾപ്പെട്ടിരുന്ന തൃശ്നാപ്പള്ളിയിൽ നിന്നും കോയമ്പത്തൂരിൽ നിന്നും കണ്ടുകിട്ടിയിട്ടുണ്ട്. ഈ വസ്തുതകൾ റോമാ രാജ്യവും കേരളവുമായി മുൻകാലങ്ങളിലുള്ള ബന്ധം സുവ്യക്തമാക്കുന്നു്.'


ഗ്രന്ഥകർത്താവ്
ഒന്നാം പതിപ്പ്-കോപ്പി 1000
1125
വില രൂപാ 1—12—0
PRINTED AT
THE MAR LOUIS MEMORIAL PRESS, ERNAKULAM
21—12—1949

ക്രിസ്ത്വബ്ദം 52-ൽ തോമാശ്ലീഹ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയെന്നും, കേരളത്തിൽ ചുറ്റിസഞ്ചരിച്ച് കൊടുങ്ങല്ലൂർ, കൊല്ലം, ചായൽ, നിരണം, കോക്കമംഗലം, കോട്ടക്കാവ്, പാലയൂർ ഇങ്ങനെ ഏഴ് പള്ളികൾ സ്ഥാപിച്ച് നമ്മുടെ പൂർവ്വികന്മാർക്ക് സുവിശേഷ പ്രകാശം നല്കിയെന്നുമുള്ളതിനും പാശ്ചാത്യ ചരിത്രകാരന്മാരുടെ സാക്ഷ്യങ്ങൾ അന്വേഷിക്കേണ്ടതില്ല. നമ്മുടെ പിതാക്കന്മാർ ആ വിശ്വാസം അനുസ്യൂതം പാലിച്ചുവന്നിരുന്നു.

ഇന്നത്തെ പാലയൂർ ദേവാലയ പരിസരങ്ങളിൽ നാല് വലിയ കുളങ്ങളുണ്ട്. പടിഞ്ഞാറ് ബോട്ടുകുളം, വടക്ക് പൂങ്കുളം, തെക്ക് ചെഞ്ചേർക്കുളം, കിഴക്ക് തളിയക്കുളം, കുളങ്ങളുടെ ചതുർ ഭാഗങ്ങളിലും കല്പ്പടവിന്റെ അവശിഷ്ടങ്ങൾ ഇന്നും കാണാം. ഈ നാല് കുളങ്ങളിൽ തളിയക്കുളമാണ് വലുത്. അതിനടുത്ത് ശാന്തിക്കിണറും നല്ല വെള്ളവും ഇപ്പോഴും ഉണ്ട്. അതിനടുത്ത് 4 കോൽ നീളവും 2.5 കോൽ വീതിയുമുള്ള ഒരു കല്പടയും കാൺമാനുണ്ട്. അതിനടിയിൽ ബിംബങ്ങൾ കുഴിച്ചിട്ടിട്ടുണ്ടെന്നും ആ കല്ലിളക്കിയപ്പോൾ സാമൂതിരി കോവിലകത്തെ വിഗ്രഹങ്ങൾ തുള്ളിയെന്നും അതിൽ പിന്നീട് സാമൂതിരി രാജാവിന്റെ വകയായ ആ സ്ഥലം പൂജ്യമായി പ്രതിഷ്ഠിച്ചിരിക്കയാണെന്നും സ്ഥലവാസികളിൽ ചില വൃദ്ധൻമാർ പറയുകയുണ്ടായി.

**ഒരു പരമ്പരാഗത വിശ്വാസ കഥ:**

കർക്കിടക സംക്രമ ദിവസം ബ്രാഹ്മണർ കൂട്ടമായി സമുദ്രസ്നാനം നടത്തുക പതിവാണ്.

മാർത്തോമ ശ്ലീഹ തളിയക്കുളക്കരയിലെത്തിയപ്പോൾ നിരവധി ബ്രാഹ്മണർ ഉത്സാഹപൂർവ്വം സ്നാനം ചെയ്യുന്നതും ഭക്തിസമന്വിതം തർപ്പണവിധാനം നടത്തുകയും ചെയ്യുന്നത് ദർശിച്ചു.

ശ്ലീഹാ ചോദിക്കുന്നു.

"നിങ്ങൾ എന്തിനായിട്ടാണ് ആകാശത്തേയ്ക്ക് വെള്ളം കോരിയെറിയുന്നത്?"

"ദേവകളെ പ്രീതിപ്പെടുത്തുവാൻ."

"ജലകണങ്ങൾ കീഴോട്ടു വരുന്നതുകൊണ്ട് ദേവതകൾ നിങ്ങളുടെ സമർപ്പണം സ്വീകരിക്കുന്നില്ലെന്ന് സ്പഷ്ടമല്ലയോ."

"കീഴ്പ്പോട്ട് പതിക്കുകയെന്നത് ജലത്തിന്റെ പ്രകൃതിമാത്രമാണ്."

"സാക്ഷാൽ ദൈവം ജഗത്തിന്റെയും ജലത്തിന്റേയും അധീശനാണല്ലോ!"

"അങ്ങനെയെങ്കിൽ, ജലത്തെ ഉപരിതലത്തിൽ നിങ്ങളുടെ ദേവൻ നിർത്തുമോ?"

"നിശ്ചയമായും പക്ഷെ നിങ്ങളും ആ ദൈവത്തിൽ വിശ്വസിക്കണം."

മന്ത്രവാദ നിപുണന്മാരായിരുന്ന ആ ബ്രാഹ്മണർക്ക് മന്ത്രംകൊണ്ട് ഏതും ചെയ്യാം. 'തങ്ങളെ ആർക്കും തോല്പിക്കാൻ സാധ്യമല്ല. തന്നിമിത്തം പരദേശിയുടെ മന്ത്രം ഫലിക്കുകയില്ല.' എന്ന് ചിന്തിച്ച് അവർ തീർത്തു പറഞ്ഞു: "അങ്ങനെയെങ്കിൽ ഞങ്ങൾ മതംമാറാം, നിങ്ങളുടെ ദേവനെ സ്വീകരിക്കാം."

മാർത്തോമ, ത്രിത്വത്തിന്റെ തിരുനാമം ഭക്തിപൂർവ്വം ഉച്ചരിച്ചുകൊണ്ടും കുരിശുവരച്ചുകൊണ്ടും കുറേ വെള്ളം കോരി മുകളിലേയ്ക്ക് എറിഞ്ഞു. അത്യത്ഭുതം! ജലകണങ്ങൾ സുര്യരശ്മി തട്ടി രത്നസമാനം പ്രശോഭിച്ച് ആകാശവീഥിയിൽ നിലകൊണ്ടു; താഴെ കുഴിയും! അനന്തരം മാർത്തോമാ ശ്ലീഹായുടെ ആജ്ഞാനുസരണം ആ ജലബിന്ദുക്കൾ പരിമളം പരത്തുന്ന കുസുമങ്ങളായി രൂപാന്തരപ്പെട്ട് സിദ്ധന്റെ പാദാംഗുഷ്ടത്തിൽ പതിച്ചു.

ഈ അത്ഭുതം കണ്ട് നായന്മാരും കൂട്ടത്തോടെ ബ്രാഹ്മണരും മാമ്മോദീസ മുങ്ങി.

തോമാശ്ലീഹ പാലയൂരിൽ അത്ഭുതം പ്രവർത്തിച്ചതിന്റെയും ബ്രാഹ്മണരെ മാനസാന്തരപ്പെടുത്തിയതിന്റെയും ഓർമ്മ നിലനിർത്തുവാൻ ആദിമകാലം മുതൽ ജൂലൈ 15-ന് തിരുനാൾ ആഘോഷിച്ചിരുന്നു.

ശിവക്ഷേത്രമിരുന്ന സ്ഥലത്താണ് ഇന്നും പള്ളി സ്ഥിതി ചെയ്യുന്നത്. ഭൂരിപക്ഷം ബ്രാഹ്മണരും സത്യപ്രതിജ്ഞാനുസരണം സത്യവിശ്വാസം സ്വീകരിച്ചെങ്കിലും അനേകർ വിട്ടുനിന്നു. തോമാശ്ലീഹ വലിയ മന്ത്രവാദിയാണെന്നും മന്ത്രശക്തിയാൽ വെള്ളം ഉയരത്തിൽ നിർത്തിയതാണെന്നും ചിലർ വിശ്വസിച്ചു. 'അശുദ്ധമായ കുളത്തിൽ ഇനി തങ്ങൾ കുളിക്കുകയില്ല. ഇനിയത്തെ കുളി വെമ്മേനാട്' എന്നുപറഞ്ഞ് പാലയൂരിനെ ശപിച്ച് അവരിൽ ചിലർ പാവറട്ടിക്ക് ഓടിപ്പോയി. പാലയൂരിനെ അവർ 'ശാപക്കാട്' എന്ന് വിളിച്ചു ആ പേരിൽ നിന്നാണ് 'ചാവക്കാട്' എന്ന സ്ഥലപ്പേര് രൂപപ്പെട്ടത്. കണ്ടി, മുണ്ട്, കാളം, ചെങ്കല്ലം എന്നിവരാണ് പാവർട്ടിക്ക് പോയവരിൽ പ്രാധാന ഇല്ലങ്ങൾ. അവരുടെ പിൻമുറക്കാർ ആരും ഇപ്പോൾ അവിടെയില്ല.

പാലയൂർ താമസിക്കുന്നവരും ഇവിടെ നിന്നും നാടുവിട്ട് പോയവരുമായ എല്ലാ നമ്പൂതിരി ഇല്ലങ്ങളിലെയും, മറ്റ് ഹൈന്ദവ സമുദായങ്ങളിലെയും കാരണവന്മാർ തോമാശ്ലീഹയുടെ ആഗമനവും അദ്ദേഹം കാണിച്ച അത്ഭുതവും പാരമ്പര്യമായി ഇപ്പോഴും വിശ്വസിച്ചുവരുന്നു.

പാലയൂർ പള്ളിയിൽ നിന്നും അരമൈൽ കിഴക്ക് സ്ഥിതിചെയ്യുന്ന പെരിന്തട്ട ശിവക്ഷേത്രം, പാലയൂരിലെ നമ്പൂതിരിമാരധികവും ക്രിസ്ത്യാനികളായപ്പോൾ മാറ്റിസ്ഥാപിച്ചതാണെന്ന് വിശ്വസിക്കുന്നു.

ശങ്കരപുരി, കള്ളി, കാളികാവ്, പകലോമറ്റം, കുറവങ്ങാട്, കോയിക്കര, പാടപൂരു, വൈമ്പിള്ളി, കോട്ടക്കര, കോലിക്ക മുതലായ 32 ഇല്ലങ്ങൾ സത്യവിശ്വാസം സ്വീകരിച്ച് പാലയൂർ നിന്ന ഇല്ലങ്ങളിൽ ചിലതാണ്.

തങ്കമായുള്ള വേദം വിശ്വസിച്ച നരരിൽ
ശങ്കരാപുരിയെന്നും പകലോമറ്റമെന്നും
കീർത്തിപെരിയ രണ്ട് വീട്ടുകാർക്കന്നുശ്ലീഹ
കർത്താവിൻ നാമത്താൽ തിരുപ്പട്ടവും കൊടുത്തു
പുത്തനായുള്ള സഭ ഭരിച്ചുനടത്തുവാൻ
ഭക്തരായുള്ള പട്ടക്കാരെയും നിയമിച്ചു.
(കല്യാണപ്പാട്ട് 15-ാം പക്ഷം)

ഇപ്രകാരം ശങ്കരപുരി കുടുംബത്തെയും പകലോമറ്റം കുടുംബത്തെയും പൗരോഹിത്യ ശുശ്രൂഷയ്ക്ക് തോമാശ്ലീഹ ആദിമകാലം മുതൽ നേരിട്ട് നിയോഗിച്ചതായി വിവിധ പാട്ടുകളിലും ഗ്രന്ഥങ്ങളിലും നിന്നും മനസിലാക്കാം.

പാലയൂർ ക്ഷേത്രത്തിലെ ആത്മീയവും ഭൗതീകവുമായ കാര്യങ്ങൾ നിർവ്വഹിച്ചു വന്നത് ശങ്കരപുരി, കള്ളി, കാളിയാങ്കൽ, പകലോമറ്റം എന്നീ പ്രമുഖ ഇല്ലങ്ങളിലെ നമ്പൂതിരിമാരായിരുന്നു. വിദ്യാവൃദ്ധനും വേദശാസ്ത്ര പണ്ഡിതനും പാലയൂർ ക്ഷേത്രത്തിലെ മേൽശാന്തിയുമായിരുന്ന കള്ളിമനയ്ക്കൽ വലിയ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ നാല് ഇല്ലക്കാരെ കൂടാതെ കോയിക്കര, മാടപ്പൂര്, വെമ്പിള്ളി, കോട്ടക്കര, കാട്ടുപുറം, താഴത്തുമഠം, വേളമ്പള്ളി, തുമ്പശ്ശേരി തുടങ്ങി നാല്പതോളം കുടുംബങ്ങൾ തോമാശ്ലീഹയിൽ നിന്നും ക്രിസ്തുമാർഗ്ഗം സ്വീകരിച്ചതായി (Anthropology Of The Syrian Christians-Asiatic Society Journal page-174) കാണുന്നു. ക്ഷേത്രം പൂജാരിമാരായിരുന്ന ഈ നമ്പൂതിരിമാർ മതപരിവർത്തനത്തിനുശേഷവും ആരാധനാലയമായി ഇതേ ക്ഷേത്രം തന്നെ ഉപയോഗിച്ചു. തോമാശ്ലീഹ ഇവരെ ക്രൈസ്തവ പുരോഹിതരായി അഭിഷേകം ചെയ്യുകയുായി.

പാലയൂർ ബോട്ടുകുളത്തിന്റെ കരയിൽ തോമാശ്ലീഹ വന്നിറങ്ങിയതിന്റെ എല്ലാ ലക്ഷണങ്ങളും ഇപ്പോഴും നിലനിൽക്കുന്നു. ഒരുകാലത്ത് പൂർണ്ണമായും കടലായിരുന്ന ഈ പ്രദേശം പിന്നീട് കായലും അതിനുശേഷം കരയായും രൂപപ്പെട്ടതാണ്. കൊടുങ്ങല്ലൂർ തുറമുഖത്തിന്റെ വടക്ക്ഭാഗത്ത് സ്ഥിതിചെയ്യുന്ന ഈ ബോട്ട്ജെട്ടിയിലാണ് എ. ഡി. 52-ൽ തോമാശ്ലീഹ വന്ന് ഇറങ്ങിയത്. അക്കാലത്ത് ധാരാളം വ്യാപാര സാധനങ്ങളുമായി ബോട്ടുകൾ ഇതുവഴി വന്നുപോയിരുന്നു. അതിന്റെ ഓർമ്മ നിലനിർത്തുവാനായി ആഴമുള്ള ഒരു കുളം ഇപ്പോഴും അവിടെ സംരക്ഷിച്ചുപോരുന്നു. മഴക്കാലത്ത് കാൽ ചെളിയിൽ താഴ്ന്നുപോകുന്ന ചതുപ്പ് പ്രദേശമാണ് ഇതിന്റെ ചുറ്റിലും. പാലയൂർ പള്ളിയുടെ ഉൾവശം സമുദ്രനിരപ്പ്വരെ കുഴിച്ചപ്പോൾ ഈ പ്രദേശം കടൽ ആയിരുന്നതിന് തെളിവ് നൽകുന്ന മണലും കക്കകളുമാണ് ലഭിച്ചത്.

പാലയൂർ പള്ളിയിലെ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുള്ള പുരാതന രേഖകളായ നാല് ചെപ്പേടുകളിൽ ഒന്നാമത്തേതിൽ 'പാലൂർ' എന്നാണ് എഴുതിയിരിക്കുന്നത്. എ. ഡി. 40-ൽ ടോളമി എഴുതിയ ഗ്രന്ഥത്തിലും, എ. ഡി. 60-ൽ പെരിപ്ലസ് എഴുതിയ ഗ്രന്ഥത്തിലും എ. ഡി. 77-ൽ പ്ലീനി എഴുതിയ ഗ്രന്ഥത്തിലും 'പാലൂർ' പരാമർശിക്കപ്പെട്ടിട്ടുണ്ട്. പ്ലീനിയുടെ ഗ്രന്ഥത്തിൽ 'പാലൂറാ' എന്നാണ് കാണുന്നത്. ഈ പ്രദേശത്തിന്റെ അക്കാലത്തെ വാണിജ്യ പ്രാധാന്യവും ജനസ്വാധീനവും ഇതിൽ നിന്നും മനസിലാക്കാം. രണ്ടാമത്തെ ചെപ്പേടിലും മൂന്നാമത്തെ ചെപ്പേടിലും 'പാലൈയൂർ' എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ സമൂഹങ്ങളിൽ തമിഴ് ഭാഷയ്ക്ക് ഉള്ള സ്വാധീനവും, തമിഴ്നാട്ടിൽ നിന്നും വാണിജ്യ ആവശ്യങ്ങൾക്കായി ആളുകൾ ഇവിടെ എത്തിയിരുന്നതായും ഇതിലൂടെ മനസിലാക്കാം. തമിഴ് ചുവയിൽ നിന്നും മലയാളം വേറിട്ടശേഷമുള്ള നാലാമത്തെ ചെപ്പേടിൽ 'പാലയൂർ' എന്നുതന്നെയാണ്

രേഖപ്പെടുത്തിയിട്ടുള്ളത്.

തോമാശ്ലീഹ ഒരു വർഷത്തോളം പാലയൂരിൽ താമസിക്കുകയും 1050 കുടുംബങ്ങൾക്ക് മാമ്മോദീസ നല്കുകയും ചെയ്തതായി റമ്പാൻ പാട്ടിൽ പറയുന്നു. പാലയൂരിൽ വസിച്ചിരുന്ന ജൂതന്മാരിൽ കുറേപ്പേരും പകലോമറ്റം, ശങ്കരപുരി, കള്ളി, കാളിയങ്കാവ് എന്നീ ഇല്ലങ്ങളിലെ ബ്രാഹ്മണരും ഇതിൽപെടും. ഈ നാല് ഇല്ലങ്ങളും ഭാരതത്തിലെ ഹൈന്ദവ ആചാരം അനുഷ്ഠിച്ചിരുന്ന യഹൂദ ബ്രാഹ്മണരാണെന്ന വാദവും തമിഴ് ബ്രാഹ്മണരാണെന്ന വാദവും ശക്തമായി നിലനിൽക്കുന്നു. തോമാശ്ലീഹായുടെ അത്ഭുത പ്രവൃത്തികളിൽ വിശ്വസിക്കാത്തവരും രോഷാകുലരുമായ യഹൂദരും ഹൈന്ദവരും ധാരാളമായി ഈ പ്രദേശങ്ങളിൽ ഉണ്ടായിരുന്നു.

'ശങ്കരപുരി, പകലോമറ്റം, കള്ളി, കാളി-
യാങ്കാവ് എന്നീ ഇല്ലക്കാരഖിലവും
ചിത്തേ വിസ്മയംപൂണ്ടു, സത്യബോധവും വന്നു
തങ്കമായുള്ള വേദം വിശ്വസിച്ചു.'

(കല്യാണപ്പാട്ട്)

'ശങ്കരമംഗലം കുടുംബചരിത്രത്തിൽ' പേജ് 4- ൽ പറയുന്നു, 'ധർമ്മിഷ്ഠരും സത്യസന്ധരുമായിരുന്ന ശങ്കരപുരി, പകലോമറ്റം, കള്ളി, കാളിയാങ്കാവ് എന്നീ നാല് ഇല്ലങ്ങളിലെയും നമ്പൂതിരിമാർ ക്രൈസ്തവ മതം സ്വീകരിക്കുകയുണ്ടായി. ശങ്കരപുരി ഇല്ലത്തിലെ ശ്രേഷ്ഠ ബ്രാഹ്മണ പുരോഹിതനായിരുന്ന മഹാദേവൻ നമ്പൂതിരിയാണ് ഇതിൽ പ്രഥമൻ.' ഈ നാല് ഇല്ലങ്ങളിലേയ്ക്കും തോമാശ്ലീഹയെ ക്ഷണിക്കുകയും ആ കുടുംബങ്ങൾ ഒന്നടങ്കം ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു.

മേൽ വിവരിച്ചിരിക്കുന്ന പേജിൽ തന്നെ തുടർന്ന് എഴുതിയിരിക്കുന്നത്, 'നാല് ഇല്ലക്കാരെ കൂടാതെ വില്യാർവട്ടം രാജകുടുംബം, കടപ്പൂർ, അറയ്ക്കൽ തുടങ്ങിയ ഇല്ലങ്ങളിൽ നിന്നുള്ളവരും, കൊടുങ്ങല്ലൂരും പരിസര പ്രദേശങ്ങളിലും കുടിയേറിപ്പാർത്തിരുന്ന ഒട്ടനേകം യഹൂദരും സവർണ്ണ ഹിന്ദുക്കളും, കൊടുങ്ങല്ലൂർ രാജാവും പുത്രിയും യുവരാജാവായിരുന്ന ജാമാതാവും (മഹാദേവൻ നമ്പൂതിരിയുടെ സഹോദര പുത്രൻ) തോമാശ്ലീഹയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചു. രാജാവിന് അന്ത്രയോസ് എന്നും യുവരാജാവിന് കേഫാ എന്നും പേര് നല്കിയശേഷം തോമാശ്ലീഹ അവർക്ക് ഗുരുപ്പട്ടം കല്പിച്ചു നല്കി.'




പാറേമാക്കൽ തോമാ കത്തനാരുടെ 'വർത്തമാന പുസ്തക'ത്തിൽ ജോസഫ് പുലിക്കുന്നേൽ രേഖപ്പെടുത്തിയിക്കുന്നത്: 'ക്രിസ്തുവിന്റെ പന്ത്രണ്ട് ശിഷ്യന്മാരിൽ ഒരാളായ വി. തോമാശ്ലീഹയിൽ നിന്നും വിശ്വാസം സ്വീകരിച്ചവരുടെ പിൻമുറക്കാരാണ് കേരളത്തിലെ ആദിമ ക്രൈസ്തവർ.' എന്നാണ്. അദ്ദേഹം തുടരുന്നു: 'ആദിമ ക്രൈസ്തവ സമൂഹം ഓരോ പ്രദേശങ്ങളിലും സ്വതന്ത്രമായി വികസിച്ചു. കേരളത്തിലെ ക്രൈസ്തവ സമൂഹം അക്കാലത്ത് റോമാ സാമ്രാജ്യത്തിന് കീഴിലാകാതെ ഒറ്റപ്പെട്ടാണ് കഴിഞ്ഞിരുന്നത്.' കുടിയേറ്റക്കാരായ പേർഷ്യൻ വംശജർ കച്ചവടത്തിനായി

കേരളത്തിൽ വന്ന് ഭരണാധികാരികളുടെ പ്രീതിയ്ക്ക് പാത്രമാകുകയും ക്രമേണ അവർ കേരളത്തിലെ ആദിമ ക്രൈസ്തവരുടെമേൽ അധീശത്വം നേടുകയും ചെയ്തു.




***തോമാശ്ലീഹയെ അനുസ്മരിക്കുന്നതിനായി ഭാരത സർക്കാർ പ്രസിദ്ധീകരിച്ച തപാൽ സ്റ്റാമ്പ്***




***തോമാശ്ലീഹായുടെ സഞ്ചാരപാത***

# 5. തോമാശ്ലീഹ സ്ഥാപിച്ച ആദ്യ ഏഴ് ക്രിസ്തീയ സമൂഹങ്ങൾ

**വി**ശുദ്ധ തോമാശ്ലീഹാ കേരളത്തിൽ ആദ്യ ഏഴ് ക്രിസ്തീയ സമൂഹങ്ങൾ രൂപീകരിച്ചു എന്ന് വിശ്വസിക്കുന്ന സ്ഥലങ്ങളിൽ നിർമ്മിച്ചിരിക്കുന്ന ദേവാലയങ്ങൾ ഏഴര പള്ളികൾ എന്നാണ് പാരമ്പര്യ വിശ്വാസം. തിരുവാങ്കോട് പള്ളി അര പള്ളിയായി കണക്കാക്കുന്നു. *(മാന്നാനത്തുള്ള ചാവറ മ്യൂസിയത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ)*





















2018 ജനുവരി-ഫെബ്രുവരി മാസങ്ങളിലായി കോട്ടയം മാന്നാനത്ത് വച്ച് 'St. Thomas Christians Through the Ages: A Historiographical Approach' എന്ന വിഷയത്തിൽ നടന്ന ഇന്റർനാഷണൽ സെമിനാറിൽ ഫാ. ഡോ. ജെയിംസ് പുലിയുറുമ്പിൽ ഏഴ് പള്ളികളുടെ പാരമ്പര്യം എന്ന പഠന റിപ്പോർട്ടിൽ പറയുന്നത് നോക്കുക: One of the important evidences to attest the Indian apostolate of St. Thomas is the so-called 'tradition of seven churches'. It is the living tradition of St. Thomas Christians that the first communities formed by St. Thomas were in seven places in Kerala. The seven Christian communities which appeared



in the first century A. D. in central Kerala were Kodungalloor, Palayoor (Palur), Kokkamangalam, Kollam, Niranam, Nilakkal and Paravur. Of these Palayoor, Kokkamangalam, Kodungalloor and Paravur in the Chera Kingdom and Nilackal, Niranam and Kollam in the Pandyan kingdom. Another important Christian centre, Mylapore, the place of martyrdom of St. Thomas in the Chola Kingdom. Kerala in the first century formed part of Thamizhakam, which is constituted of the then three kingdoms of Chera, Chola and Pandya.

ക്രിസ്തുമതം സ്വീകരിച്ചിട്ടും ഹൈന്ദവ-ക്രിസ്ത്യൻ വിശ്വാസങ്ങളിൽ ഉറച്ച് ഐക്യത്തിൽ ജീവിച്ചിരുന്ന ഒരു തലമുറ അക്കാലത്ത് ഉണ്ടായിരുന്നു. അതിന്റെ ഉത്തമ മാതൃകയാണ് പറവൂർ രാജകുടുംബം. 1949-ൽ പ്രസിദ്ധീകരിച്ച 'നെടുംതള്ളി സ്വരൂപം അഥവാ പറവൂർ രാജകുടുംബം' എന്ന ഗ്രന്ഥത്തിൽ നിന്നുള്ള ചില ഭാഗങ്ങളാണ് താഴെ വിവരിച്ചിരിക്കുന്നത്.



Jr N. V. Skariah Nedunthalil

നെടുന്തളിസ്വരൂപം 4264

അഥവാ

പറവൂർ രാജകുടുംബം.

ഗ്രന്ഥകർത്താ:

നെടുന്തളിൽ വറുഗീസ് കത്തനാർ,

മഞ്ഞപ്ര.

ഒന്നാംപതിപ്പ് കോപ്പി 300

1949.

പകർപ്പവകാശം സ്വായത്തം.

"കണ്ടാലും ഞാൻ നിന്നെ ഒരു വലിയ ജാതിയാക്കും. ഞാൻ നിന്നെ അനുഗ്രഹിച്ച് നിന്റെ നാമത്തെ ശ്രേഷ്ഠമാക്കും. നീ ഒരനുഗ്രഹമായി തീരുകയും ചെയ്യും." (ആദ്യ. 12:2.)

"ഞാൻ നിന്റെ സന്തതിയെ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ മണൽപോലെയും വർദ്ധിപ്പിക്കും." (ആദ്യ. 22:17.)

Fr. Verghis James Son, Nedunthalil,

MANJAPRA.

വില രൂപാ 3.

Printed at the S. G. Press, Parur.

ഗ്രന്ഥകർത്താവിന്റെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

'പറവൂർ രാജകുടുംബത്തിലെ ക്രിസ്ത്യൻ ശാഖ 'മാളിയേയ്ക്കൽ' അഥവാ 'തെക്കേപ്പാട്ടിൽ' എന്ന പേരോടുകൂടി തെക്കേ കൊട്ടാരത്തിലും അതിലെ ഹൈന്ദവ വർഗ്ഗം 'വടക്കെപ്പാട്ടിൽ' എന്ന പേരോടുകൂടി വടക്കേ കൊട്ടാരത്തിലും താമസിച്ചുവന്നു. ഇവരുടെ കുലദൈവമായിരുന്ന ഭദ്രകാളി ക്ഷേത്രം കോട്ടക്കാവ് ക്രിസ്ത്യൻ ദേവാലയമായി പരിണമിച്ചപ്പോൾ രാജകുടുംബത്തിലെ ഹൈന്ദവ വർഗ്ഗം കുലദൈവാരാധനയ്ക്കായി കൊട്ടാരത്തിന് സമീപം പെരുവാരത്ത് ഒരു ക്ഷേത്രം പണികഴിപ്പിക്കുകയും പരസ്പര ബഹുമാനാദരവുകളോടെ അവരവരുടെ ദേവാലയങ്ങളിൽ ആരാധന നടത്തുകയും ചെയ്തു.

വടക്കെ കൊട്ടാരത്തിലെയും തെക്കെ കൊട്ടാരത്തിലേയും ക്രൈസ്തവാക്രൈസ്തവരായ തമ്പുരാക്കന്മാർ തമ്മിൽ യോജിച്ച് ഒരേ കുടുംബാംഗങ്ങളെപ്പോലെയാണ് വർത്തിച്ചത്. രാജഭരണവും അവർ തമ്മിൽ യോജിച്ചാണ് നടത്തിവന്നത്, അവരിൽ നിന്നും മൂപ്പുമുറയ്ക്ക് വരുന്നയാൾ രാജ്യം ഭരിച്ചിരുന്നു. ഈ ഭരണരീതി ദീർഘനാൾ പരിരക്ഷിക്കപ്പെട്ടിരുന്നതിനാൽ നെടുംതള്ളി കുടുംബത്തിലെ ക്രിസ്ത്യൻ ശാഖയിൽ നിന്നുള്ള പല തമ്പുരാക്കന്മാരും രാജാസനത്തെ അലങ്കരിച്ചിട്ടുണ്ട്.'

വന്ദ്യനായ ബർണാദച്ചൻ 1916-ൽ എഴുതി പ്രസിദ്ധീകരിച്ച 'മാർത്തോമാ ക്രിസ്ത്യാനികൾ' എന്ന ഗ്രന്ഥത്തിൽ കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ, കോക്കമംഗലം, നിരണം, കൊല്ലം, ചായൽ (നിലയ്ക്കൽ) തുടങ്ങിയ സപ്ത ദേവാലയങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്.

'പാലയൂരിന് അടുത്തുള്ള ഇയ്യാൽ, പോർക്കളം, അരിയന്നൂർ തുടങ്ങിയ പ്രദേശങ്ങളിൽ കണ്ടെത്തിയ പ്രാചീന ശവക്കല്ലറകൾ, വേദിക് ബ്രാഹ്മണരിൽ നിന്നും വ്യത്യസ്തമായ ശവസംസ്കാര പാരമ്പര്യമുള്ള ജനങ്ങൾ വസിച്ചിരുന്നതിന്റെ തെളിവാണ്. ദീർഘ ചതുരാകൃതിയിൽ കിഴക്ക്-പടിഞ്ഞാറായി നിർമ്മിച്ചിട്ടുള്ള കല്ലറകൾ ഹെബ്രായ-യഹൂദ പാരമ്പര്യ

ത്തെയാണ് സൂചിപ്പിക്കുന്നത്. പാലയൂർ താമസിച്ചിരുന്നവർ ക്രിസ്തുമതം സ്വീകരിക്കുകയും കുറവിലങ്ങാട് എത്തിച്ചേരുകയും ചെയ്തപ്പോൾ ഇതേ പാരമ്പര്യം തുടർന്നുപോന്നു എന്നതിന്റെ തെളിവാണ് പകലോമറ്റം പള്ളിയങ്കണത്തിൽ സ്ഥിതിചെയ്യുന്ന അർക്കദിയാക്കോന്മാരുടെ കല്ലറകൾ.

ചരിത്രകാരനായ ഡോ. ഫാ. ജോർജ് കുരുക്കൂർ 'ഒരു വംശവും പല നാടുകളും' എന്ന ഗ്രന്ഥത്തിൽ പേജ് നമ്പർ 2-ൽ രേഖപ്പെടുത്തിയിരിക്കുന്നത് കാണുക, 'സെന്റ് തോമസ് കേരളത്തിലെത്തി സുവിശേഷ പ്രവർത്തനങ്ങൾ ആദ്യമായി ആരംഭിച്ചത് യഹൂദരുടെ ഇടയിൽ തന്നെയാണ്. ഒന്നാമത്തെ കാരണം ഭാഷാപരമായ ബന്ധമാണ്. സെന്റ് തോമസിന്റെ ഭാഷ അറമായ ഭാഷയായിരുന്നു. ഹീബ്രു, സുറിയാനി എന്നീ ഭാഷകളുടെ വകഭേദം. അതുകൊണ്ട് യഹൂദ കേന്ദ്രങ്ങളിൽ ക്രിസ്തുവിന് വേഗം അനുയായികളുണ്ടായി. കൊടുങ്ങല്ലൂർ, പാലയൂർ, പറവൂർ, കോക്കമംഗലം, നിരണം, നിലയ്ക്കൽ, കൊല്ലം എന്നിവിടങ്ങളെല്ലാം അക്കാലത്ത് യഹൂദ താവളമായിരുന്നു.'

'സിന്ധു നദീതടത്തിൽ ശിവപൂജ നടത്തിയിരുന്ന ഹാരപ്പ-മോഹൻജദാരോ സംസ്കാരത്തിന്റെ പിൻമുറക്കാരായ ദ്രാവിഡ ജനങ്ങളുടെ പുരോഹിതരും ആ ജനതയോടൊപ്പം കേരളത്തിൽ എത്തിയിരുന്നു. പൗരോഹിത്യവൃത്തിക്ക് അന്നും സമൂഹത്തിൽ ഉന്നത സ്ഥാനം നല്കിയിരുന്നു. അതുകൊണ്ടാണ് പൗരോഹിത്യ ജോലി ചെയ്തിരുന്ന ശങ്കരപുരിക്കാരെ ബ്രാഹ്മണർ എന്ന് പറഞ്ഞിരുന്നത്.'



*ഞാറയ്ക്കൽ **സെന്റ് മേരീസ്** പള്ളി (എ.ഡി. 1451)*

# 6. തോമാശ്ലീഹായുടെ രക്തസാക്ഷിത്വം

**തോ**മാശ്ലീഹാ ദക്ഷിണേന്ത്യയിൽ 20 വർഷമാണ് സുവിശേഷപ്രവർത്തനങ്ങൾ നടത്തിയത്. കേരളത്തിലെ യഹൂദ കോളനികളിലൂടെയാണ് പ്രധാനമായും സഞ്ചരിച്ചത്. തോമാശ്ലീഹ സ്ഥാപിച്ച ഏഴര പള്ളികളും സമുദ്രത്തോടൊ നദിയോടൊ ചേർന്നുള്ള അന്നത്തെ പ്രധാന വാണിജ്യ കേന്ദ്രങ്ങളിലാണ്.



തമിഴ്നാട്ടിൽ നിന്നും കൊടുങ്ങല്ലൂർക്കുള്ള യഹൂദ വാണിജ്യ മാർഗ്ഗത്തിലൂടെയാണ് തോമാശ്ലീഹ മൈലാപ്പൂർക്ക് പോയത്. അന്ന് പല്ലവരുടെ അധീനതയിലായിരുന്നു മൈലാപ്പൂർ, തലസ്ഥാനം കാഞ്ചീപുരമായിരുന്നു. മൈലാപ്പൂരിലെ രാജാവായ മഹാദേവനും പുത്രനും ക്രിസ്തുമതത്തിൽ ചേർന്നതിൽ ക്ഷുഭിതരായ ആളുകൾ അവിടെ ഉണ്ടായിരുന്നു.

കേരള ചരിത്രഡയറക്ടറി പേജ് 58-ൽ രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക, 'എ. ഡി. എഴുപത്തിരണ്ടിൽ ശ്ലീഹ മൈലാപ്പൂരിന് സമീപമുള്ള ചിന്നമലയിലേയ്ക്ക് യാത്രതിരിച്ചു. അവിടെ കാളി ക്ഷേത്രത്തിന് സമീപത്തുകൂടിയായിരുന്നു വഴി. അന്ന് കാവിൽ പൂജ നടക്കുന്ന ദിവസമായിരുന്നു. എമ്പ്രാന്തിരിമാരും ചില നമ്പൂതിരിമാരും 'കാവിൽ വണങ്ങാതെ ആരും ഇതിലേ പൊയ്ക്കൂടാ' എന്ന് ആജ്ഞാപിച്ചു. 'സാത്താനെ വണങ്ങാൻ സമ്മതമല്ല' എന്ന് തോമാശ്ലീഹ ശഠിച്ചു. എമ്പ്രാന്മാരോടുള്ള പ്രതിവാദത്തിൽ ശ്ലീഹ 'ഉറുശ്മ്' വച്ച് പ്രാർത്ഥിച്ചപ്പോൾ കാളി പേ നായെപ്പോലെ ഓടുകയും കാവ് അഗ്നിക്ക് ഇരയാകുകയും ചെയ്തു. അപ്പോൾ എമ്പ്രാൻമാരിൽ ഒരുവൻ വലിയ ശൂലമെടുത്ത് തോമാശ്ലീഹായുടെ മാറിടത്തിൽ കുത്തുകയും അദ്ദേഹം രക്തസാക്ഷിയാകുകയും ചെയ്തു.'

1958-ൽ പ്രസിദ്ധീകരിച്ച 'മാരാമൺ പകലോമറ്റം-ചക്കാലയിൽ കുടുംബചരിത്രത്തിൽ' രേഖപ്പെടുത്തിയിരിക്കുന്നത് കാണുക: 'തോമാശ്ലീഹായ്ക്ക് ശൂലംകൊണ്ട് മാരകമായ കുത്തേൽക്കുകയും, ഈ വിവരം അറിഞ്ഞ് എത്തിയ മൈലാപ്പൂർ രാജാവിനെയും അനുജൻ പൗലോസിനെയും തോമാശ്ലീഹ കാണുകയും ചെയ്തു. അവർക്ക് അനുഗ്രഹം നല്കിയശേഷമാണ് തോമാശ്ലീഹ കഥാവശേഷനായത്. ഈ പുണ്യാത്മാവിന്റെ മൃതശരീരം മൈലാപ്പൂരിൽ അടക്കം ചെയ്തു. അവിടം ഇന്നും സംപൂജ്യമായി സംരക്ഷിക്കപ്പെടുന്നു.'


April 1959
424

മാരാമൺ

പകലോമറ്റം - ചക്കാലയിൽ

കുടുംബചരിത്രം.

ഗ്രന്ഥകർത്താ

ചെറിയാൻ ചെറിയാൻ,
അഴകത്തു നെടുമണ്ണിൽ,
മാരാമൺ P. O.

(പകർപ്പവകാശം ഗ്രന്ഥകർത്താവിന്)

1958

KERALA COUNCIL FOR ... Thiruvana...

# 7. ശങ്കൂരിക്കൽ കുടുംബത്തിലെ ആദ്യ അംഗങ്ങൾ കുറവിലങ്ങാട്ടേയ്ക്ക്

'കാളികാവിൽ താമസിച്ചിരുന്ന നാല് ഇല്ലക്കാരിൽ ഏതാനും ക്രൈസ്തവരായ കുടുംബാംഗങ്ങൾ മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലോ നാലാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ കുറവിലങ്ങാട് മർത്തമറിയം വലിയപള്ളി പരിസരങ്ങളിലേയ്ക്ക് മാറിത്താമസിച്ചു. ക്രിസ്തുമതം സ്വീകരിച്ച നാല് ഇല്ലക്കാരിൽ കീർത്തിപ്പെട്ട പകലോമറ്റം, ശങ്കരപുരി എന്നീ വീട്ടുകാർക്ക് മാത്രമേ മാർത്തോമാശ്ലീഹ തിരുപ്പട്ടം നല്കിയിരുന്നുള്ളൂ.

"ശങ്കരപുരിയെന്നും പകലോമറ്റമെന്നും
കീർത്തിപെരിയ രണ്ട് വീട്ടുകാർക്ക്
കർത്താവിൻ നാമത്തിൽ തിരുപ്പട്ടവും കൊടുത്തു
പുത്തനായുള്ള സഭയെ ഭരിച്ചു നടത്തുവാൻ"

എന്നിങ്ങനെ സുറിയാനിക്കാരുടെ കല്യാണപ്പാട്ടുകളിൽ കാണുന്നു. ഇവരെ വൈദികസ്ഥാനത്തേയ്ക്ക് ഉയർത്തിയതിനെ തുടർന്ന് പ്രസ്തുത കുടുംബങ്ങളിൽ വൈദികരുടെ പരമ്പര അവിച്ഛിന്നമായി തുടർന്നുപോന്നു. ആകയാൽ വൈദീകരോട് സഭാംഗങ്ങൾക്ക് ഉണ്ടായിരുന്ന ഭക്തിബഹുമാനാദികൾ ആധാരമാക്കി ഈ രണ്ട് കുടുംബങ്ങൾക്കും ജനതാമദ്ധ്യേ പ്രാധാന്യം കല്പിക്കപ്പെട്ടുപോന്നു.'

നെറ്റിക്കാടൻ ഗ്രന്ഥത്തിൽ പറയുന്ന കല്യാണപാട്ടിലും ശങ്കരപുരി കുടുംബത്തെയാണ് ആദ്യം പരാമർശിക്കുന്നത്.

എ. ഡി. 1653-ലെ കൂനൻകുരിശ് സത്യത്തെുടർന്നുണ്ടായ പള്ളി വഴക്കിൽ ഈ കുടുംബങ്ങളെല്ലാം വിവിധ സ്ഥലങ്ങളിലേയ്ക്ക് പാലായനം ചെയ്തു. ശങ്കരപുരി കുടുംബത്തിൽ നിന്നും തെക്കോട്ട് യാത്ര ചെയ്തവരിൽ ഒരു വിഭാഗം തെക്കുംകൂർ രാജ്യത്ത് എത്തി. കുടമാളൂർ (പണിക്കരിടം), തുരുത്തി (തെക്കേടം), ആർപ്പൂക്കര (കാരിമറ്റം), എന്നീ വീട്ടുപേരുകളിലും, പുതുപ്പള്ളിയിൽ കുറിയന്നൂർ എന്ന വീട്ടുപേരിലും താമസിച്ചു. കൊട്ടാരക്കര (തെക്കേടം, അവിയോട്) പുളിങ്കുന്ന് (കുറ്റിക്കൽ, കുഴിക്കാല, തെക്കേതുണ്ടിൽ), തുമ്പമൺ (കൈതവന), ഇരവിപേരൂർ (ഗണച്ചുകാട്ട്, കല്ലൂപ്പാറ, അടങ്ങപ്പുറം, രാമപുരം, ചേലപ്പള്ളി, ശങ്കരമംഗലം), എടത്വാ (തെക്കേടം), ആലപ്പുഴ (വടക്കേക്കളം), പുത്തൻകാവ് (തെക്കേടം), പന്തളം (ശങ്കരത്തിൽ), ഇടനാട്ട് (തെക്കേടം), പത്തനാപുരം (തെക്കേടം), കനകപ്പാലം (തെക്കേടം) എന്നീ വീട്ടുപേരുകളിൽ അറിയപ്പെടുന്നു.

വടക്കോട്ട് പോയവർ മുവാറ്റുപുഴ (കദളിക്കാട്ട്, മണ്ണയ്ക്കാട്ടിൽ), കോട്ടപ്പടി (ചുങ്കത്തിൽ), കുറവിലങ്ങാട് (മുട്ടപ്പള്ളിൽ), കടുത്തുരുത്തി (തറപ്പേൽ), വയലാ (നിരവത്ത്, തൈക്കാട്ട് തറയായ നടുത്തടത്തിൽ), കുറവിലങ്ങാട് പട്ടരുമഠം, ഞാറയ്ക്കൽ (ശങ്കൂരിക്കൽ) എന്നീ കുടുംബപ്പേരുകളിൽ അറിയപ്പെടുന്നു.

കുറവിലങ്ങാട് പള്ളിയിൽ മൂന്നുനോമ്പ് പെരുന്നാളിന് കൊടിയേറ്റുമ്പോൾ നാല് ഇല്ലക്കാരുടെ പേരുകൾ വിളിച്ചുപറയാറുണ്ട്.

'ശങ്കൂരി പകലോമറ്റത്തിനോടും കള്ളി, കാളിയാങ്കാവിനോടും
പള്ളിയിലെ മൂപ്പനച്ചനോടും ചോദിയ്ക്കുന്നു, മൂന്നു നോയമ്പിൽ
കൊടിയേറ്റട്ടെയെന്ന്'

കുറവിലങ്ങാട്ടെ ആദിമ ക്രിസ്ത്യാനികൾ ഈ നാല് ഇല്ലങ്ങളിൽ പെട്ടവരാണെന്ന്

ഈ ചൊല്ല് തെളിവ് നല്കുന്നു.

എ. ഡി. 335-ൽ കുറവങ്ങാട് മന വക സ്ഥലത്ത് കളരിവിട്ടുവന്ന കുട്ടികൾ മൂന്ന് നോമ്പിലെ മദ്ധ്യദിവസം ആടുകളെ മേച്ച് വിശന്നുവലഞ്ഞ് നടന്നപ്പോൾ പരിശുദ്ധ കന്യാകാമറിയം മുത്തിയമ്മയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുകയും വിശപ്പകറ്റാൻ കല്ലുകളിൽ നിന്ന് അപ്പവും ദാഹമകറ്റാൻ നീരുറവയും കാണിച്ച് കൊടുത്തു. ഈ വിവരം വീടുകളിൽ അറിയിച്ചപ്പോൾ മാതാപിതാക്കൾ അത്ഭുതപരവശരായി. ദൈവമാതാവായ കന്യകാമറിയം അതീവ രൂപലാവണ്യത്തോടെ മുത്തിയമ്മയുടെ രൂപത്തിൽ വീണ്ടും പ്രത്യക്ഷപ്പെടുകയും അവിടെ ഒരു പള്ളി നിർമ്മിക്കാൻ ആ കുട്ടികളുടെ മാതാപിതാക്കളോട് ആവശ്യപ്പെടുകയും ചെയ്തു. അതിൽ പിന്നെയാണ് ഇപ്പോൾ കാണുന്ന സ്ഥലത്ത് മർത്തമറിയം ദേവാലയം എ. ഡി. 337-ൽ സ്ഥാപിച്ചത്. കുറവിലങ്ങാട് പള്ളിയിലെ പഴയ മണിമാളികയിൽ ഉണ്ടായിരുന്ന ഒരു ചുവർ ലിഖിതത്തിൽ പള്ളി സ്ഥാപനകാലം പഴയ ചതുരാകാര അക്കങ്ങളിൽ എഴുതിയിരുന്നു. മാതാവ് പ്രത്യക്ഷപ്പെട്ടതിന്റെ ഓർമ്മയ്ക്കായി മൂന്ന് നോമ്പ് തിരുനാൾ ഇവിടുത്തെ പ്രധാന തിരുനാളായി ആചരിക്കുന്നു.



*കുറവിലങ്ങാട് മുത്തിയമ്മ കുട്ടികൾക്ക് കാണിച്ചുകൊടുത്ത അത്ഭുത നീരുറവ*

കുറവങ്ങാട് മനവക ഭൂമിയിൽ മാതാവ് കാണിച്ചുകൊടുത്ത നീരുറവയുടെ സമീപത്തായി പുതിയ ദേവാലയം നിർമ്മിച്ചതോടെ അത് കുറവിലങ്ങാട് ദേവാലയം എന്ന് അറിയപ്പെട്ടു. കാളികാവിനടുത്ത് ഉണ്ടായിരുന്ന ആദ്യ ദേവാലയവും പള്ളിമുറിയും കാലക്രമേണ ക്ഷയിച്ചുപോയി. എ. ഡി. 355-ൽ കാളികാവിൽ നിന്നും നാല് കുടുംബക്കാരും കുറവിലങ്ങാട് പള്ളിയുടെ രണ്ടുവശങ്ങളിലേയ്ക്ക് താമസം മാറി. പള്ളിയുടെ വടക്ക് വശത്ത് കള്ളിയും പകലോമറ്റവും തെക്കുവശത്ത് ശങ്കരപുരിയും കാളിയങ്കാവും കടപ്പൂർ കുടുംബവും താമസിച്ചു. അങ്ങനെ പകലോമറ്റത്തിന് വടക്കേടമെന്നും ശങ്കരപുരിക്ക് തെക്കേടമെന്നും ഗൃഹനാമങ്ങൾ ഉണ്ടായി.

മഴക്കാല-വേനൽക്കാല വ്യത്യാസമില്ലാതെ വറ്റാത്ത നീരുറവയും, ഒരേ അളവിൽ വെള്ളമൊഴുകുന്ന അത്ഭുതവും, നീരുറവയോട് ചേർന്ന് സ്ഥാപിതമായ മുത്തിയമ്മയുടെ പള്ളിയും കുറവിലങ്ങാടിനെ പ്രസിദ്ധ തീർത്ഥാടന കേന്ദ്രമാക്കി. ദൈവസ്നേഹത്തിന്റെ വറ്റാത്ത ഈ നീരുറവയിൽ നിന്നും ദാഹം തീർത്തവർ അനേക ലക്ഷങ്ങളാണ്. കുറവിലങ്ങാടിന്റെ പ്രസിദ്ധിക്കും ഇവിടുത്തെ ക്രിസ്തീയ ജനസമൂഹത്തിന്റെ വളർച്ചയ്ക്കും ഇത് കാരണമായി.

കേരള ചരിത്ര ഡയറക്ടറിയിൽ പേജ് നമ്പർ 466–ൽ കുറവിലങ്ങാട് പള്ളിയിലെ തിരുനാളിനെ സംബന്ധിക്കുന്ന ചരിത്രം വിവരിച്ചിരിക്കുന്നത് നോക്കുക:



*ഞാറയ്ക്കൽ ശങ്കൂരിക്കൽ കുടുംബത്തിലെ പൂർവ്വികരുടെ ഇടവകയായിരുന്ന കുറവിലങ്ങാട് ദേവമാതാ പള്ളിയും പള്ളിമുറിയും*

ഒരിക്കൽ ഈ പള്ളിയിലെ മൂന്ന് നോമ്പ് തിരുനാളിൽ സംബന്ധിക്കുവാനായി പുറപ്പെട്ട നിസ്വനായ ഒരു നസ്രാണി തെക്കൻ ദിക്കിൽ നിന്നും വന്ന് എങ്ങിനെയോ ഏറ്റുമാനൂർ അമ്പലത്തിൽ ചെന്നുകയറുവാൻ ഇടയായി. അന്ന് കൊല്ലിനും കൊലയ്ക്കും അധികാരമുായിരുന്ന ആ ക്ഷേത്രത്തിലെ ഊരാൺമക്കാർ അയാളെ കൊല്ലുവാനായി പുലിക്കൂട്ടിൽ പിടിച്ചിട്ടു. ഈ വിവരം കുറവിലങ്ങാട്ട് അറിഞ്ഞ് വൃദ്ധനായ ഒരു കത്തനാർ ആ സാധുവിനെ രക്ഷിക്കാൻ ഏറ്റുമാനൂർക്ക് പുറപ്പെട്ടു. അന്ന് മൂന്ന് നോമ്പ് ദിവസമായിരുന്നതിനാൽ അസംഖ്യം ജനങ്ങളും അദ്ദേഹത്തെ അനുഗമിച്ചു. ആ കത്തനാർ പുലിക്കൂട് പൊളിച്ച് ആ സാധു ക്രിസ്ത്യാനിയെ രക്ഷപ്പെടുത്തി കുറവിലങ്ങാട്ടേയ്ക്ക് തിരിച്ചു. ഇതറിഞ്ഞ് ക്ഷേത്ര ഊരാൺമക്കാർ മൂന്ന് നോമ്പ് കഴിഞ്ഞ ഉടൻ തങ്ങൾക്കുണ്ടായ അപമാനം നീക്കുവാനായി അനവധി ആളുകളോടും ക്ഷേത്രംവക കൊമ്പനാനയേയും കൊണ്ട് കുറവിലങ്ങാട് പള്ളിമുറ്റത്തെത്തി. ഭയവിഹ്വലരായ ജനം അങ്ങോട്ടും ഇങ്ങോട്ടും ഓടി. മുൻപറഞ്ഞ വൃദ്ധനായ വൈദികൻ പള്ളിയുടെ കതകുകൾ അടച്ച് മദ്ബഹായിലുള്ള വിളക്കുകളും തിരികളും കത്തിച്ച് കൈകൾ മേലോട്ട് വിരിച്ച് പ്രാർത്ഥിക്കാൻ തുടങ്ങി. ദേവാലയത്തിന്റെ കതകുകൾ പൊളിക്കാൻ ഊരാൺമക്കാർ ആനയെക്കൊണ്ട് പ്രാധാന വാതിലിൽ കുത്തിച്ചു. കതകിന്റെ വിള്ളലിൽക്കൂടി അകത്തുകടന്ന കൊമ്പ് തിരിച്ചെടുക്കാൻ കഴിയാതെ ആന വിഷമിച്ചു. അത് മരണവേദനയോടെ നിലവിളിക്കുകയും മലമൂത്ര വിസർജ്ജനം നടത്തുകയും ചെയ്തു. ഊരാൺമക്കാർ കതകിന്റെ വിള്ളലിൽകൂടി അകത്തേയ്ക്ക് നോക്കിയപ്പോൾ കൈവിരിച്ചുനിന്ന് പ്രാർത്ഥനായാഗം നടത്തുന്ന വൃദ്ധവൈദികനെയാണ് കണ്ടത്. ഊരാണ്മക്കാരുടെ പരിഭ്രമം വർദ്ധിച്ചു. കത്താനാരുടെ തപോമയാഗ്നിയിൽ തങ്ങളും ഗജശ്രേഷ്ഠനും വെന്തുപോകുമെന്ന് അവർ ഭയപ്പെട്ടു. മൂത്ത കത്തനാരുടെ പ്രാർത്ഥന നിർത്തുവാൻ ഊരാൺമക്കാർ മറ്റ് വൈദികരോടും ജനങ്ങളോടും താണുകേണപേക്ഷിച്ചു. ഈ വിവരം അറിഞ്ഞ ആ താപസശ്രേഷ്ഠൻ തന്റെ പ്രാർത്ഥന നിർത്തി പ്രസന്നവദനനായി വെളിയിൽ വന്നു. തങ്ങളുടെ അവിവേകത്തിൽ പശ്ചാത്തപി

ച്ച് ഊരാൺമക്കാർ തങ്ങളേയും ആനയേയും ആപത്തിൽ നിന്നും രക്ഷിക്കണമെന്ന് അദ്ദേഹത്തോട് അപേക്ഷിച്ചു. വൃദ്ധനായ വൈദികൻ പള്ളിയുടെ വാതിൽ തുറക്കുകയും ആന കൊമ്പ് വലിച്ചെടുക്കുകയും ചെയ്തു. ഈ ആപത്തിൽ നിന്നും രക്ഷപെട്ടതിന്റെ നന്ദിയ്ക്കും സ്മരണയ്ക്കുമായി അവർ പള്ളിയ്ക്ക് സമീപം സ്ഥലവും പാച്ചോർ നേർച്ചയ്ക്കായി ക്ഷേത്രം വക 24 പറ നിലം കരമൊഴിവായി പള്ളിയ്ക്ക് വിട്ടുനല്കി. പാച്ചോർ നേർച്ചയ്ക്ക് ആവശ്യമായ പാത്രങ്ങൾപോലും അവർ ദാനം നല്കി. എല്ലാ മൂന്നുനോമ്പിൻനാളും കുറവിലങ്ങാട് പള്ളിയിലെ പ്രദക്ഷിണത്തിന് ക്ഷേത്രംവക ആനയെ അയച്ചുകൊള്ളാമെന്ന് വാഗ്ദാനവും ചെയ്താണ് അവർ തിരികെ പോയത്.

മേൽവിവരിച്ച സംഭവത്തിന് ഉത്തമ സാക്ഷിത്വമായി ഏറ്റുമാനൂർ അമ്പലത്തിലെ ആന ഇന്നും കുറവിലങ്ങാട് പള്ളിയിലെ മൂന്നുനോമ്പ് തിരുനാൾ പ്രദക്ഷിണത്തിന് എഴുന്നള്ളാറുണ്ട്. കുറവിലങ്ങാട് പള്ളിയിലെ പ്രധാന വാതിലിൽ ആനകുത്തി കൊമ്പ് ഉടക്കിയതിന്റെ ഓർമ്മയ്ക്കായി പിന്നീട് ഈ പ്രദേശങ്ങളിലെല്ലാം നിർമ്മിച്ച പള്ളികളുടെ പ്രധാന വാതിലിന് ആനവാതിൽ എന്ന പേര് വന്നുചേർന്നു.

കുറവിലങ്ങാട് തെക്കേടം കുടുംബത്തിലെ ജോസഫ് 1974-ൽ എഴുതി പ്രസിദ്ധീകരിച്ച ശങ്കരപുരി കുടുംബചരിത്രഗ്രന്ഥത്തിൽ പേജ് 18-22 എന്നിവയിൽ കുറവിലങ്ങാട് വസിച്ചിരുന്ന




*കാളികാവിൽ നാല് ഇല്ലക്കാർ ആദ്യം താമസമാക്കിയ സ്ഥലത്ത് പണികഴിപ്പിച്ച കപ്പേള. ഇവിടെ ചാപ്പലിൽ പുരാതനമായ അഞ്ച് ശവക്കല്ലറകളും, അവ ഓരോന്നിന്റെയും തലയ്ക്കൽ ഓരോ കൽവിളക്കും കാണാവുന്നതാണ്. ഈ കൽവിളക്കുകളിൽ എണ്ണയൊഴിച്ച് വിശ്വാസപൂർവ്വം പ്രാർത്ഥിച്ച് പോകുന്നവർക്ക് ധാരാളം അനുഗ്രഹങ്ങൾ ലഭിച്ച സാക്ഷ്യങ്ങൾ ഉണ്ട്.*

നാല് ഇല്ലക്കാരെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്, കാളികാവ് ക്ഷേത്രവും കുറവിലങ്ങാട് പള്ളിയും തമ്മിലുള്ള ദൂരം ഒന്നര മൈൽ ആണ്. നാല് ഇല്ലക്കാരുടെ സഹകരണത്തോടെയാണ് എ. ഡി. 335-ൽ കുറവിലങ്ങാട് പള്ളി സ്ഥാപിതമായത്. പള്ളിയുടെ തെക്ക് ശങ്കരപുരി, കാളികാവ് ഇല്ലക്കാരും വടക്ക് പകലോമറ്റം, കള്ളി ഇല്ലക്കാരും താമസമാക്കിയതിനാൽ ശങ്കരപുരിക്ക് തെക്കേടം എന്നും പകലോമറ്റത്തിന് വടക്കേടം എന്നും ഗൃഹനാമങ്ങൾ ഉണ്ടായി.  കാളികാവിൽ നാല് ഇല്ലക്കാർ ആദ്യം താമസമാക്കിയ സ്ഥലത്ത് കുറവിലങ്ങാട് പള്ളിയിൽ നിന്നും പിന്നീട് വി. തോമാശ്ലീഹായുടെ നാമധേയത്തിൽ ഒരു കപ്പേള പണികഴിപ്പിച്ചു നല്കി. ഈ ചാപ്പലിൽ പുരാതനമായ അഞ്ച് ശവക്കല്ലറകളും, അവ ഓരോന്നിന്റെയും തലയ്ക്കൽ ഓരോ കൽവിളക്കും കാണാവുന്നതാണ്. ഈ കൽവിളക്കുകളിൽ എണ്ണയൊഴിച്ച് വിശ്വാസപൂർവ്വം പ്രാത്ഥിച്ച് പോകുന്നവർക്ക് ധാരാളം അനുഗ്രഹങ്ങൾ ലഭിച്ച സാക്ഷ്യങ്ങൾ ഉണ്ട്. നാല് ഇല്ലക്കാരിൽ പ്രമുഖരായ അഞ്ച്പേരുടെ ഭൗതികാവശിഷ്ടങ്ങൾ ഈ കല്ലറകളിൽ

അടക്കം ചെയ്തിരിക്കുന്നതായി വിശ്വസിക്കുന്നു.

കുറവിലങ്ങാട് നിന്നും വിവിധ കാലങ്ങളിൽ പലവിധ കാരണങ്ങളാൽ ഈ കുടുംബാംഗങ്ങളിൽപെട്ടവർ പല സ്ഥലങ്ങളിലേയ്ക്കും പലായനം ചെയ്യുകയോ, താമസം മാറുകയോ ചെയ്തതായി ചരിത്രത്തിൽ കാണുന്നു.




*ഞാറയ്ക്കൽ ശങ്കൂരിക്കൽ കുടുംബത്തിലെ പൂർവ്വികരെ സംസ്കരിച്ച*
*കുറവിലങ്ങാട് ദേവമാതാ പള്ളി സെമിത്തേരിയും കല്ലറയും*



*ഞാറയ്ക്കൽ ശങ്കൂരിക്കൽ കുടുംബത്തിലെ പൂർവ്വികരെ സംസ്കരിച്ച*
***ഞാറയ്ക്കൽ സെന്റ് മേരീസ്** പള്ളി സെമിത്തേരിയും കല്ലറകളും*

# 8. കുറവിലങ്ങാട് മർത്തമറിയം പള്ളി മേജർ ആർക്കി എപ്പിസ്കോപ്പൽ - ആർച്ച്ഡീക്കൻ ദേവാലയം






**ശ**ങ്കൂരിക്കൽ കുടുംബത്തിന്റെ മാതൃദേവാലയമായ കുറവിലങ്ങാട് മർത്തമറിയം ഫൊറോന പള്ളിയെ 2018 ജനുവരി 21-ന് മേജർ ആർക്കി എപ്പിസ്കോപ്പൽ മർത്തമറിയം ആർച്ച്ഡീക്കൻ തീർത്ഥാടന ദേവാലയമായി പ്രഖ്യാപിച്ചു. ഇതിലൂടെ കുറവിലങ്ങാടിന്റെ ചരിത്രപ്രാധാന്യം സീറാമലബാർ സഭ അംഗീകരിച്ചിരിക്കുകയാണ്. ഒരു ദേവാലയത്തിന് പൗരസ്ത്യ സഭകളിൽ നല്കുന്ന മഹോന്നതമായ പദവിയാണ് ഇത്. സീറോമലബാർ സഭയിൽ ആദ്യമായാണ് സഭാസിനഡ് ഒരു ദേവാലത്തെ ഇത്തരത്തിൽ ആദരിക്കുന്നത്. മേജർ ആർച്ച് ബിഷപ്പിന്റെ സ്ഥാനിക ഇരിപ്പിടം ഈ പള്ളിയുടെ ബേമ്മയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇത് സഭയുടെ മേജർ ആർച്ച് ബിഷപ്പുമാർക്കും പാത്രീയാർക്കീസിനും മാത്രമുള്ള ഇരിപ്പിടമാണ്. ഇവിടെ വർഷത്തിൽ ഒരിക്കൽ മേജർ ആർച്ച് ബിഷപ്പ് ഔദ്യോഗിക സന്ദർശനം നടത്തുന്നതുമാണ്.

ശങ്കൂരിക്കൽ കുടുംബത്തിലെ പൂർവ്വികരോടൊപ്പം മാർത്തോമാശ്ലീഹായിൽ നിന്നും സ്നാനം സ്വീകരിച്ച പകലോമറ്റം കുടുംബത്തിൽ നിന്നുള്ള അർക്കദിയാക്കോന്മാരുടെ കബറിടങ്ങളും ഇവിടെ സ്ഥിതിചെയ്യുന്നു. ഇവർ നാലാം നൂറ്റാണ്ട് മുതൽ പതിനാറാം നൂറ്റാണ്ടുവരെ അവിഭക്ത ഭാരതസഭയുടെ നേതൃത്വം ധീരമായി വഹിച്ചവരാണ്.

# 9. ശങ്കരപുരി കുടുംബശാഖകൾ

**അ**ബ്രാഹം ബെൻഹറിന്റെ ഭാരതത്തിലെ ജൂത ക്രിസ്ത്യാനികൾ എന്ന ഗ്രന്ഥത്തിൽ ശങ്കരപുരി കുടുംബശാഖകളെക്കുറിച്ചും കുറവിലങ്ങാട് നിന്നുള്ള അവരുടെ കുടിയേറ്റങ്ങളെക്കുറിച്ചും വിശദമായി വിവരിച്ചിട്ടുണ്ട്. അതിൽ ഇപ്രകാരം പറയുന്നു: കുറവിലങ്ങാട് പള്ളിയെ കേന്ദ്രീകരിച്ചിരുന്ന ക്രൈസ്തവ കുടുംബങ്ങളിൽ നിന്ന് പല കാലങ്ങളിലായി പല സ്ഥലങ്ങളിലേയ്ക്കും പുത്തൻ കൃഷിസ്ഥലങ്ങൾ തേടി കുടുംബശാഖകൾ വികസിച്ചു. മണ്ണയ്ക്കനാട്, കടുത്തുരുത്തി, കടപ്ലാമറ്റം, അരുവിത്തുറ, വയലാ, **ഞാറയ്ക്കൽ**, അതിരമ്പുഴ, കൂടല്ലൂർ, തിരുവല്ല, ചെങ്ങന്നൂർ, ഓമല്ലൂർ, പത്തനംതിട്ട, പത്തനാപുരം, കൊട്ടാരക്കര, കുടമാളൂർ, എടത്വാ, പുളിങ്കുന്ന്, ചമ്പക്കുളം, ആലപ്പുഴ, അതിരമ്പുഴ, മുളക്കുഴ, പുത്തൻകാവ്, പത്തനംതിട്ട, എരുമേലി ദേശങ്ങളിലേയ്ക്ക് ശങ്കരപുരി കുടുംബശാഖകൾ വികസിച്ചതായി കണക്കാക്കുന്നു. ഓരോ പ്രദേശങ്ങളിലും കുടുംബപ്പേരുകൾ മാറിക്കൊണ്ടിരുന്നു. എങ്കിലും ശങ്കൂരിക്കൽ, ശങ്കരമംഗലം, തെക്കേടം തുടങ്ങിയ കുടുംബപ്പേരുകൾ ശങ്കരപുരിയുടെ നേർ പാരമ്പര്യമാണ് അവകാശപ്പെടുന്നത്.

ശങ്കരപുരി മൂലകുടുംബത്തിൽ നിന്നും അകന്ന് പോയതും വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്നതുമായ ചില കുടുംബശാഖകളുടെ പേരുകൾ താഴെ കൊടുക്കുന്നു.

1. ശങ്കൂരിക്കൽ **(ഞാറയ്ക്കൽ)**
2. തെക്കേടത്ത് (കുറവിലങ്ങാട്)
3. വള്ളോപ്പിള്ളി
4. തറപ്പേൽ
5. കുഴുമ്പിൽ
6. കച്ചിറമറ്റം
7. പട്ടരുമഠത്തിൽ
8. ആവിയിൽ
9. മടയക്കുന്ന്
10. നമ്പുശ്ശേരി
11. ചെട്ടിയാകുന്ന്
12. മാപ്പിളപറമ്പിൽ
13. കണ്ണന്തറ
14. മുട്ടത്ത്
15. മുട്ടപ്പള്ളി
16. മൂലാശ്ശേരിൽ (കുടക്കച്ചിറ)
17. ചോലപ്പിള്ളി
18. മാപ്പിളക്കുന്നേൽ (പാലാ)
19. മഞ്ഞക്കാട്ടിൽ
20. കദളിക്കാട്ടിൽ (മുവാറ്റുപുഴ)
21. വണ്ണയ്ക്കാട്ടിൽ
22. വലിയവീട്ടിൽ (വയല)
23. നിരവത്ത്
24. തേക്കുംകാട്ടിൽ
25. മുണ്ടയ്ക്കൽ
26. കിഴക്കേടത്ത്
27. ഇടക്കര
28. ആറ്റുപുറം
29. പൂവത്തുംമൂട്
30. കൊച്ചുപറമ്പിൽ
31. താഴത്തേടത്ത്
32. വടക്കനാട്ടുനിലം
33. തുത്തിൽ
34. തറയിൽ
35. കുടിലിൽ
36. നാട്ടുനിലത്തിൽ
37. കുമ്പളാട്ടുകുന്നേൽ
38. തയ്യിൽ
39. കുറ്റിക്കൽ (പുളിങ്കുന്ന്)
40. പഴയപറമ്പിൽ
41. പണിക്കരിടം (കുടമാളൂർ)
42. തേവരുപറമ്പിൽ

43. ചെമ്പിത്തറ
44. പാക്കിൽ
45. കുളത്തുങ്കൽ
46. ചെറുവള്ളിൽ
47. ചിറയിൽ
48. ചെരുചിറ
49. ചന്ദ്രത്തിൽ
50. എരിമറ്റം
51. പറയന്നിലം
52. മലേപ്പറമ്പിൽ
53. പൂവ്വംതുരുത്തിൽ
54. ചെട്ടുപറമ്പിൽ
55. ആവിയോട് (കൊട്ടാരക്കര)
56. ഗണച്ചക്കാട് (ഇരവിപേരൂർ)
57. അടങ്ങാപ്പുറം (തലവടി, നിരണം)
58. ചക്കാലയിൽ
59. ചാരോത്ത് (പാമ്പാടി)
60. തെക്കേടത്ത് (ആർപ്പൂക്കര)
61. കൈതവന (തുമ്പമൺ)
62. ശങ്കരമംഗലം (ഇരവിപേരൂർ)
63. ശങ്കരത്തിൽ (പന്തളം)
64. താമരപ്പിള്ളിൽ (കല്ലിശ്ശേരി)
65. തെക്കേടത്ത് (പുത്തൻകാവ്)
66. പൊയ്കയിൽ (പത്തനാപുരം)
67. പീടികപ്പറമ്പിൽ
68. തെക്കേടത്ത് വളവ്കയത്തിൽ
69. ശങ്കരപുരി തെക്കേടത്ത് (എടത്വ)
70. കത്തിൽ പറമ്പിൽ
71. കുന്നുങ്കൽ (ആലപ്പുഴ)
72. വടക്കേക്കളം (ആലപ്പുഴ)
73. വലിയകുളം (ചങ്ങനാശ്ശേരി)
74. വെട്ടുതോട്ടുങ്കൽ
75. ഈരേത്ര
76. ഇട്ടിയാംപറമ്പിൽ
77. മുക്കാട്ടുതറ
78. കളത്തിൽ
79. പാത്തിക്കൽ
80. കണ്ണംകുളം
81. പഴയാറ്റിൽ
82. ആക്കരവീട്
83. വടക്കേക്കര
84. വലിയപറമ്പിൽ
85. തുറുമാലിൽ
86. പുത്തൻപറമ്പിൽ
87. മാലിയിൽ
88. ഇക്കരവീട്
89. കലമണ്ണിൽ
90. മണ്ണിശ്ശേരിൽ
91. നാലൂഴത്തിൽ
92. പള്ളിക്കൽ
93. വടക്കേമണ്ണിൽ
94. വളവ്കയത്തിൽ
95. ചേറ്റുകത്തിൽ
96. ഇഞ്ചക്കൽ
97. പാലമൂട്ടിൽ
98. തെക്കേടത്ത് (തിരുവനന്തപുരം)
99. എബനേസർ (കൊട്ടാരക്കര)
100 മണലോടി
101. ഈന്തനപ്രായിൽ

അബ്രാഹം വെൻഹറിന്റെ ഗ്രന്ഥത്തിൽ ചേർക്കാതെ പോയ ചില ശങ്കരപുരി കുടുംബശാഖകൾ

1. കുഴിക്കാട്ട്
2. മുടിയിൽ തരകൻ (ആരക്കുഴ)
3. വരിക്കശ്ശേരിൽ
4. കദളിക്കാട്ടിൽ
5. കുന്നപ്പിള്ളിൽ
6. രാംകുന്നേൽ
7. പന്നയ്ക്കൽ
8. പുളിംതാനത്ത്
9. കുഴിക്കാട്ടുമ്യാലിൽ
10. നെടുമല
11. പുത്തൻപുരയ്ക്കൽ
12. കുരീക്കുന്നേൽ

13. കാരക്കുന്നേൽ
14. തൈക്കൂട്ടം
15. ആലാട്ട്
16. ആയത്തുപാടം
17. കുമ്പാട്ട്
18. അമ്പാട്ട്
19. കോണിക്കൽ
20. ചെറുകുളം
21. കൊല്ലമ്മാട്ടേൽ
22. മുക്കൽ
23. വടക്കുമുറി (ചമ്പക്കുളം)
24. മഠത്തിൽ
25. മഠത്തിൽ പുത്തൻപുരയ്ക്കൽ
26. എട്ടിൽ
27. കരിയാനപ്പള്ളിൽ
28. എട്ടുപറയിൽ
29. കാങ്കോലിൽ
30. നാല്പറയിൽ
31. അറുപതിൽ
32. അറയ്ക്കപ്പറമ്പിൽ
33. പന്ത്രിൽ
34. ഇത്തിക്കത്തിൽ
35. കറ്റിക്കാടംപാക്കൽ
36. അൻപതിൽ ചിറയിൽ
37. കളത്തിൽ
38. ആറ്പറയിൽ
39. ഓരത്തിൽ (ആരക്കുഴ)
40. ഒഴുകയിൽ
41. ചെറുകാട്ട്
42. കളമ്പാട്ട്

ശങ്കരപുരി ഇല്ലത്തിലെ ആവിയിൽ ശാഖയിൽ നിന്ന് ഒരാൾ കുറവിലങ്ങാട് പള്ളിയ്ക്ക് വടക്കുവശത്തായി കുറെ അകലെ താമസിച്ച് എടൊക്കുന്നേൽ കുടുംബം സ്ഥാപിച്ചു. ആ കുടുംബം എടൊക്കുന്നേൽ, നടുവിലെക്കുറ്റ്, വെട്ടിയാനി, മുട്ടുങ്കൽ എന്നീ വീട്ടുപേരുകളിൽ പിരിഞ്ഞ് കുറവിലങ്ങാട്ടും പരിസര പ്രദേശങ്ങളിലും വസിക്കുന്നു.

ശങ്കരപുരി വംശത്തിലെ തെക്കേടത്ത് കുടുംബ ശാഖാംഗങ്ങൾ ആറേഴ് തലമുറകളായി കുറവിലങ്ങാട്ടു പള്ളിയിൽ വൈദികരെ ദൈവശുശ്രൂഷയിൽ സഹായിച്ച് കപ്യാർസ്ഥാനം വഹിച്ചുവരുന്നു. അവരുടെ കുറവിലങ്ങാട്ടെ ആദിമ വാസസ്ഥലം കുറവിലങ്ങാട് പള്ളിയുടെ കുരിശുംതൊട്ടിക്ക് തെക്കുവശത്ത് കടപ്പൂര് അഞ്ചുവീടർക്കുണ്ടായിരുന്ന തെക്കേടത്ത് പുരയിടത്തിന്റെ നേരെ തെക്കുവശമായിരുന്നു. അവിടെ നിന്ന് കപ്യാരേടം, ആശാരിപറമ്പിൽ, തെനങ്കാന, എളമ്പാച്ചേരി, നടുവിലെ തെക്കേൽ, പൊരുന്നക്കോട് ആദിയായ പുരയിടങ്ങളിലേയ്ക്ക് ആൺവഴിയ്ക്കും പെൺവഴിയ്ക്കും പല കാലങ്ങളിലായി മാറിത്താമസിച്ചു.

ശങ്കരപുരി കുടുംബശാഖകളായ മുട്ടപ്പള്ളി, വെള്ളാക്കൽ മുതലായ വീട്ടുകാർ കുറവിലങ്ങാട്ടും ചൂരക്കപ്ര, ഇലഞ്ഞിക്കുന്നേൽ, ചിറ്റക്കോടം എന്നീ വീട്ടുകാർ കോഴായിലും തെങ്ങാട്ടുചാലിൽ, ഈഴക്കുന്നേൽ, ഒറ്റപ്ലാക്കൽ, കുഴിമാക്കിൽ, വെച്ചുകെട്ടിക്കൽ, കാഞ്ഞിരത്തുങ്കൽ, കല്ലുവേലിൽ, തൈക്കാട്ടുതറ തുടങ്ങിയ വീട്ടുകാർ കുറവിലങ്ങാടിന് സമീപ സ്ഥലങ്ങളിലും വസിക്കുന്നു.

ശങ്കരപുരി കുടുംബത്തിന്റെ ഒരു ഉപശാഖയായ കണ്ണന്തറ കുടുംബത്തിലെ അംഗങ്ങൾ കുറവിലങ്ങാട്, കളത്തൂർ കരകളിൽ പല തലമുറകളായി വസിക്കുന്നു. ഈ കുടുംബാംഗങ്ങൾ ഇപ്പോൾ തെക്കൻ തിരുവിതാംകൂറിലേയ്ക്കും വ്യാപിച്ചിട്ടുണ്ട്.

തൊടുപുഴ കരിമണ്ണൂർ പന്നയ്ക്കൽ മനയിലെ വാമനൻ നമ്പൂതിരി തൈലാദിവസ്തുക്കൾ' തൊട്ടു ശുദ്ധമാക്കാൻ പതിനാറാം നൂറ്റാണ്ടിൽ കുറവിലങ്ങാട് (പാലാ) നിന്നും കൊണ്ടുപോയ ശങ്കരപുരി (ശങ്കൂരി) കുടുംബത്തിലെ പൗലോസിന്റെ പിൻപുറക്കാർ വിവിധ വീട്ടുപേരുകളിൽ അറിയപ്പെടുന്നു.

കുറവിലങ്ങാട്ട് ശങ്കൂരിക്കൽ വലിയ വീട്ടിൽ നിന്നും ശ്രീ. മാത്തൻ തന്റെ കു



*ബിഷപ്പ് ഹിപ്പോളിറ്റസ് കുന്നങ്കൽ*

ടുംബത്തോടും ഇളയ സഹോദരൻ ചാണ്ടപ്പിള്ള കത്തനാരോടും ഒപ്പം 1705-ൽ കൊട്ടാരക്കര രാജാവിന്റെ സഹായത്തോടെ കൊട്ടാരക്കര കിഴക്കേ തെരുവിൽ വന്ന് താമസമാക്കി എന്ന് കൂരാക്കൽ വലിയവീട്ടിൽ കുടുംബ ചരിത്രം പേജ് 19-ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിവരം ഷെവ. വി. സി. ജോർജ്ജ് എഴുതിയ 'കുറവിലങ്ങാട് മർത്തമറിയം പള്ളിയും കേരള നസ്രാണികളും' എന്ന ഗ്രന്ഥത്തിലും കാണുന്നു.

മാർത്തോമാശ്ലീഹായാൽ മതപരിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ബ്രാഹ്മണ കുടുംബങ്ങളിൽ ഒന്നായ, ശങ്കരപുരി കുടുംബത്തിലെ ഞാറയ്ക്കലേയ്ക്ക് പോയ ശങ്കൂരിക്കൽ കുടുംബം പോലെയുള്ള ഒരു ശാഖാഭവനമാണ് കുറവിലങ്ങാട് പട്ടരുമഠം കുടുംബം എന്ന് കേരള ചരിത്ര ഡയറക്ടറിയിൽ പേജ് 424 ലും 425 ലും പറയുന്നുണ്ട്.

ജമ്മു-കാശ്മീർ ബിഷപ്പായിരുന്ന ഹിപ്പോളിറ്റസ് കുന്നങ്കൽ, കുറവിലങ്ങാട് താമസിച്ചിരുന്ന ശങ്കരപുരി കുടുംബശാഖയായ വലിയവീട്ടിൽ നിന്നും ആലപ്പുഴ തുമ്പോളിയ്ക്കും പിന്നീട് പൂന്തോപ്പിനും താമസം മാറിയ വലിയവീട്ടിൽ-കുന്നുങ്കൽ കുടുംബത്തിൽ നിന്നുള്ള അംഗമാണ്.




***ചരിത്രകാരനായ അബ്രാഹം ബെൻഹർ എഴുതി 2012-ൽ പ്രസിദ്ധപ്പെടുത്തിയ ഭാരതത്തിലെ ജൂതക്രിസ്ത്യാനികൾ എന്ന ഗ്രന്ഥത്തെ ആധാരമാക്കി ശങ്കൂരിക്കൽ കുടുംബയോഗം പ്രസിഡന്റ് ജോയി പോൾ തയ്യാറാക്കിയ പുതുക്കിയ കുടുംബവൃക്ഷ ചാർട്ട്***

# 10. ഫ്രാൻസീസ് ബുക്കാനൻ കേരളത്തിലെ ക്രിസ്ത്യാനികളെക്കുറിച്ച്...




കേരളത്തെക്കുറിച്ച് പഠിച്ച് ഈസ്റ്റ് ഇന്ത്യാ കമ്പനിക്ക് റിപ്പോർട്ട് നല്കുവാൻ നിയുക്തനായ ഇംഗ്ലീഷ്കാരൻ ഫ്രാൻസീസ് ബുക്കാനൻ ഇന്നത്തെ തൃശൂർ ജില്ലയിലൂടെ 1800 ഡിസംബർ 9-ന് സഞ്ചരിക്കുമ്പോൾ കണ്ണംകുളങ്ങര അങ്ങാടി എന്ന് അറിയപ്പെടുന്ന ക്രിസ്തീയ ഗ്രാമത്തിലൂടെ കടന്നുപോകുവാൻ ഇടയായി. ഫ്രാൻസീസ് ബുക്കാനന്റെ കേരളം എന്ന ഗ്രന്ഥത്തിൽ പേജ് 44-ൽ ഈ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ കൊടുത്തിരിക്കുന്ന വിവരണം താഴെ ചേർത്തിരിക്കുന്നു.

അന്തിയോഖ്യയിലെ യാക്കോബായ വിഭാഗത്തിൽപ്പെട്ട അവിടത്തെ പാപ്പ അല്ലെങ്കിൽ പുരോഹിതൻ ഞങ്ങളെ വന്ന് കണ്ടു. അദ്ദേഹത്തിന്റെ മുൻഗാമികൾ അനേകം തലമുറകളായി ഇവിടെ ജീവിച്ചുപോന്നവരാണെന്ന് പറഞ്ഞു. എങ്കിലും അദ്ദേഹത്തിന് ജൂതന്മാരുടെ ശരീരപ്രകൃതി വളരെ വ്യക്തമായി കാണുന്നുണ്ട്. എന്നാൽ ഈ മതത്തിൽപെട്ട ഭൂരിപക്ഷം അനുയായികളും ഇവിടുത്തെ തനി നാട്ടുകാരെപ്പോലെയാണ് ഇരിക്കുന്നത്. അവരത്രയും സ്ഥലവാസികളിൽ നിന്നും മതപരിവർത്തനം ചെയ്യപ്പെട്ടവരുമാണ്. അവരുടെ പള്ളികളിൽ വിഗ്രഹങ്ങളോ പടങ്ങളോ ഇല്ല. നസ്രാണികൾ കുരിശിനെ ആരാധിക്കുന്നവരാണ്. അവരുടെ പുരോഹിതന്മാർക്ക് വിവാഹം കഴിക്കാൻ അനുമതിയുണ്ടെങ്കിലും എന്നെ വന്നുകണ്ട പുരോഹിതൻ ബ്രഹ്മചര്യം അനുഷ്ഠിക്കുന്നതിൽ അഭിമാനം കൊള്ളുന്നവനും തികഞ്ഞ സസ്യഭുക്കുമായിരുന്നു.'

ആ പുരോഹിതൻ പറഞ്ഞത്:- 1740 കൊല്ലങ്ങൾക്കപ്പുറം തോമസ് എന്ന ഒരു പുണ്യവാളന്റെ പ്രവർത്തനത്തെത്തുടർന്നാണ് ഈ പ്രദേശത്ത് നസ്രാണികളുടെ ഉത്ഭവം എന്നാണ്. മദ്രാസിനടുത്തുള്ള മൈലാപ്പൂർ എന്ന സ്ഥലത്ത് എത്തിയ അദ്ദേഹം അവിടെ ഒരു കുന്നിന്മേൽ താമസമാക്കിയെന്നും ആ കുന്നിന് ഇന്നും അദ്ദേഹത്തിന്റെ നാമമാണ് ഉള്ളതെന്നും പറയപ്പെടുന്നു. അവിടെ നിന്നും അദ്ദേഹം കടൽമാർഗം കൊച്ചിയിൽ എത്തുകയും അതിന്റെ പരിസരത്ത് കുറെയധികം ആളുകളെ ക്രിസ്ത്യാനികളാക്കുകയും അവിടെ ഒരു പള്ളി പണിയുകയും ചെയ്തു. മൈലാപ്പൂരിലേയ്ക്ക് മടങ്ങിയ അദ്ദേഹം അവിടെവച്ച് മരണമടയുകയും ചെയ്തു. അക്കാലത്ത് മലയാളരാജ്യം ബ്രാഹ്മണരുടേതായിരുന്നു. ദക്ഷിണ ദേശത്തിലെ ഏറ്റവും ശക്തനായ ചക്രവർത്തിയായിരുന്ന ചോളൻ പെരുമാൾ നിയോഗിച്ചിരുന്ന രാജാവാണ് അന്ന് ഇവിടം ഭരിച്ചിരുന്നത്.

ആ മലയാളരാജ്യം ഇന്ന് പട്ടണമാണെന്ന് മാത്രമല്ല, പോർട്ടുഗീസുകാർ അവിടെയുണ്ടായിരുന്ന നസ്രാണികളെ മുഴുവൻ ആട്ടിയോടിക്കുകയും ചെയ്തിട്ടുണ്ട്. പോർട്ടുഗീസുകാരുടെ കാലത്താണ് ഏറ്റവും കൂടുതൽ മതപീഡനങ്ങൾ ഏൽക്കേിവന്നതെന്ന് ആ പാപ്പ പറഞ്ഞു. അദ്ദേഹത്തിന്റെ ഓർമ്മയുള്ള കാലത്ത് ക്രിസ്ത്യാനികൾ വർദ്ധിക്കുകയോ കുറയു

കയോ ചെയ്തിട്ടില്ലെന്നും, നായന്മാരിൽ നിന്നും ചാന്നാന്മാരിൽ നിന്നും ഇടയ്ക്കൊക്കെ ചിലർ മതം മാറാറുണ്ടന്നെും മാപ്പിളമാരാരും മതംമാറില്ലെന്നും എന്നാൽ നമ്പൂതിരിമാരിൽ ജാതിഭ്രഷ്ട് വന്നുപോയവർ മതപരിവർത്തനം ചെയ്തുവെന്ന് വരാം എന്നും അദ്ദേഹം പറഞ്ഞു.

പ്രസ്തുത ഗ്രന്ഥത്തിൽ നിന്നുള്ള തുടർച്ച:- ഒരു ബ്രാഹ്മണൻ നല്കിയ വിവരം ഇപ്രകാരമാണ്, 'നസ്രാണികൾ വളരെ അദ്ധ്വാനശീലരും അച്ചടക്കമുള്ളവരുമാണ്. പ്രധാനമായും കൃഷിയും കച്ചവടവും ചെയ്താണ് അവർ ജീവിക്കുന്നത്. ഒരു അടിമ മതപരിവർത്തനം ചെയ്ത് നസ്രാണിയായാൽ അവനെ സ്വതന്ത്രനാക്കി അവന് ദിവസക്കൂലിയോ മാസക്കൂലിയോ കൊടുക്കുന്നു.'

നസ്രാണികൾ താമസിക്കുന്ന വില്ലേജ് ബുക്കാനനും സംഘവും സന്ദർശിച്ചു. ധാരാളം വീടുകൾ വളരെ ചിട്ടയിലും ഒതുക്കത്തിലും നിർമിച്ചിട്ടുണ്ട്. ജനങ്ങൾ ഈ വീടുകളിൽ തിങ്ങിപ്പാർക്കുന്നു. ഇന്ത്യൻ പട്ടണങ്ങളുടെ നിലവാരംവച്ച് നോക്കിയാൽ ഇവിടം വളരെ ഭംഗിയായി സംവിധാനം ചെയ്തിരിക്കുന്നു. അല്പം ഉയർന്നുകിടക്കുന്ന ഭംഗിയുള്ള സ്ഥലത്ത് ഒരു പഴയ പള്ളി കാണാനുണ്ട്. അതിന് മേൽക്കൂര ഇപ്പോൾ ഇല്ല. ചുമരുകൾ ചളിയും കളിമണ്ണ് കുഴച്ചുണ്ടാക്കിയതും പഴയതുമാണെങ്കിലും വളരെ ഉറപ്പുള്ളതായും പുതിയതായും തോന്നുന്നു. അൾത്താര പ്രൗഢിതോന്നിക്കുന്ന നിർമ്മാണ വിശേഷതയുള്ളതാണ്. പള്ളിയുടെ പ്രധാന വാതിലിന്റെ നേരെയായിട്ടാണ് ശ്മശാനം ഏർപ്പെടുത്തിയിട്ടുള്ളത്. ശ്മശാനം വളരെ ചെറുതായതിനാൽ പുതിയ ശവശരീരങ്ങൾ എത്തുമ്പോൾ പഴയ കല്ലറകൾ തുറക്കുകയും ദ്രവിക്കാത്ത എല്ലുകൾ ശേഖരിച്ച് അരികിലുള്ള ഒരു തുറന്ന കുഴിയിൽ ഇടുകയുമാണ് പതിവ്. വഴിയെ പോകുന്ന ആർക്കും ഇവ കാണാവുന്നതാണ്.

1800-1801 കാലത്ത് മലബാറിലെ ഒരു ഡിസ്ട്രിക്ടിലെ 21471 കുടുംബങ്ങളിൽ വെറും 13 കുടുംബങ്ങൾ മാത്രമായിരുന്നു നസ്രാണികളുടേതായി കണ്ടത് എന്ന് ഈ ഗ്രന്ഥത്തിൽ പേജ് 13-ൽ പറയുന്നുണ്ട്. മറ്റുള്ള കുടുംബങ്ങൾ രാജകുടുംബം-42, മുസൽമാൻ കുടുംബം-1469, നമ്പൂതിരി കുടുംബം-137, പട്ടർ ബ്രാഹ്മണ കുടുംബം-3309, നായന്മാരുടെ കുടുംബം-4292, കൈത്തൊഴിൽ-കച്ചവടക്കാർ കുടുംബം-2329, ചാന്നാർ-തീയർ കുടുംബം-4287, മീൻപിടുത്തക്കാർ കുടുംബം-539, കർണ്ണാടക-ചേരദേശക്കാർ കുടുംബം-5054 എന്നിങ്ങനെയാണ്.

**കേരള ചരിത്ര ഡയറക്ടറിയിൽ നിന്ന്:**

ഏകദേശം എട്ടാം ശതകത്തിനപ്പുറം ഭാസ്കര രവിവർമ്മപ്പെരുമാൾ വെളുത്ത ജൂതന്മാർക്ക് ഒരു താമ്രശാസനവും, സ്ഥാണു രവിഗുപ്തപ്പെരുമാൾ സെന്റ് തെരീസാ പള്ളിയ്ക്ക് കരമൊഴിവായി കുറെ വസ്തുക്കൾ കൊടുത്ത ആധാരവും, വീരരാഘവ ചക്രവർത്തി ക്രിസ്ത്യാനികൾക്ക് നല്കിയ ഒരു താമ്രശാസനവും കണ്ടുകിട്ടിയിട്ടുള്ളവയിൽ നിന്നും അന്നത്തെ ഭരണാധിപർ എത്ര കാരുണ്യത്തോടും ബഹുമാനത്തോടുംകൂടിയാണ് പെരുമാറിയിരുന്നത് എന്നറിയാൻ കഴിയും.

കേരളത്തിലെ ആദിമ സെന്റ് തോമസ് സുറിയാനി ക്രിസ്ത്യാനികൾ ശ്രേഷ്ഠമായ അപ്പസ്തോലിക പാരമ്പര്യം കാത്തുസൂക്ഷിച്ചുപോന്നു. ഈ അപ്പസ്തോലിക പാരമ്പര്യമാണ് സെന്റ് തോമസ് ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മിക ദൃഢതയുടെ ആധാരമായി നിലനിൽക്കുന്നത്. അവർക്ക് അവരുടേതായ ആരാധനാലയങ്ങളും ആയോധന കലകളും അക്ഷര കളരികളും ആയുർവേദ ഔഷധങ്ങളും ഉണ്ടായിരുന്ന ഒരു സ്വയം സമ്പൂർണ്ണ സമുദായമാ

യിരുന്നു. ജാതിവ്യവസ്ഥയിൽ ഉയർന്ന ജാതിയിൽ പെട്ടവർക്ക് മാത്രം അനുവദിച്ചിരുന്ന 72 പദവികൾ അനുഭവിക്കാൻ അന്നത്തെ ചക്രവർത്തി ക്രൈസ്തവ സമൂഹത്തിന് അനുമതി ന ല്കി ബഹുമാനിച്ചു.

**72 പദവികൾ**

1. അടിമ, 2. അൻമൂല, 3. അറപ്പുര, 4. ആനമേൽ നീർമണ്ണ്, 5. ആർപ്പ്, 6. ആലവട്ടം, 7. പടിപ്പുര. 8. ഉച്ചിപ്പൂവ്, 9. ഇടമ്പിരി ശംഖ്, 10. കച്ച, 11. കച്ചപ്പുറം, 12. കനകമുടി, 13. കാൽചിലമ്പ്, 14. കുതിരസവാരി, 15. കുഴൽ, 16. കൈത്തള, 17. കൈവള, 18. കൊഴി, 19. ചണ്ണമേൽക്കട്ടി, 20. ചെങ്കോമ്പ്, 21. തൊങ്ങൽ, 22. തകിൽ, 23. ത്, 24. തഴ, 25. തീങ്ങല, 26. തൂക്കുമഞ്ചം, 27. തൊങ്ങൽ, 28. തോൾവള, 29. നഗരത്തോരണം, 30. നടയും നടത്തും, 31. നന്താവിളക്ക്, 32. നാങ്കുപ്പരിഷ, 33. നായാട്ടുഭോഗം, 34. നാലുവാക്കുരവ, 35. നെടിയകുട, 36. നെട്ടൂർ പെട്ടി, 37. നെറ്റിപ്പട്ടം, 38. നേർവാൾ, 39. പകൽവിളക്ക്, 40. പഞ്ചവട്ടം, 41. പഞ്ചവർണ്ണക്കുട, 42. പഞ്ചവാദ്യം, 43. പട്ടുചട്ട, 44. പട്ടുമുണ്ട്, 45. പട്ടുറുമാൽ, 46. പണിപ്പുടവ, 47. പതക്കം, 48. പന്തൽ വിതാനം, 49. പരവതാനി, 50. പതിനേഴ്പരിഷയ്ക്കുടമ, 51. പല്ലക്ക്, 52. പാവാട, 53. മണിക്കോലം, 54. മദ്ദളം, 55. മുടിക്കീഴാഭരണം., 56. മുൻകൈയ്യ്, 57. മുൻകൈയ്യിൽ പതക്കം, 58. മുൻചൊല്ല്, 59. മുൻമൂലം, 60. മുരശു, 61. മെതിയടി, 62. രാജഭോഗം, 63. രാജസമക്ഷം ഇരിപ്പ്, 64. വലംപിരിശംഖ്, 65. വിരിപന്തൽ, 66. വീണ, 67. വീരശൃംഖല, 68. വീരത്ത്, 69. വീരമദ്ദളം, 70. വീരവാദ്യം, 71. വെഞ്ചാമരം, 72. ശംഖ്.




*പാലയൂർ നിന്നും ശങ്കരപുരി, പകലോമറ്റം, കള്ളി, കാളികാവ് കുടുംബങ്ങൾ കുറവിലങ്ങാടിന് അടുത്ത് ഏറ്റുമാനൂർ ക്ഷേത്രാധികാരത്തിൽപെട്ട കാളികാവിൽ വന്ന് താമസിച്ച സ്ഥലത്ത് ശങ്കരപുരി കുടുംബക്കാർ പൂർവ്വികരുടെ സ്മരണയ്ക്കായി നിർമ്മിച്ചിരിക്കുന്ന ശങ്കരപുരി കുരിശുപള്ളി.*

# 11. ശങ്കൂരിക്കൽ കുടുംബം കുറവിലങ്ങാട് നിന്നും ഞാറയ്ക്കലേയ്ക്ക്

1978-ൽ എഴുതി പ്രസിദ്ധീകരിച്ച ഫാദർ പോൾ കുഴിക്കാട്ട് സ്മാരക ഗ്രന്ഥത്തിൽ ചരിത്ര പണ്ഡിതനായ ഫാ. ജി. സി. ടീലാർ ശങ്കൂരിക്കൽ കുടുംബത്തെക്കുറിച്ച് എഴുതിയിരിക്കുന്നത് നോക്കാം.....

കുറവിലങ്ങാടിന് പടിഞ്ഞാറ് ഞാറയ്ക്കലുള്ള ഏതോ ഒരു ഭൂസ്വാമിയുടെ ക്ഷണമനുസരിച്ച് ശങ്കരപുരി കുടുംബത്തിലെ ഒരു ശാഖ ഞാറയ്ക്കലേയ്ക്ക് പോയി. അവർ ഇപ്പോഴും ശങ്കൂരിക്കൽ കുടുംബം എന്നാണ് അറിയപ്പെടുന്നത്. അതേകാലത്താണ് പൗലോസ് എന്ന് ഒരാളെ കരിമണ്ണൂർ ഭാഗത്തുള്ള ഇടപ്രഭു ആയിരുന്ന പന്നയ്ക്കൽ നമ്പൂതിരി കുറവിലങ്ങാട്ടെ ശങ്കരപുരിയിൽ നിന്നും ക്ഷണിച്ചുവരുത്തി മനയോട് ചേർന്നുള്ള കുഴിയുംകാടും നിറഞ്ഞ ഒരു പുരയിടത്തിൽ താമസിപ്പിച്ചു. കരിമണ്ണൂരിലെ ആദ്യത്തെ ക്രിസ്ത്യാനിയായ ഈ ശങ്കരപുരിക്കാരൻ പൗലോസ് കുഴിക്കാട്ട് എന്ന വീട്ടുപേരിൽ അറിയപ്പെടാൻ തുടങ്ങി. കുഴിക്കാട്ട് കുടുംബത്തിന് ഏകദേശം അഞ്ഞൂറ് വർഷത്തെ പഴക്കമുണ്ടെന്ന് ഊഹിക്കുന്നു.




ഈ ചരിത്ര സത്യത്തിന് തെളിവായി കൂത്താട്ടുകുളത്തുള്ള കുഞ്ചറക്കാട്ട് മനയ്ക്കൽ സൂക്ഷിച്ചിട്ടുള്ള താളിയോല ഗ്രന്ഥങ്ങളിൽ രേഖ കാണാവുന്നതാണ്.

കുറവിലങ്ങാട് ശങ്കരപുരി കുടുംബശാഖയായ തെക്കേടത്ത് നിന്നും ഒരാൾ ഞാറയ്ക്കൽ മാളിയയ്ക്കൽ കുടുംബത്തിലെ അവകാശിയെ വിവാഹംകഴിച്ച് ഞാറയ്ക്കൽ താമസിച്ചു. അവരുടെ പിൻമുറക്കാർ ശങ്കരപുരി എന്ന പേര് ലോപിച്ച് ശങ്കൂരിക്കൽ എന്ന വീട്ടുപേര് സ്വീകരിച്ചു. എന്ന് ബ്രദർ ഇമ്മാനുവൽ കുറ്റിക്കൽ ഒ. എഫ്. എം. എഴുതിയ ശങ്കരപുരിയുടെ അപ്പസ്തോലിക പാരമ്പര്യം എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത് കാണാം.

ഷെവലിയർ വി. സി. ജോർജ്ജ് 1973 ഡിസംബർ മാസം പ്രസിദ്ധീകരിച്ച കുറവിലങ്ങാട് മർത്തമറിയം പള്ളിയും നസ്രാണി ക്രിസ്ത്യാനികളും എന്ന ഗ്രന്ഥത്തിൽ 392-394 പുറങ്ങളിൽ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക, കാളികാവിലുായിരുന്ന ശങ്കൂരിക്കൽ കുടുംബാംഗങ്ങളിൽ ഒരാൾ ദത്തുവഴിയ്ക്ക് ഞാറയ്ക്കൽ ചെന്ന് ശങ്കൂരിക്കൽ കുടുംബ സ്ഥാപകനായി.' അദ്ദേഹം തുടരുന്നു, ഞാറയ്ക്കലേയ്ക്ക് പോയ ശങ്കൂരിക്കൽ കുടുംബാംഗത്തിന്റെ സന്തതിപരമ്പര ഞാറയ്ക്കലും സമീപ സ്ഥലങ്ങളിലും അധിവാസമുറപ്പിച്ചു. അവരിൽ പലരും വിത്തംകൊണ്ടും വിദ്യകൊണ്ടും പൊതുജനസമ്മതി ആർജ്ജിച്ചു.

# 12. ശങ്കൂരിക്കൽ കുടുംബം ചരിത്രവഴികളിൽ...

**ശങ്കരപുരിക്കൽ അഥവ ശങ്കൂരിക്കൽ പേരുകളുടെ ഉത്ഭവം**

പാലയൂർ ശങ്കരപുരി ഇല്ലത്തിലെ ശ്രേഷ്ഠ ബ്രാഹ്മണ പുരോഹിതനായിരുന്ന മഹാദേവൻ നമ്പൂതിരി'യാണ് തോമാശ്ലീഹയിൽ നിന്ന് ആദ്യം സ്നാനം സ്വീകരിച്ചത് എന്ന് ശങ്കരമംഗലം കുടുംബചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

പാലയൂരിലെ ശങ്കരാപുരി ഇല്ലത്തിലെ ശങ്കരൻ നമ്പൂതിരിയാണ് തോമാശ്ലീഹയിൽ നിന്നും ക്രിസ്തുമതം സ്വീകരിച്ചതെന്നും, ക്രിസ്തുമതം സ്വീകരിച്ചതിനാൽ ശങ്കരൻ നമ്പൂതിരി എന്ന പേര് ചുരുക്കി ശങ്കരപുരി ആയെന്നും കുലത്താക്കൽ കുടുംബചരിത്രത്തിൽ പറയുന്നു.

ശങ്കരപുരിയുടെ അപ്പസ്തോലിക പാരമ്പര്യം എന്ന ഗ്രന്ഥത്തിൽ ബ്രദർ ഇമ്മാനുവൽ കുറ്റിക്കൽ ഒ. എഫ്. എം. എഴുതിയിരിക്കുന്നത്: പാലയൂരിലെ ശങ്കരാപുരി എന്ന ഇല്ലപ്പേരിൽ വസിച്ചിരുന്നവർ ക്രിസ്തുമതം സ്വീകരിച്ചപ്പോൾ രാ എന്ന ദീർഘം ഉപേക്ഷിച്ച് ശങ്കരപുരി' എന്ന കുടുംബപ്പേർ സ്വീകരിച്ചു എന്നാണ്.

ശംഖ് ഏറെയുള്ള പ്രദേശം എന്ന അർത്ഥത്തിൽ ശങ്ക്പുരി എന്ന പേര് ഉപയോഗിക്കുകയും അത് ശങ്കരപുരിയായി പരിണമിച്ചതാണെന്നും ചില ചരിത്ര പണ്ഡിതർ വാദിക്കുന്നു. തമിഴ് ഭാഷയിൽ ശംഖ് എന്ന പദത്തിന് ചങ്ക് എന്നും ശങ്ക് എന്നും ഉപയോഗിച്ചിരുന്നു. ശംഖ് ഉണങ്ങാനായി നിരത്തിയിട്ടിരുന്ന സ്ഥലം അഥവാ വിരിച്ചിരുന്ന സ്ഥലം എന്ന അർത്ഥത്തിൽ ചങ്ക്വിരിക്കൽ എന്നും പറഞ്ഞിരുന്നു. ചങ്ക് വിരിക്കൽ എന്ന പദത്തിൽ നിന്ന് ശങ്കൂരിക്കൽ എന്ന പേര് ഉത്ഭവിച്ചതായും അഭിപ്രായം ഉണ്ട്.

**ശങ്കരപുരിയുടെ വിവിധ ഉച്ചാരണങ്ങൾ**

പാലയൂർ നിന്നും കുറവിലങ്ങാട് വന്ന് വസിച്ചിരുന്ന ശങ്കരപുരി കുടുംബക്കാർ ശങ്കരപുരിക്കൽ, ശങ്കുവിരിക്കൽ, ചങ്കുവിരിക്കൽ, ശംകുതിരിക്കൽ, ശങ്കൂരിക്കൽ, ശങ്കരത്തിൽ, ശങ്കരമംഗലം എന്നിങ്ങനെ വിവിധ പേരുകളിൽ അറിയപ്പെടുന്നതായി വിവിധ കുടുംബചരിത്ര ഗ്രന്ഥങ്ങളിൽ കാണാം.

**പാലയൂർ നിന്നും കുറവിലങ്ങാട്ടേയ്ക്ക്**

എ. ഡി. 72-ൽ തോമാശ്ലീഹയുടെ രക്തസാക്ഷിത്വത്തിനുശേഷം കേരളത്തിലെ ക്രിസ്തുമത വിശ്വാസികളെ ഒരുമിച്ച് കൊണ്ടുപോകുവാനുള്ള ആത്മീയ നേതൃത്വം ഇല്ലാതായി. ഇവിടത്തെ ആദ്യ കുടിയേറ്റക്കാരിൽപെട്ട യഹൂദരും ആര്യന്മാരും ഉൾപ്പെട്ട പ്രബല സമുദായങ്ങൾ സംഘടിതമായി ക്രിസ്ത്യാനികളെ ആക്രമിക്കുകയും കൂട്ടായ്മകളെ തകർത്ത് നിർബന്ധിത മതപരിവർത്തനം നടപ്പാക്കുകയും ചെയ്തു. ചില വർഗ്ഗീയവാദികൾ ക്രിസ്ത്യാനികളെ നിഗ്രഹിക്കുന്നതിനും കാരണമായി. ഈ സാഹചര്യത്തിൽ നിരവധി ക്രിസ്തീയ കുടുംബങ്ങൾ പാലയൂർ നിന്നും പലായനം ചെയ്തു.

എ. ഡി. 105-ൽ ശങ്കരപുരി, പകലോമറ്റം, കള്ളി, കാളികാവ് എന്നീ കുടുംബങ്ങൾ കുറവിലങ്ങാട്ട് എത്തി' എന്ന് കുറവിലങ്ങാട് മർത്തമറിയം പള്ളിയുടെ ചരിത്രത്തിൽ കാണുന്നു.

പാലയൂരിൽ സവർണ്ണ ഹിന്ദുക്കളുടെ എതിർപ്പും സാമൂഹ്യമായ ഒറ്റപ്പെടുത്തലു

കളും യഹൂദ-ക്രിസ്ത്യൻ മതങ്ങളോട് പാശ്ചാത്യ നാടുകളിലുണ്ടായ വൈരാഗ്യവും പ്രമുഖ വാണിജ്യ കേന്ദ്രമായ കൊടുങ്ങല്ലൂർ (പാലയൂർ) നിന്നും ക്രിസ്ത്യാനികൾ ഓടിപ്പോകുന്നതിന് കാരണമായി എന്നാണ് ഷെവലിയർ വി. സി. ജോർജ്ജ് എഴുതിയ കുറവിലങ്ങാട് മർത്തമറിയം പള്ളിയും കേരള നസ്രാണികളും എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത്.

കടുത്ത കച്ചവട മത്സരം മൂലം കൊടുങ്ങല്ലൂർ അസ്വസ്ഥതകളുടെ നാടായി മാറി. രാജാക്കന്മാർ അധികാരത്തിനുവേണ്ടിയും യഹൂദരും അറബികളും കച്ചവട കുത്തകയ്ക്കുവേയും പോരാട്ടം നടത്തി. ഇതിൽ വീർപ്പുമുട്ടിയാണ് പൂർവ്വികർ കടുത്തുരുത്തിയ്ക്ക് പോയത്. എന്ന് പവ്വോത്തിക്കുന്നേൽ-പാലയ്ക്കാമണ്ണിൽ കുടുംബചരിത്രത്തിൽ കാണുന്നു

പാലയൂരിൽ നിന്നും ജലമാർഗ്ഗം, അന്നത്തെ പ്രധാന തുറമുഖങ്ങളിൽ ഒന്നായ കടുത്തുരുത്തിയിൽ എത്തിയ നാല് ഇല്ലക്കാരും കാളികാവ് ക്ഷേത്ര പരിസരത്തെത്തി വാസം ഉറപ്പിച്ചു. എന്ന് കത്തേടം കുടുംബചരിത്രത്തിൽ പറയുന്നു.

**കുറവിലങ്ങാട് നിന്നും**
**ഞാറയ്ക്കലിന് പോകുവാനുള്ള വിവിധ കാരണങ്ങൾ:**

1. എ. ഡി. 1653 ജനുവരി 3-ന് കൂനൻകുരിശ് സത്യത്തെത്തുടർന്നുായ പള്ളി വഴക്കിൽ ശങ്കരപുരി കുടുംബങ്ങളെല്ലാം വിവിധ സ്ഥലങ്ങളിലേയ്ക്ക് പലായനം ചെയ്തു. *(ശങ്കരപുരി തെക്കേടത്ത് കുറിയന്നൂർ കുടുംബ ചരിത്രഗ്രന്ഥം).*

2. കുറവിലങ്ങാടിന് പടിഞ്ഞാറ് ഞാറയ്ക്കലുള്ള ഏതോ ഒരു ഭൂസ്വാമിയുടെ ക്ഷണമനുസരിച്ച് തൈലാദിവസ്തുക്കൾ ശുദ്ധമാക്കാൻ' ശങ്കരപുരി കുടുംബത്തിലെ ഒരു ശാഖ ഞാറയ്ക്കലേയ്ക്ക് പോയി. അവർ ഇപ്പോഴും ശങ്കൂരിക്കൽ കുടുംബം എന്നാണ് അറിയപ്പെടുന്നത്. *(1978 -ൽ പ്രസിദ്ധീകരിച്ച ഫാദർ പോൾ കുഴിക്കാട്ട് സ്മാരക ഗ്രന്ഥത്തിൽ ചരിത്ര പണ്ഡിതനായ ഫാ. ജി. സി. ടീലാർ ശങ്കൂരിക്കൽ കുടുംബത്തെക്കുറിച്ച് പേജ് 39-ൽ എഴുതിയിരിക്കുന്നത്)*

3. കാളികാവിലുണ്ടായിരുന്ന ശങ്കൂരിക്കൽ കുടുംബാംഗങ്ങളിൽ ഒരാൾ ദത്തുവഴിയ്ക്ക് ഞാറയ്ക്കൽ ചെന്ന് ശങ്കൂരിക്കൽ കുടുംബ സ്ഥാപകനായി. അദ്ദേഹത്തിന്റെ സന്തതീപരമ്പര ഞാറക്കലും സമീപ സ്ഥലങ്ങളിലും അധിവാസം ഉറപ്പിക്കുകയും ചെയ്തു. *(കുറവിലങ്ങാട് മർത്തമറിയം പള്ളിയും നസ്രാണി ക്രിസ്ത്യാനികളും' വി. സി. ജോർജ്ജ്, പേജ് 392-393)*

4. കുറവിലങ്ങാട് ശങ്കരപുരി കുടുംബശാഖയായ തെക്കേടത്ത് നിന്നും ഒരാൾ ഞാറയ്ക്കൽ മാളിയയ്ക്കൽ കുടുംബത്തിലെ അവകാശിയെ വിവാഹംകഴിച്ച് ഞാറയ്ക്കൽ താമസിച്ചു. അവരുടെ പിൻമുറക്കാർ ശങ്കരപുരി എന്ന പേര് ലോപിച്ച് ശങ്കൂരിക്കൽ എന്ന വീട്ടുപേര് സ്വീകരിച്ചു. *(ബ്രദർ ഇമ്മാനുവൽ കുറ്റിക്കൽ ഒ. എഫ്. എം. എഴുതിയ ശങ്കരപുരിയുടെ അപ്പസ്തോലിക പാരമ്പര്യം എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നത്)*

5. 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കുറവിലങ്ങാട് പള്ളി ഭരണാധികാരികളുമായുള്ള അഭിപ്രായ വ്യത്യാസത്തെത്തുടർന്ന് നാലില്ലങ്ങളിലെയും മറ്റ് ധാരാളം കുടുംബങ്ങളിലേയും ആളുകൾ കുറവിലങ്ങാട് വിട്ട് വിവിധ ദേശങ്ങളിലേയ്ക്ക് കുടിയേറിയതായി പുത്തൻപറമ്പിൽ

കുടുംബചരിത്രത്തിൽ' പറയുന്നു.

6. 1525-1625 കാലഘട്ടത്തിൽ ഭരണാധികാരികളുടെ അക്രമവും പോർട്ടുഗീസ് മെത്രാനായ മെനേസിസിന്റെ ഉപദ്രവം കൊണ്ടും കുറവിലങ്ങാട് നിന്നും തിരുവിതാംകൂറിലേയ്ക്കും മറ്റ് വിവിധ ദേശങ്ങളിലേയ്ക്കും ക്രിസ്തീയ കുടിയേറ്റം ഉണ്ടായതായി പ്ലാത്തോട്ടം കുടുംബചരിത്രത്തിൽ പറയുന്നു.

7. നെടുംതള്ളി സ്വരൂപം അഥവാ പറവൂർ രാജവംശത്തിന്റെ ചരിത്രത്തിൽ പറയുന്നതെന്തെന്നാൽ, കോട്ടക്കാവ് ക്ഷേത്ര അധികാരി പറവൂർ രാജവംശം അഥവ നെടുംതള്ളി സ്വരൂപത്തിലെ നമ്പൂതിരിയായിരുന്നു. തോമാശ്ലീഹയിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ച ഇദ്ദേഹം കോട്ടക്കാവ് ക്ഷേത്രം പള്ളിയായി പുനർ നിർമ്മിച്ച്, സമീപം മാളിക പണിത് താമസിച്ചിരുന്നു. ഈ മാളിയേക്കൽ കുടുംബത്തിൽ നിന്നും ഒരാൾ ഞാറയ്ക്കലേയ്ക്ക് താമസം മാറി.

**നെടുംതള്ളി കുടുംബചരിത്രത്തിൽ നിന്ന് വീണ്ടും:**

നെടുംതള്ളി സ്വരൂപം എന്ന് വിളിച്ചുവന്ന പറവൂർ രാജകുടുംബം രാജ്യം ഭരിച്ചിരുന്ന കാലത്താണ് വി. തോമാശ്ലീഹാ കേരളത്തിൽ എത്തിയത്. കോട്ടയ്ക്കാവ് ക്ഷേത്രം നടത്തിയിരുന്ന നെടുംതള്ളി നമ്പൂതിരി മറ്റുള്ളവരോടൊപ്പം തോമാശ്ലീഹയിൽ നിന്നും സ്നാനം സ്വീകരിച്ചപ്പോൾ കോട്ടയ്ക്കാവ് ക്ഷേത്രം പള്ളിയായി രൂപാന്തരപ്പെടുത്തി. ക്ഷേത്രം ഭരിച്ചിരുന്ന നമ്പൂതിരി കുടുംബം അടുത്തുതന്നെ ഒരു മാളിക പണിത് താമസംമാറി. അവരെ മാളികയിൽ എന്ന് വിളിച്ചുവന്നു കാലാന്തരത്തിൽ അത് നെടുംതള്ളി മാളിയേക്കൽ എന്ന് അറിയപ്പെട്ടു.



*കുറവിലങ്ങാട് ദേവമാതാ പള്ളി സെമിത്തേരിയിലെ കല്ലറയിൽ 'ചങ്കുവിരിക്കൽ' എന്ന് എഴുതിയിരിക്കുന്നത് കാണാം.*

# 13. ഞാറയ്ക്കൽ ശങ്കൂരിക്കൽ കുടുംബത്തിലെ ആദ്യ പിതാവ് വറീത് എന്ന വർഗീസ്

ശങ്കൂരിക്കൽ കുടുംബം കേരളത്തിലെ ക്രൈസ്തവ സമൂഹത്തിൽ ഏറ്റവും പ്രമുഖശാഖകളിൽ ഒന്നാണ്. ക്രൈസ്തവരുടെ കേന്ദ്രസ്ഥാനമായ കുറവിലങ്ങാട് വസിച്ചിരുന്ന ശങ്കരപുരി കുടുംബശാഖയായ ശങ്കൂരിക്കൽ കുടുംബത്തിൽ നിന്നും വിവിധ കാലങ്ങളിൽ വിവിധ ദേശങ്ങളിലേയ്ക്ക് വിവിധ കാരണങ്ങളാൽ കുടുംബാംഗങ്ങൾ വാസം മാറിയിട്ടുള്ളതായി വിവിധ ചരിത്രഗ്രന്ഥങ്ങളിൽ നിന്നും മനസിലാക്കാം.

കുറവിലങ്ങാട് ശങ്കരപുരി കുടുംബശാഖയായ തെക്കേടത്ത് നിന്നും വർഗീസ് ഞാറയ്ക്കൽ മാളിയേക്കൽ കുടുംബത്തിലെ അവകാശിയെ വിവാഹംകഴിച്ച് ഞാറയ്ക്കൽ താമസിച്ചു എന്നും അവരുടെ പിൻമുറക്കാർ ശങ്കരപുരി എന്ന പേര് ലോപിച്ച് ശങ്കൂരിക്കൽ എന്ന വീട്ടുപേര് സ്വീകരിച്ചു എന്നും ബ്രദർ ഇമ്മാനുവൽ കുറ്റിക്കൽ ഒ. എഫ്. എം. എഴുതിയ ശങ്കരപുരിയുടെ അപ്പസ്തോലിക പാരമ്പര്യം എന്ന ഗ്രന്ഥത്തിൽ കാണുന്നു.

ഈ രേഖകളുടെ അടിസ്ഥാനത്തിൽ ഏകദേശം അഞ്ഞൂറ് വർഷങ്ങൾക്ക് മുമ്പ് ശങ്കൂരിക്കൽ കുടുംബം ഞാറയ്ക്കൽ എത്തിച്ചേർന്നതായി മനസിലാക്കാം. പതിനാറാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കുറവിലങ്ങാട് പള്ളി ഭരണാധികാരികളുമായുള്ള അഭിപ്രായ വ്യത്യാസത്തെ തുടർന്ന് ശങ്കൂരിക്കൽ കുടുംബത്തിലെ ധാരാളം ആളുകൾ കുറവിലങ്ങാട് വിട്ട് വിവിധ സ്ഥലങ്ങളിലേയ്ക്ക് കുടിയേറിയതായി പഴയ രേഖകൾ സാക്ഷ്യം നല്കുന്നു.

തോമാശ്ലീഹായിൽ നിന്നും ജ്ഞാനസ്നാനം സ്വീകരിച്ച പറവൂർ രാജവംശത്തിലെ അഥവ നെടുംതള്ളി സ്വരൂപത്തിലെ പിൻമുറക്കാരാണ് ഞാറയ്ക്കൽ മാളിയേക്കൽ കുടുംബക്കാർ. കോട്ടക്കാവ് ക്ഷേത്രം പള്ളിയായി പുനർ നിർമ്മിച്ച് സമീപം മാളിക പണിത് താമസിച്ചതിനാൽ നെടുംതള്ളി മാളിയേക്കൽ എന്ന് ഇവർ അറിയപ്പെട്ടു. ഇവരുടെ പിൻമുറക്കാരിൽ ഞാറയ്ക്കൽ വസിച്ചിരുന്ന മാളിയേക്കൽ കുടുംബത്തിൽ നിന്നാണ് കുറവിലങ്ങാട് ശങ്കൂരിക്കൽ കുടുംബത്തിലെ വറീത് എന്ന് വിളിച്ചിരുന്ന വർഗീസ് വിവാഹം ചെയ്തത്. ഇദ്ദേഹത്തിന്റെ പിൻമുറക്കാർ പടിഞ്ഞാറെ മാളിയേക്കൽ, തെക്കേ മാളിയേക്കൽ എന്നിങ്ങനെ അറിയപ്പെട്ടിരുന്നു.

കുറവിലങ്ങാട് ശങ്കൂരിക്കൽ കുടുംബത്തിലെ മൂന്ന് സഹോദരരിൽ എറണാകുളം ഞാറയ്ക്കലേയ്ക്ക് വന്ന സഹോദരന്റെ പേര് വർഗീസ് എന്നും പുളിങ്കുന്നിന് പോയ കുടുംബാംഗത്തിന്റെ പേര് മാത്തൻ എന്നും തൊടുപുഴ കരിമണ്ണൂർക്ക് പോയ സഹോദരന്റെ പേര് പൗലോസ് എന്നുമാണെന്ന് ചരിത്രത്തിൽ നിന്നും മനസിലാക്കുന്നു. പാരമ്പര്യമായി പിതാവിന്റെ പേര് മകന്റെ മൂത്ത മകന് നല്കുന്ന പാരമ്പര്യമാണ് പുരാതന ക്രൈസ്തവ കുടുംബങ്ങളിൽ നിലനിൽക്കുന്നത്. ഞാറയ്ക്കൽ ശങ്കൂരിക്കൽ കുടുംബാംഗങ്ങളിൽ വർഗീസ് എന്ന പേര് എല്ലാ തലമുറകളിലും നിലനിൽക്കുന്നുണ്ട്. തെക്കേ മാളിയേക്കൽ ശാഖയിലെ ആദ്യ കാരണവരായിരുന്ന 1730-ൽ ജനിച്ച കുഞ്ഞിപൈലോ കുഞ്ഞുവറീതിന്റെ വല്ല്യപ്പന്റെ പേരും വറീത് എന്നുതന്നെയായിരുന്നു. 1760-ൽ ജനിച്ച ഗോവർണ്ണദോറായിരുന്ന മാർ ഗീവർഗീസ് ശങ്കൂരിക്കലിന്റെ പിതാവിന്റെ പേരും വർഗീസ് എന്നുതന്നെയായിരുന്നു. പടിഞ്ഞാറെ മാളിയേക്കൽ കുടുംബത്തിലും വറീത് എന്ന പേര് ധാരാളമായി കാണുന്നുണ്ട്.

ഇക്കാരണങ്ങളാൽ കുറവിലങ്ങാട് നിന്നും ഞാറയ്ക്കൽ വന്ന ശങ്കൂരിക്കൽ കുടുംബത്തിലെ ലഭ്യമായ രേഖകൾ പരിശോധിച്ച് ആദ്യ പിതാവ് വർഗീസിൽ നിന്നും ഞാറയ്ക്കൽ ശങ്കൂരിക്കൽ കുടുംബത്തിന്റെ ചരിത്രം ആരംഭിക്കാം.

# 14. കുടുംബമഹത്വത്തിന്റെ കാരണഭൂതർ

**കൊ**ടുങ്ങല്ലൂർ അതിരൂപതാ ഭരിച്ചിരുന്ന ഗോവർണ്ണദോർ ശങ്കൂരിക്കൽ ബഹു. ഗീവർഗ്ഗീസ് മൽപ്പാനും, ഏഴ് വ്യാകുലങ്ങൾ എന്നപേരിൽ അറിയപ്പെടുന്ന കർമ്മലീത്ത നി ഷ്പാദുക സഭാംഗമായ ബഹു. പൗലോസ് ശങ്കൂരിക്കൽ അച്ചനും സഭയ്ക്കുവേണ്ടി വീരോചിത സേവനം അനുഷ്ഠിച്ചവരാണ്. ഫാ. ഏലിയാസ് റ്റി. ഒ. സി. ഡി., ഫാ. ജോസഫ് ശങ്കൂരിക്കൽ (എസ്. പി. അച്ചൻ), വൈപ്പിൻകരയിലെ പ്രഥമ അഡ്വക്കേറ്റ് ലോനപ്പൻ ശങ്കൂരിക്കലിന്റെ മക്കളായിരുന്ന. പ്രശസ്തനായ പ്രൊഫസർ എസ്.എൽ.തോമസ് എസ്.ബി. കോളേജ് ചങ്ങനാശ്ശേരി, ഫാ. ഡോ. എസ്. എൽ. പോൾ, MSFS, പ്രൊവിൻഷ്യൽ ഫാ. ആന്റണി ശങ്കൂരിക്കൽ എസ്. ജെ., മദർ മാർഗ്രറ്റ് സി എച്ച് എഫ്, മദർ ബർക്കുമാൻസ്, മദർ മേരി ക്രൂസ് സി എം സി, മദർ ഗബ്രിയേൽ സി എം സി, സിസ്റ്റർ ഒക്റ്റേവിയ സി എച്ച് എഫ്, സിസ്റ്റർ സാനിറ്റസ് സി എച്ച് എഫ്, സിസ്റ്റർ മിലാനി, സിസ്റ്റർ മേരി അസ്സീസി, സിസ്റ്റർ ബ്രിട്ടോ, സിസ്റ്റർ ബ്രിജിറ്റ് എന്നിവരും സഭാ സേവനത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച് കടന്നുപോയവരാണ്. ഇപ്പോൾ സേവന നിരതരായിട്ടുള്ള ഫാ. സെബാസ്റ്റ്യൻ, ഫാ. ജോർജ്ജ്, സിസ്റ്റർ പസ്ക്കാസിയ സി എച്ച് എഫ്, സിസ്റ്റർ ഡൊമിനിക് സി എച്ച് എഫ്, സിസ്റ്റർ ആനി ജോസ്, സിസ്റ്റർ റോസിലി എന്നിവരും നമ്മുടെ കുടുംബത്തിൽ നിന്നും സഭയ്ക്ക് വേണ്ടി നിസ്വാർത്ഥ സേവനം ചെയ്യുന്നവരാണ്.

## ഗോവർണ്ണദോർ മാർ ഗീവർഗീസ് ശങ്കൂരിക്കൽ മൽപ്പാൻ

കേരളസഭയിൽ 12-ാം നൂറ്റാണ്ട് മുതൽ വിവിധ കാലങ്ങളിൽ ഗോവർണ്ണദോർ ഭരണം നിലനിന്നിരുന്നു. പുതിയ രൂപതകളുടെ ആരംഭകാലത്തും ബിഷപ്പിന്റെ അഭാവത്തിലും സഭയിൽ ഭരണം നടത്തുന്നതിന് മാർപ്പാപ്പ അംഗീകരിച്ചിട്ടുള്ള അഡ്മിനിസ്ട്രേറ്ററാണ് ഗോവർണ്ണദോർ.

പ്രസിദ്ധസഭാ ചരിത്രകാരനും പണ്ഡിതനുമായിരുന്ന ഡോ. പ്ലാസിഡ് സി. എം. ഐ എഴുതിയ നമ്മുടെ റീത്ത് എന്ന ഗ്രന്ഥത്തിൽ പേജ് നമ്പർ 7-ൽ ശങ്കൂരിക്കൽ ഗീവർഗീസ് കത്തനാരെ കൊടുങ്ങല്ലൂർ മെത്രാപ്പോലിത്തൻ സിംഹാസനത്തിലെ ഭരണാധികാരികളുടെ ഗണത്തിൽ കരിയാറ്റിൽ മെത്രാപ്പോലീത്തായ്ക്കും പാറേമ്മാക്കൽ തോമ്മാ കത്തനാർക്കും ഒപ്പമാണ് ചേർത്തിരിക്കുന്നത്.

18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കൊടുങ്ങല്ലൂർ ഭരിച്ചിരുന്ന ശങ്കൂരിക്കൽ ബഹു. ഗീവർഗ്ഗീസ് മൽപ്പാൻ, സഭ പലതരത്തിലുള്ള പ്രതിസന്ധികളെ നേരിട്ടുകൊണ്ടിരുന്ന കാലഘട്ടത്തിൽ സഭയ്ക്ക് ധീരമായ നേതൃത്വം നല്കിയ വ്യക്തിയാണ്.

